# രജത ജൂബിലി വർഷ
# കുടുംബസംഗമവും
# വാർഷിക പൊതുയോഗവും

**2015 ഓഗസ്റ്റ് 9 ഞായറാഴ്ച 9.30 am - 4.30 pm**

*"വചനം പാദത്തിനു വിളക്കും പാതയിൽ പ്രകാശവും"*

❑ ബൈബിൾ സൊസൈറ്റിയംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും പാലാരിവട്ടം പി.ഒ.സിയിൽ ഒത്തുചേരുന്നു.

- ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആക്ടിങ്ങ് ചെയർമാൻ ജസ്റ്റിസ് സിറിയക് ജോസഫ് കഴിഞ്ഞ 25 വർഷങ്ങളിലെ വചനകൃപയെ വിലയിരുത്തുന്നു – "ബൈബിൾ പഠനം: ക്രൈസ്തവ ജീവിതത്തിന്റെ മാർഗദർശി"
- ബൈബിൾ സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവിന്റെ മുഖ്യകാർമികത്വത്തിൽ രജത ജൂബിലി കൃതജ്ഞതാബലി.

❑ വാർഷിക പൊതുയോഗം

- റിപ്പോർട്ട് അവതരണം, കണക്ക് അവതരണം, ചർച്ച.
- അന്ധർക്കായുള്ള ആക്സെസിബിൾ ബൈബിൾ, ബധിരർക്കായുള്ള സൈൻബൈബിൾ, കുട്ടികൾക്കുള്ള ബൈബിൾ മാപ്പ് ഗെയിം എന്നിവയുടെ പ്രകാശനം.
- മാജിക്ഷോ, സംഗീതനൃത്ത പരിപാടികൾ

ജൂബിലിവർഷം ആഘോഷിക്കാം!
വചനപ്പെരുമഴ എങ്ങും ചൊരിയട്ടെ!!

* പങ്കെടുക്കുന്നവരുടെ എണ്ണം ജൂലൈ 31നു മുമ്പ് ഓഫീസിൽ വിളിച്ച് അറിയിക്കുമല്ലോ (0484 2805897)

*ഓഗസ്റ്റ് 9–ാം തീയതി കാണാമെന്ന പ്രതീക്ഷയോടെ,*

**ശ്രീ. ആന്റണി പാലിമറ്റം**
വൈസ് ചെയർമാൻ

**റവ. ഡോ. ജോഷി മയ്യാറ്റിൽ**
സെക്രട്ടറി

**റവ. സി. നിമ C.T.C.**
ട്രഷറർ

**ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ**
ജോ. സെക്രട്ടറി

## കേരള കാത്തലിക് ബൈബിൾ സൊസൈറ്റിക്കു വേണ്ടിയുള്ള പ്രാർത്ഥന

*വചനത്താൽ സർവ്വവും സൃഷ്ടിച്ച പിതാവേ, അങ്ങേക്കു സ്തുതി. മാംസം ധരിച്ച വചനമേ, അങ്ങേക്ക് ആരാധന. വചനത്തിനു കന്യകാമറിയത്തിന്റെ ഉദരത്തിൽ മനുഷ്യരൂപം പ്രദാനം ചെയ്ത പരിശുദ്ധാത്മാവേ, അങ്ങേക്കു മഹത്ത്വം.*

*'പാദത്തിനു വിളക്കും പാതയിൽ പ്രകാശവു'മായ വചനം ജീവിതവീഥിയിൽ ഞങ്ങൾക്കു വഴികാട്ടിയാകട്ടെ! തമസ്സിൽനിന്നു പ്രകാശത്തിലേക്കും അസത്യത്തിൽ നിന്നു സത്യത്തിലേക്കും മൃതിയിൽനിന്ന് ജീവനിലേക്കുമുള്ള ഞങ്ങളുടെ പ്രയാണത്തെ ത്വരിതപ്പെടുത്തിയാലും. തിന്മയുടെ ഗർത്തത്തിൽ നിന്നു നന്മയുടെ തീരങ്ങളിലേക്കും ദു:ഖദുരിതങ്ങളുടെ മരുഭൂമിയിൽ നിന്നു സംതൃപ്തിയുടെ നീരുറവകളിലേക്കും അസമാധാനത്തിന്റെ യുദ്ധഭൂവിൽനിന്ന് സമാധാനത്തിന്റെ പൂവാടിയിലേക്കും ഞങ്ങൾ നീങ്ങട്ടെ.*

*കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിലൂടെ കഴിഞ്ഞ 25 വർഷങ്ങളിൽ ഞങ്ങൾക്ക് അങ്ങു തന്ന വചനകൃപകളെയോർത്ത് ഞങ്ങൾ അങ്ങേയ്ക്ക് നന്ദി പറയുന്നു. വചനം വായിക്കാനും ധ്യാനിക്കാനും ഗ്രഹിക്കാനും ജീവിക്കാനും ഞങ്ങളെ ഇനിയും പ്രചോദിപ്പിക്കണമേ. സഭാമക്കൾ എല്ലാവരും സൊസൈറ്റിയിൽ അംഗങ്ങളായി ചേരുന്നതിനും ക്രൈസ്തവസമൂഹത്തിന്റെ വിശ്വാസസാക്ഷ്യമായി ഞങ്ങളുടെ പ്രവർത്തനങ്ങൾ മാറുന്നതിനും ഇടയാക്കണമേ. എല്ലാ സൊസൈറ്റി അംഗങ്ങളിലും സാരഥികളിലും വചനപ്രചോദിതമായ ഉണർവ്വും പ്രേഷിതതീക്ഷ്ണതയും ഉളവാക്കണമേ. നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, ആമ്മേൻ.*

## ശ്രവ്യബൈബിൾ എങ്ങും തരംഗമാകുന്നു




കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഈ വർഷം പുറത്തിറക്കിയ ശ്രവ്യബൈബിൾ ജനഹൃദയങ്ങളെ കീഴടക്കിയിരിക്കുന്നു. ഇതിൽ 150 സങ്കീർത്തനങ്ങളും ഗാനരൂപത്തിലാണ്. 14 സി.ഡികൾ അടങ്ങുന്ന പായ്ക്കും 2 ഡി.വി.ഡികൾ അടങ്ങുന്ന പായ്ക്കും 8 ജി.ബി. പെൻഡ്രൈവും മനം കവരുന്നവയാണ്. ഇതിന് പിന്നിൽ പ്രവർത്തിച്ച കലാകാരന്മാർക്ക് അഭിനന്ദനങ്ങൾ!

# വചനത്തിലൂടെ ക്രിസ്തുസാന്നിധ്യവും സാക്ഷ്യവും പകരണം:

## ആർച്ച്ബിഷപ് സൂസൈപാക്യം



കൊച്ചി: വചനം പങ്കുവയ്ക്കപ്പെടുന്നതിലൂടെ മറ്റുള്ളവർക്കു ക്രിസ്തുവിന്റെ സാന്നിധ്യം പകരാൻ ബൈബിൾ പ്രേഷിതരംഗത്തുള്ളവർക്കു സാധിക്കണമെന്നു ആർച്ച്ബിഷപ് ഡോ. എം. സൂസൈപാക്യം. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 23-ാമതു വാർഷിക പൊതുയോഗം പിഒസിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദൈവവചനശക്തി നമ്മിലും നമ്മുടെ ചുറ്റിലും പ്രസരിക്കാനുള്ള ദൈവത്തിന്റെ ശക്തമായ ആഗ്രഹവും ആഹ്വാനവുമാണ് ജൂബിലിക്കാലം. ആത്മപരിശോധനയോടെ വചനമേഖലയിൽ വ്യാപരിക്കാൻ പിതാവ് ഏവരെയും ആഹ്വാനം ചെയ്തു. യേശുവിന്റെ ശൈലിയായിരിക്കണം നമ്മുടെയും ശൈലി. എല്ലാവരോടുമുള്ള സ്നേഹവും നഷ്ടപ്പെട്ടതിനെ അന്വേഷിക്കലും പൂർണമായി ക്ഷമിക്കലും സാഹചര്യങ്ങളെ ശുദ്ധീകരിക്കാനുള്ള പ്രതിബദ്ധതയും യേശുവിന്റെ അടിസ്ഥാനശൈലിയായിരുന്നു. യേശുവിന്റെ ചൈതന്യമില്ലാതിരുന്നാൽ വചനശക്തി നമ്മിൽ പ്രകടമാകില്ല. ഇന്ന് വിളക്കുകൾ ഉണ്ട്; വെളിച്ചമില്ല. മാവ് ഏറെയുണ്ട്; പുളിപ്പില്ല. ഉപ്പ് ധാരാളമുണ്ട്; ഉറയില്ല. യേശു സാന്നിധ്യം ഈ അവസ്ഥയ്ക്കു മാറ്റമുണ്ടാക്കും. ഇത്തരം ഒരു മാറ്റത്തിന് സ്വയം വിധേയമാകാതെയുള്ള വിമർശനങ്ങളും പ്രതികരണങ്ങളും വ്യക്തിക്കും സഭയ്ക്കും സമൂഹത്തിനും ഗുണകരമാകില്ല. കൂടുതൽ ഫലപ്രദമായി ബൈബിൾ പ്രേഷിത ദൗത്യം നിർവഹിക്കാൻ സഭാമക്കൾക്കാവണം. ആധുനിക സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ബൈബിൾ പ്രേഷിതത്വം നടത്തുമ്പോഴും ജീവിതത്തിൽ യേശുവിനെ അനുഭവിക്കാനും പകരാനും സാധിക്കേണ്ടതുണ്ട്. ബാഹ്യമായ പ്രവർത്തനങ്ങളെക്കാൾ ക്രിസ്തുവാകുന്ന വെളിച്ചം ജീവിതത്തിലും സമൂഹത്തിലും പ്രകാശിപ്പിക്കുന്നതിനാണു പ്രാധാന്യം നൽകേണ്ടതെന്നും ആർച്ച്ബിഷപ് ഓർമിപ്പിച്ചു.



# കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 2014–2015 ലെ വാർഷിക റിപ്പോർട്ട്

കേരള സഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചുപ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി 1990–ൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 25 വർഷങ്ങൾ പിന്നിടുന്നു. കേരളസഭയിൽ സഭാമക്കളുടെ പങ്കാളിത്തത്തോടെ വിശുദ്ധഗ്രന്ഥശുശ്രൂഷയിൽ വിപ്ലവകരമായ മുന്നേറ്റങ്ങൾ നടത്തിയ ബൈബിൾ സൊസൈറ്റിയുടെ 24–ാമത് വാർഷിക റിപ്പോർട്ട് ഞാനിവിടെ അവതരിപ്പിക്കട്ടെ. 2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലഘട്ടത്തിലെ സൊസൈറ്റിയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

**യോഗങ്ങൾ**

2014–2015 പ്രവർത്തനവർഷത്തിൽ വാർഷിക പൊതുയോഗവും (26 ജൂലൈ 2014) 5 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (30 മെയ് 2014; 8 ജൂലൈ 2014, 11 ഒക്ടോബർ 2014; 22 നവംബർ 2014; 5 മാർച്ച് 2015;) 2 മാനേജിംഗ് കൗൺസിൽ യോഗങ്ങളും (26 ജൂലൈ 2014; 11 ഒക്ടോബർ 2014) ചേരുകയുണ്ടായി.

**1. എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം 30.05.2014**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2014 മെയ് 30ന് രാത്രി 9 മണിക്ക് തിരുവനന്തപുരം ആർച്ച് ബിഷപ്പ്സ് ഹൗസിൽ വച്ച് അഭിവന്ദ്യ ചെയർമാൻ സൂസൈപാക്യം പിതാവിന്റെ അധ്യക്ഷതയിൽ കൂടുകയുണ്ടായി. 11 എക്സിക്യൂട്ടിവ് അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. ശ്രീ. ലിയോ ടോം നയിച്ച പ്രാർത്ഥനയോടു കൂടി യോഗം ആരംഭിച്ചു. പിതാവു തന്നെ സ്വാഗതം ആശംസിക്കുകയും എക്സിക്യൂട്ടിവ് അംഗങ്ങളുടെ പ്രേഷിതതീക്ഷ്ണതയെ പ്രശംസിക്കുകയും ചെയ്തു. ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം റിപ്പോർട്ട് പാസാക്കി. തുടർന്ന് ചർച്ച ആരംഭിച്ചു.

*1. മാർ ജോർജ് പുന്നക്കോട്ടിൽ എൻഡോവ്മെന്റ്*

ബൈബിൾ മേഖലയിലെ സർഗാത്മക സൃഷ്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ഏർപ്പെടുത്തുന്ന മാർ ജോർജ് പുന്നക്കോട്ടിൽ എൻഡോവ്മെന്റിനുള്ള മൂന്നു ലക്ഷം രൂപ പുന്നക്കോട്ടിൽ ഫാമിലിയിൽ നിന്നും കോതമംഗലം ബിഷപ്പ്സ് ഹൗസിൽ നിന്നും ലഭിച്ചതായി സെക്രട്ടറി അറിയിച്ചു. ഇതിൽ നിന്ന് ലഭിക്കുന്ന പലിശ ഉപയോഗിച്ച് 25,000/– രൂപ അവാർഡു തുകയായി നല്കാൻ കഴിയുമെന്നും അച്ചൻ പറഞ്ഞു. അവാർഡ് നല്കുന്നതിനുവേണ്ട മാനദണ്ഡങ്ങൾ എഴുതി തയ്യാറാക്കണമെന്ന് പിതാവ് ആവശ്യപ്പെട്ടു.

ലോഗോസ് പ്രതിഭയ്ക്ക് നല്കിക്കൊണ്ടിരിക്കുന്ന പാലയ്ക്കൽ തോമാ മല്പാൻ അവാർഡിന്റെ തുക വർദ്ധിപ്പിക്കാൻ പാലയ്ക്കൽ കുടുംബയോഗം നിശ്ചയിച്ചിരിക്കുന്നെന്നും ശ്രീ. പി. വി. ചാക്കോ കൺവീനറായുള്ള ഒരു കമ്മിറ്റിയെ രൂപീകരിച്ചിരിക്കുന്നെന്നും അറിയിച്ചുകൊണ്ടുള്ള കത്ത് യോഗത്തിൽ വായിക്കുകയുണ്ടായി.

*2. ബൈബിൾ സൊസൈറ്റിയുടെ ജൂബിലി*

ബൈബിൾ സൊസൈറ്റിയുടെ ജൂബിലി ഉദ്ഘാടനം 2014 നവംബർ 30നും സമാപനസമ്മേളനം 2015 ഡിസംബർ 27നും നടത്താൻ തീരുമാനമായി. ജൂബിലിയോടനുബന്ധിച്ചുള്ള 25,000 മെമ്പർഷിപ്പ് എന്ന ആശയത്തെ യാഥാർത്ഥ്യമാക്കുന്നതിനുള്ള ശ്രമങ്ങളെക്കുറിച്ച് യോഗത്തിൽ ചർച്ചനടന്നു. ഇടവകകളിൽ നടത്തുന്ന മെമ്പർഷിപ്പ് ക്യാമ്പയിൻ വളരെ നന്നായി മുന്നോട്ടു പോകുന്നതായി സെക്രട്ടറിയച്ചൻ അറിയിച്ചു. എല്ലാ രൂപതകളിലും ഇതുപോലെ ക്യാമ്പയിൻ വച്ചാൽ നന്നായിരിക്കുമെന്ന് പിതാവ് പറഞ്ഞു. താമരശ്ശേരി, തലശ്ശേരി, കണ്ണൂർ, കോഴിക്കോട് എന്നീ രൂപതകളിൽ സൊസൈറ്റി അംഗങ്ങളെ വിളിച്ചുകൂട്ടുന്നതിനുള്ള ക്രമീകരണങ്ങൾ ഉടനെ ചെയ്യുന്നതാണെന്ന് ശ്രീ. മാത്യു പ്ലാത്തോട്ടം പറഞ്ഞു. രൂപതകളിൽ പ്രൊമോട്ടർമാരുടെ എണ്ണം വർദ്ധിക്കേണ്ടതുണ്ട്. ബൈബിൾ സൊസൈറ്റിയംഗങ്ങളെ അതതു രൂപതകളിൽ വിളിച്ചുകൂട്ടുന്നതും

അംഗത്വവർദ്ധനവിനിടയാക്കും. അംഗങ്ങളെ ഫോണിൽ വിളിച്ചുബന്ധപ്പെടാൻ ഒരാളെ വേതനം നല്കി നിയോഗിക്കേണ്ടതാണെന്ന് ശ്രീ. ലിയോ ടോം അഭിപ്രായപ്പെട്ടു. 14000 അംഗങ്ങളെ പുതുതായി ലഭിക്കണമെങ്കിൽ ഇപ്പോഴുള്ള ശൈമലേഴ്യ കൾ പോരാ എന്ന് സെക്രട്ടറി വ്യക്തമാക്കി. ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് വരുന്ന എക്സി ക്യൂട്ടിവ് യോഗത്തിൽ അവതരിപ്പിക്കാൻ തീരുമാനമായി.

അന്ധർക്കുവേണ്ടിയുള്ള ആക്സെസിബിൾ ബൈബിളിന്റെ സാംപിൾ ഡെയ്സി ആപ്ലിക്കേഷനിൽ തയ്യാറാക്കുന്നതിനുള്ള ക്വട്ടേഷൻ ശ്രീ. സച്ചിൻ ആന്റണി അവതരിപ്പിച്ചു. അന്ധരെ കൊണ്ടുതന്നെ അതിന്റെ കാര്യക്ഷമത വിലയിരുത്തിവേണം മുന്നോട്ടു നീങ്ങാനെന്ന് ശ്രീ. ജോസഫ് പന്തപ്ലാക്കൽ പറഞ്ഞു. സാമ്പിൾ തയ്യാറാക്കാനുള്ള അനുമതി ശ്രീ. സച്ചിന്റെ നേതൃത്വത്തിലുള്ള ടീമിനു നല്കി.

ജൂലൈ 26-ാം തീയതി രാവിലെ 10 മണിക്ക് മാനേജിങ്ങ് കൗൺസിൽ യോഗവും ഉച്ചകഴിഞ്ഞ് 2 മണിക്ക് ജനറൽബോഡി യോഗവും നടക്കും. ജനറൽബോഡി യോഗത്തിൽ അംഗങ്ങളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ എന്തു ചെയ്യണമെന്നതിനെക്കുറിച്ച് ചർച്ചകൾ നടന്നു.

രൂപതാതലത്തിലുള്ള ലോഗോസ് ക്വിസ് സെപ്തംബർ 28ന് ഉച്ചകഴിഞ്ഞ് 2.00 മണിക്കും സംസ്ഥാനതലത്തിലുള്ള ക്വിസ് നവംബർ 29, 30 തീയതികളിലും ആയിരിക്കുമെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

കഴിഞ്ഞ സാമ്പത്തികവർഷത്തിൽ സൗത്ത് ഇൻഡ്യൻ ബാങ്കിൽ നിന്ന് ബൈബിൾ റീഡിംങ്ങ് കലണ്ടറിനുവേണ്ടി ചെലവാക്കിയ മുഴുവൻ തുകയും സ്പോൺസർഷിപ്പായി ലഭിക്കുകയുണ്ടായി.

ഓഡിയോ ബൈബിളിന്റെ റെക്കോഡിങ്ങ് പൂർത്തിയായിരിക്കുകയാണെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. സമ്പൂർണ ഓഡിയോ ബൈബിൾ ഇനി വ്യത്യസ്ത ളീൃാമ കളിൽ ജനത്തിന്റെ പക്കൽ എത്തിക്കാനാകും. ഡ്ഢഉ, ഇഉ, പെൻഡ്രൈവ്, നെറ്റ് ആപ്ലിക്കേഷൻ എന്നിവ പദ്ധതിയിലുണ്ട്. സങ്കീർത്തനങ്ങൾക്കുള്ള ചെലവു മുഴുവൻ ശ്രീ. ടോണി ജോർജ് വഹിക്കുന്നതിനാൽ അതു സൗജന്യമായി ആർക്കും ഡൗൺലോഡു ചെയ്യാവുന്ന വിധത്തിൽ ലഭ്യമാക്കും. ചർച്ചകൾക്കുശേഷം 11 മണിയോടുകൂടി യോഗം അവസാനിച്ചു.

**2. എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം 08.07.2014**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2014 ജൂലൈ 8ന് ഉച്ചയ്ക്ക് 1.30ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ശ്രീ. ജോസഫ് പന്തപ്ലാക്കൽ നയിച്ച ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിൽ 10 അംഗങ്ങൾ പങ്കെടുത്തു. സെക്രട്ടറിയച്ചൻ പി.ഒ.സി.യുടെ പുതിയ ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ടിനും മറ്റ് എല്ലാ അംഗങ്ങൾക്കും സ്വാഗതം ആശംസിച്ചു.

ജൂബിലിവർഷത്തിനായുള്ള പദ്ധതിയിടലിന്റെ അവസാനനിമിഷങ്ങളിലാണു നാമെന്നും അതിനാൽത്തന്നെ ഈ എക്സിക്യൂട്ടീവ് മീറ്റിങ്ങ് ഏറെ പ്രധാനപ്പെട്ടതാണെന്നും ശ്രീ. ആന്റണി പാലിമറ്റം തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. ജൂബിലിവർഷത്തോടനുബന്ധിച്ച് അംഗങ്ങളുടെ എണ്ണം 25000 ആക്കി ഉയർത്തുന്നതിനുവേണ്ടി ശ്രീമതി ജാൻസി ജേക്കബ്, ശ്രീമതി കൊച്ചുത്രേസ്യാ സൈമൺ, ശ്രീമതി സനൽ അഗസ്റ്റിൻ എന്നിവരുടെ നേതൃത്വത്തിലുള്ള തീക്ഷ്ണമായ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. ജോഷിയച്ചന്റെ നേതൃത്വത്തിൽ നടക്കുന്ന ഇടവക ക്യാമ്പെയിനുകളിൽ ഡയറക്ടറച്ചൻമാരുടെ പങ്കാളിത്തം വളരെ പ്രോത്സാഹനജനകമാണ്. മറ്റു സബ്കമ്മിറ്റികളും ഉണർന്നു പ്രവർത്തിച്ചാൽ ജൂബിലിക്കാലം ഏറെ ഫലപ്രദമാകുമെന്ന് വൈസ് ചെയർമാൻ പ്രസ്താവിച്ചു.

ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ കേരളസഭയ്ക്ക് വലിയ മുതൽക്കൂട്ടാണെന്നും ബൈബിൾ സൊസൈറ്റി ഈ കാലഘട്ടത്തിന്റെ ചൈതന്യവും നവീനതയും ഉൾക്കൊണ്ടിട്ടുണ്ടെന്നും പി.ഒ.സി. ഡയറക്ടർ ബഹു. വർഗീസ് വള്ളിക്കാട്ടച്ചൻ പ്രസ്താവിച്ചു. ബൈബിൾ കുറഞ്ഞവിലയ്ക്ക് ജനങ്ങളിൽ എത്തിക്കാൻ അംഗത്വവർദ്ധന അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. അക്രൈസ്തവരായ ആളു

കൾ ബൈബിൾ വായിക്കാനും പഠിക്കാനും തത്പരരാണ്. അക്രൈസ്തവരായ സാഹിത്യകാരൻമാർ നമ്മെ അതിശയിപ്പിക്കുന്നത്ര ഉൾക്കാഴ്ചയാണ് ബൈബിൾ ബിംബങ്ങളിലൂടെ അവതരിപ്പിക്കുന്നതെന്നും അക്രൈസ്തവർക്കിടയിൽ സൗജന്യമായി ബൈബിൾ എത്തിക്കാൻ സൊസൈറ്റി കൂടുതൽ ശ്രദ്ധിക്കണമെന്നും വള്ളിക്കാട്ടച്ചൻ തന്റെ പ്രസംഗത്തിൽ പറഞ്ഞു.

ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. യോഗം അതു പാസാക്കി. റവ. സി. നിമ സി.ടി.സി. അവതരിപ്പിച്ച വരവുചെലവു കണക്കുകൾ യോഗം പാസാക്കി. വരുന്ന വർഷത്തേക്കുള്ള ബഡ്ജറ്റ് ട്രഷറർ യോഗത്തിൽ അവതരിപ്പിച്ചു. പിന്നീട് ചർച്ചയായിരുന്നു.

1. എൻഡോവ്മെന്റിന് മാർ ജോർജ് പുന്നക്കോട്ടിൽ വചന പ്രതിഭ അവാർഡ് എന്ന പേര് നല്ലതാണെന്ന് യോഗം അഭിപ്രായപ്പെട്ടെങ്കിലും ബൈബിൾ അപ്പോസ്തലേറ്റ് ഡയറ്കടർമാരുടെയും മാനേജിങ്ങ് കൗൺസിൽ അംഗങ്ങളുടെയും പരിഗണനയ്ക്ക് ഇതു വയ്ക്കാം എന്ന് സെക്രട്ടറി പറഞ്ഞു. ബൈബിൾ സാഹിത്യം, ബൈബിൾ കലകൾ, ബൈബിൾ ഗെയിംസ്, ഡിജിറ്റൽ ബൈബിൾ, സൈബർ ബൈബിൾ എന്നീ മേഖലകളിലുള്ള സർഗാത്മക സംഭാവനകൾക്കാണ് അവാർഡു നല്കുന്നത്. തുടക്കത്തിൽ അഞ്ചിനങ്ങൾക്കും കൂടി ഒരു അവാർഡ് ആയിരിക്കും നല്ലത് എന്ന ഉപദേശമാണ് തനിക്കു ലഭിച്ചിട്ടുള്ളത് എന്നു സെക്രട്ടറി വ്യക്തമാക്കി. എന്നാൽ സമാനമായ രണ്ടോ മൂന്നോ മേഖലകൾക്ക് ഒരു വർഷവും മറ്റു മേഖ ലകൾക്ക് അടുത്ത വർഷവും എന്ന നിലപാടായിരിക്കും നല്ലതെന്ന് റവ. ഡോ. അഗസ്റ്റിൻ കുറ്റിയാനി അഭിപ്രായപ്പെട്ടു. ജാതിമതഭേദമന്യേയും പ്രായപരിധി വയ്ക്കാതെയും എല്ലാവരെയും പങ്കെടുപ്പിക്കുന്നത് നല്ലതായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ജനകീയതയും (ůീൗഹമൃശ്യേ) ക്രിയാത്മകതയും (രൃലമശേ്ശ്യേ) വിശ്വസ്തതയും (യശയഹശരമഹ ഉശഹേഹശ്യേ) ആയിരിക്കണം അവാർഡു നിർണയത്തിന്റെ മാനദണ്ഡങ്ങൾ. തുടർ ചർച്ചകൾക്കുശേഷം അവാർഡിന്റെ വിശദവിവരങ്ങൾ എഴുതി തയ്യാറാക്കുന്നതാണെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

2. പാലയ്ക്കൽ കുടുംബയോഗത്തിൽ നിന്ന് തോമാ മല്പാൻ എൻഡോവ്മെന്റ് തുക 2,50,000/- രൂപയും കൂടി കിട്ടി എന്നും ഇപ്പോൾ മൊത്തത്തിൽ 3,75,000/- രൂപ ലോഗോസ് പ്രതിഭാ എൻഡോവ്മെന്റായി സ്ഥിരനിക്ഷേപമുണ്ടെന്നും 2015 ലെ ലോഗോസ് പ്രതിഭയ്ക്ക് 25,000/- രൂപ ക്യാഷ് അവാർഡ് നല്കാൻ സാധിക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

3. ജൂബിലി വർഷത്തെക്കുറിച്ചുള്ള ചർച്ച:

*a) അംഗത്വശേഖരണ ക്യാമ്പെയിൻ സ്ട്രാറ്റജി:*

6 മാസം കൊണ്ട് 15,000 മെമ്പർഷിപ്പ് എന്നത് പ്രാർത്ഥനയും കഠിനാധ്വാനവും കൊണ്ടു സാധിച്ചെടുക്കാവുന്നതേയുള്ളൂ എന്നു ശ്രീമതി ജാൻസി ജേക്കബ് അഭിപ്രായപ്പെട്ടു. അതിനുവേണ്ടി പ്രേഷിത മനോഭാവമുള്ള യുവജനങ്ങളുടെ ഒരു ഗ്രൂപ്പ് സജ്ജമാക്കിയിട്ടുണ്ട്. അംഗത്വശേഖരണത്തിനുള്ള ്യൈമലേഴ്യ യോഗത്തിൽ വായിച്ചു കേൾപ്പിച്ചു. ഓരോ രൂപതയിൽ നിന്ന് 25 പ്രൊമോട്ടർമാരെ നിയമിച്ചാൽ അംഗത്വശേഖരണം എളുപ്പമാകും. ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കൊച്ചി, എറണാകുളം, വരാപ്പുഴ, ആലപ്പുഴ എന്നീ രൂപതകളിൽ 25 പ്രൊമോട്ടർമാരെ വീതം നിയമിക്കാൻ ശ്രമങ്ങളുണ്ടാകും. ബൈബിൾ അപ്പോസ്തലേറ്റു ഡയറക്ടർമാരുടെ അനുവാദത്തോടും രൂപതകളിൽ നിന്നുള്ള മാനേജിങ്ങ് കൗൺസിൽ അംഗങ്ങളുടെ പങ്കാളിത്തത്തോടും കൂടിയായിരിക്കും ഇതു ചെയ്യുന്നത്. ആഗസ്റ്റ് 30-ാം തീയതി ഇവരെ ഒന്നിച്ചു വിളിച്ചുകൂട്ടി കൂടുതൽ ഉണർവോടെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കണം. സെപ്റ്റംബർ മാസത്തിൽ 50 പേരെ ചേർക്കുന്ന എല്ലാവർക്കും ഒരു സമ്മാനം നല്കുന്നതു നന്നായിരിക്കും. ക്രൈസ്തവ മാനേജുമെന്റിനുകീഴിലുള്ള സ്കൂളുകളിൽ അധ്യാപകർക്കിടയിൽ കാമ്പെയിൻ നടത്താവുന്നതാണ്. കാമ്പെയിന്റെ ഭാഗമായി സോഷ്യൽ മീഡിയകളിലൂടെ വീഡിയോകൾ, ചിത്രങ്ങൾ എന്നിവ പ്രചരിപ്പിക്കണം. രൂപതകളിൽ ബൈബിൾ അപ്പോസ്തലേറ്റു ഡയറക്ടറുടെ നേതൃത്വത്തിൽ മാനേജിങ്ങ് കൗൺസിലംഗങ്ങൾ, പ്രൊമോട്ടർമാർ എന്നിവരുടെ ഒരു ടീം ക്യാമ്പെയിൻ നടത്തിയാൽ ഏറെ ഫലപ്രദമായിരിക്കും. കേരളത്തിലെ മറ്റു രൂപതകളിലും പ്രൊമോട്ടർമാരെ കണ്ടെത്താനോ അംഗത്വശേഖരണത്തിനോ

മേൽപറഞ്ഞ ടീം സഹായിക്കാനും സഹകരിക്കാനും സന്നദ്ധമായിരിക്കും. 12 പേരുടെ ടീമിൽ ഉൾപ്പെടുന്നവർ: ജാൻസി ജേക്കബ്, റോബിൻദാസ്, സനൽ അഗസ്റ്റിൻ, വി. ഇ. അഗസ്റ്റിൻ, നിഖിൽ അഗസ്റ്റിൻ, ഷെൽറ്റൻ ഡേവിസ്, നിമേഷ് ജോസ്, രേഖ റോബിൻ, ജോഷി ഫ്രാൻസിസ്, ജിതിൻ എസ്. പി., നിഷിമ മരിയ അഗസ്റ്റിൻ, അലൻ.
മെമ്പർഷിപ്പ് ക്യാമ്പെയിനുവേണ്ടി ഒരു ഫണ്ട് മാറ്റിവച്ച്, പ്രവർത്തിക്കുന്നവർക്കാവശ്യമായ തുക അതിൽനിന്നും നല്കണമെന്ന അഗസ്റ്റിൻ കുറ്റിയാനിയച്ചന്റെ നിർദ്ദേശം ഏവർക്കും സ്വീകാര്യമായി. ചെലവിനെക്കുറിച്ചുള്ള ഒരു ഏകദേശധാരണ ലഭിക്കാനുതകുന്ന പ്രൊപ്പോസൽ തയ്യാറാക്കാൻ ശ്രീമതി ജാൻസി ജേക്കബിനെ ഭരമേല്പിച്ചു.

*b. ജൂബിലി സ്മരണിക*

എഡിറ്റോറിയൽ ബോർഡിന്റെ കൺവീനറായി ശ്രീ. സാബു ജോസിനെയും കമ്മിറ്റിയംഗങ്ങളായി ശ്രീ. സിജോ പൈനേടത്തിനെയും ശ്രീ. മാത്യു പ്ലാത്തോട്ടത്തെയും നിയോഗിക്കാൻ യോഗം തീരുമാനിച്ചു. സൊസൈറ്റി ഭാരവാഹികളും അതിൽ അംഗങ്ങളായിരിക്കും.

*c. ഓരോ മാസത്തെയും പ്രോഗ്രാമുകൾ:*

ഡിസംബർ 2014: ബൈബിൾ പാരായണ മാസമായ ഡിസംബർ ബെസ്റ്റ് പ്രൊമോട്ടർ മാസമായി പ്രഖ്യാപിക്കാവുന്നതാണ്. ബൈബിൾ കലോത്സവവും ഈ മാസത്തിലുണ്ട്. ബൈബിൾ കലോത്സവം തിരുവനന്തപുരത്തു വച്ചാണ് നടത്തുന്നത്. വചനപ്രതിഭാ അവാർഡിനുള്ള എൻട്രികൾ ഈ മാസത്തിൽ ക്ഷണിക്കും.

ജനുവരി 2015: 16 മുതൽ 25 വരെ പ്രായമുള്ള യുവതീയുവാക്കൾക്കായി യുവജനങ്ങളും ബൈബിളും എന്ന പ്രോഗ്രാം.

ഫെബ്രുവരി 2015: ഗഇങടെ മായി സഹകരിച്ച് സന്ന്യസ്തർക്കായി ഒരു ബൈബിൾപഠന ശില്പശാല.

മാർച്ച് 2015: കത്തോലിക്കാ കോളേജുകളിൽ ബൈബിൾ കലാമത്സരങ്ങൾ

ഏപ്രിൽ 2015: കളേഴ്സ് ഓഫ് ബൈബിൾ: കൊച്ചുകുട്ടികൾക്കായി ബൈബിൾ പെയിന്റിങ്ങ് മത്സരം.

മെയ് 2015: അല്മായ ധ്യാനഗുരുക്കൻമാർക്കും കൗൺസിലേഴ്സിനും റിട്ടയേർഡ് ടീച്ചേഴ്സിനുമായി ബൈബിൾ പഠന ക്ലാസ്സ്.

ജൂൺ 2015: ബൈബിളും കുടുംബവും എന്ന വിഷയത്തെ അധികരിച്ച് ഒരു ശില്പശാല; രൂപതതലത്തിൽ ബൈബിൾ എക്സിബിഷൻ മത്സരങ്ങൾ.

ജൂലൈ 2015: ജൂബിലി വർഷത്തിലെ ജനറൽബോഡി ഒരു ഏകദിന പരിപാടിയായി സാഘോഷം നടത്തണം. വചന പ്രതിഭാ അവാർഡ് അന്നു സമ്മാനിക്കാവുന്നതാണ്.

ആഗസ്റ്റ് 2015: അന്ധരെയും ബധിരരെയും മൂകരെയും പങ്കെടുപ്പിച്ച് ഒരു ബൈബിൾ പ്രോഗ്രാം. ആക്സസിബിൾ ബൈബിളിന്റെയും, സൈൻ ബൈബിൾ തയ്യാറാകുമെങ്കിൽ, അതിന്റെയും പ്രകാശനം പിതാക്കന്മാരുടെ സാന്നിധ്യത്തിൽ.

സെപ്റ്റംബർ 2015: ബൈബിൾ പണ്ഡിതരുടെ ശില്പശാല, ലീനിയർ ബൈബിളി (ഗ്രീക്കും – മലയാളവും) ന്റെ പ്രകാശനം തദവസരത്തിൽ നടത്താവുന്നതാണ്. സെമിനാരി വിദ്യാർത്ഥികൾക്കായുള്ള ബൈബിൾ മത്സരങ്ങൾ.

ഒക്ടോബർ 2015: ഠമ ആശയഹശമ ബൈബിൾ പ്രദർശനവും ബൈബിൾ സംബന്ധിയായ സാഹിത്യ പ്രദർശനവും.

നവംബർ 2015: ലോഗോസ് ഗ്രാന്റ് ഫിനാലെ; സ്റ്റഡി ബൈബിളിന്റെ പ്രകാശനം; ജൂബിലി സ്മരണികയുടെ പ്രകാശനം.

ഡിസംബർ 2015: ബൈബിൾ പാരായണ മാസം; അഖണ്ഡ ബൈബിൾ പാരായണയജ്ഞം; ജൂബിലി സമാപനം 2015 ഡിസംബർ 27–ാം തീയതി.

4. Accessible Bible: അന്ധർക്കുവേണ്ടിയുള്ള ആക്സെസിബിൾ ബൈബിളിന്റെ പ്രവർത്തനരീതി ശ്രീ. ആന്റണി സച്ചിനും ശ്രീ. ജോൺസണും പ്രൊജക്ടറിന്റെ സഹായത്തോടെ വിവരിച്ചുതന്നു. അന്ധർതന്നെ അതിന്റെ പ്രവർത്തനക്ഷമത വിലയിരുത്തേണ്ടതാണെന്ന് ശ്രീ. ജോസഫ് പന്തപ്ലാക്കൽ അഭിപ്രായപ്പെട്ടു. 100% user friendly ആണെന്ന് ബോധ്യപ്പെട്ടാൽ പുതിയനിയമം മുഴുവൻ ഇത്തരത്തിൽ തയ്യാറാക്കാം.

5. ജനറൽ ബോഡിയോഗത്തിൽ ആളുകളെ പങ്കെടുപ്പിക്കാനുള്ള മാർഗങ്ങളെക്കു

റിച്ച് യോഗം ചിന്തിച്ചു. പ്രൊമോട്ടേഴ്സിന് ഇക്കാര്യത്തിൽ ഏറെ ചെയ്യാനാവും. 300 പേരെങ്കിലും 26–ാം തീയതി നടക്കുന്ന വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുമെന്ന് ഉറപ്പു വരുത്താൻ സെക്രട്ടറി ഏവരെയും ആഹ്വാനം ചെയ്തു.

6. പാറ്റ്ന രൂപതയിലെ ഫാ. ഫിലിപ്പ് കട്ടക്കയം ഹിന്ദിഭാഷയിൽ ലോഗോസ് ക്വിസ് അവിടെ നടത്തുന്നതിനെക്കുറിച്ച് താനുമായി ചർച്ച ചെയ്തെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ഹിന്ദിയിൽ ചോദ്യങ്ങൾ തയ്യാറാക്കിയാൽ സാവധാനം വടക്കേ ഇന്ത്യ മുഴുവനും ലോഗോസ് വ്യാപിക്കാൻ സാധ്യതയുണ്ടെന്നും അറിയിച്ചു. യോഗം സന്തോഷപൂർവം അത് അംഗീകരിച്ചു.

2014 ജൂണിലെ ബെസ്റ്റ് പ്രൊമോട്ടർമാരെ യോഗം അഭിനന്ദിച്ചു. ജൂബിലിക്കാലം ബൈബിൾ സംബന്ധിയായ പുസ്തക പ്രസിദ്ധീകരണങ്ങളുടെ നല്ലൊരു സമയമാണെന്നും പലരും തങ്ങളുടെ ഗ്രന്ഥങ്ങൾ സൊസൈറ്റിയെ ഏല്പിക്കാൻ തയ്യാറായിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു.

ശ്രീമതി കൊച്ചുത്രേസ്യ എല്ലാവർക്കും കൃതജ്ഞതയർപ്പിച്ചു. വൈകീട്ട് നാലേമുക്കാലോടെ യോഗം അവസാനിച്ചു.

**3. മാനേജിങ്ങ് കൗൺസിൽ യോഗം 26.07.2014**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിങ്ങ് കൗൺസിൽ യോഗം 2014 ജൂലൈ 26 രാവിലെ 10.30ന് ചെയർമാൻ പിതാവിന്റെ അധ്യക്ഷതയിൽ ശ്രീമതി സനിൽ അഗസ്റ്റിന്റെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിൽ 32 അംഗങ്ങൾ പങ്കെടുത്തു. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം എല്ലാവർക്കും സ്വാഗതം ആശംസിച്ചു.

ചെയർമാൻ പിതാവ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പി.ഒ.സി.യുടെ ഡയറക്ടറായി നിയമിതനായ വർഗീസ് വള്ളിക്കാട്ടച്ചന് അനുമോദനങ്ങളും ആശംസകളും നേർന്നു. മാനേജിങ്ങ് കൗൺസിൽ അംഗങ്ങളുടെ, പ്രത്യേകിച്ച് അല്മായസഹോദരങ്ങളുടെ, അർപ്പണബോധത്തെയും പ്രേഷിത തീക്ഷ്ണതയെയും പിതാവ് പ്രശംസിക്കുകയും ജൂബിലിക്കാലഘട്ടത്തിൽ കൂടുതൽ ആത്മനിറവോടെ പ്രവർത്തിക്കാനും ദൈവവചനത്തിന്റെ പ്രചാരകരാകാനും ഏവരെയും ആഹ്വാനം ചെയ്യുകയും ചെയ്തു.

ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ മുൻയോഗറിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും വായിച്ചു. യോഗം അത് പാസാക്കി. ട്രഷറർ റവ. സി. നിമ സി.ടി.സി. വാർഷിക കണക്കും ബഡ്ജറ്റും അവതരിപ്പിച്ചു. ബുള്ളറ്റിനുവേണ്ടി വാങ്ങുന്ന സ്റ്റാമ്പിന്റെ കാര്യത്തിലും വിശുദ്ധനാട് തീർത്ഥാടനത്തിനുള്ള ലാഭത്തിന്റെ കാര്യത്തിലും ട്രഷറർ വിശദീകരണങ്ങൾ നല്കി. യോഗം കണക്കും ബഡ്ജറ്റും പാസാക്കി.

അറിയിപ്പുകളുടെ സമയത്ത് സെക്രട്ടറിയച്ചൻ പാലയ്ക്കൽ കുടുംബയോഗം തോമാമല്പാൻ എൻഡോവ്മെന്റ് തുക വർദ്ധിപ്പിച്ച കാര്യവും 2014ലെ ലോഗോസ് ക്വിസിൽ ഹിന്ദി ഭാഷയിൽ പാറ്റ്ന രൂപതയ്ക്കുവേണ്ടി ചോദ്യപേപ്പർ തയ്യാറാക്കുന്ന കാര്യവും മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ അവാർഡിന് കൊച്ചി രൂപതയും ബെസ്റ്റ് പ്രൊമോട്ടർ സ്ഥാനത്തിന് ശ്രീമതി ജാൻസി ജേക്കബും അർഹരായ കാര്യവും തീവ്രയംഗത്വശേഖരണമാസമായി ആചരിച്ച ജൂൺ മാസത്തിൽ പുരസ്കാരത്തിനർഹരായ പ്രൊമോട്ടർമാരുടെ പേരു വിവരവും അറിയിക്കുകയുണ്ടായി.

1. മാർ ജോർജ് പുന്നക്കോട്ടിൽ എൻഡോവ്മെന്റ്:

ഈ എൻഡോവ്മെന്റിന് മാർ ജോർജ് പുന്നക്കോട്ടിൽ വചനപ്രതിഭ അവാർഡ് എന്ന പേര് എക്സിക്യുട്ടീവ് യോഗത്തിൽ സ്വീകാര്യമായെന്നും മാനേജിങ്ങ് കൗൺസിലംഗങ്ങളുടെ അഭിപ്രായം അറിയണമെന്നും സെക്രട്ടറി പറഞ്ഞു. പൊതുവേ സ്വീകാര്യമായിരുന്നെങ്കിലും വചനാധിഷ്ഠിത ജീവിതം നയിക്കാത്തവർക്ക് ഇതു നല്കേണ്ടി വരുമ്പോൾ ഈ പേര് അനുചിതമാകില്ലേ എന്ന സന്ദേഹം ശ്രീ. സിജോ പൈനേടത്ത് ഉന്നയിച്ചു.

ബൈബിൾ സാഹിത്യം, ബൈബിൾ കല, ബൈബിൾ ഗെയിംസ്, സൈബർ–ഡിജിറ്റൽ എന്നീ മേഖലകളിലുള്ള സർഗാത്മക സംഭാവനകൾക്കാണ് അവാർഡു നല്കുന്നത്. ഈ 5 മേഖലകളിലോ പിന്നീട് പരിഗണിക്കുന്ന മറ്റു മേഖലകളിലോ ഏതു വിധത്തിൽ അതു നടത്തണം എന്നതിനെക്കുറിച്ചു കൃത്യമായ മാനദണ്ഡങ്ങൾ എഴുതി

തയ്യാറാക്കാൻ റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, റവ. ഫാ. ജോഷി മയ്യാറ്റിൽ, ശ്രീ. സിജോ പൈനേടത്ത്, ശ്രീ. സാബു ജോസ്, ശ്രീ. ബേബി മുണ്ടയ്ക്കൽ എന്നിവരുടെ ഒരു അഞ്ചംഗ കമ്മിറ്റിയെ നിയോഗിച്ചു.

2. ജൂബിലി വർഷം ചർച്ച:

a) മെമ്പർഷിപ്പ് ക്യാമ്പെയിൻ സ്ട്രാറ്റജി:

അംഗത്വശേഖരണത്തിനായുള്ള സബ്കമ്മിറ്റിയുടെ പദ്ധതി കൺവീനർ ശ്രീമതി ജാൻസി ജേക്കബ് അവതരിപ്പിച്ചു. ജൂബിലിക്കാലത്തിൽ 25,000 അംഗങ്ങൾ എന്ന ലക്ഷ്യത്തിനായി പ്രയത്നിക്കാൻ പ്രേഷിത മനോഭാവമുള്ള 12ഓളം യുവജനങ്ങൾ മുന്നോട്ടു വന്നിട്ടുണ്ടെന്നും ഇതിനകം ഒരു പദ്ധതി ഇതിനായി തയ്യാറാക്കിയിട്ടുണ്ടെന്നും ജാൻസി ജേക്കബ് അറിയിച്ചു. അവ വിവരിക്കുകയും ചെയ്തു.

b) ജൂബിലി വർഷ ഉദ്ഘാടനം ലോഗോസ് ക്വിസിന്റെ സമ്മാനദാന വേദിയിൽ വച്ച് 2014 നവംബർ 30–ാം തീയതി ഉച്ചയ്ക്കുശേഷം നിർവഹിക്കാൻ തീരുമാനമായി. സൊസൈറ്റിയുടെ പ്രാരംഭഘട്ടത്തിലെ സജീവ സാന്നിധ്യമായിരുന്ന ജസ്റ്റിസ് കുര്യൻ ജോസഫിനെ ഇതിനായി ക്ഷണിക്കുന്നതാണ്. സമ്മേളനം വർണ്ണോജ്ജ്വലമാക്കാൻ യോഗം തീരുമാനിച്ചു.

c) ജൂബിലിയോടനുബന്ധിച്ച് എല്ലാ രൂപതകൾക്കും സൗജന്യമായി ബൈബിൾ വിതരണം ചെയ്യാൻ ഏഴു ലക്ഷത്തോളം രൂപ ചെലവഴിക്കാനുള്ള സെക്രട്ടറിയച്ചന്റെ നിർദ്ദേശം ഏവർക്കും സ്വീകാര്യമായി. സൗജന്യമായി രൂപതകൾക്കു ബൈബിൾ നല്കുന്നത് എല്ലാവർക്കും സൗജന്യമായി ബൈബിൾ നല്കാനുതകുന്ന തരത്തിൽ സൊസൈറ്റിയംഗത്വം വർദ്ധിപ്പിക്കാൻ രൂപതകൾക്കുള്ള ഒരു ക്ഷണക്കത്തായിത്തീരണമെന്ന് ചെയർമാൻ പിതാവ് അഭിപ്രായപ്പെട്ടു.

d) നിലവിലുള്ള സൊസൈറ്റി മെമ്പേഴ്സിന്റെ കോണ്ടാക്ട് ലിസ്റ്റിന്റെ വെരിഫിക്കേഷൻ: ശ്രീ. ലിയോ ടോം നിലവിലുള്ള മെമ്പേഴ്സിന്റെ ലിസ്റ്റ് കറക്ട് ചെയ്യുന്നതിനുവേണ്ടിയുള്ള പ്രോജക്ടിനെക്കുറിച്ച് സംസാരിച്ചു. മരിച്ചു പോയവരുടെ പേരുകൾ നീക്കം ചെയ്യുക, അഡ്രസ്സ് മാറ്റമുള്ളവരുടെ ഇപ്പോഴുള്ള അഡ്രസ്സ് കണ്ടുപിടിക്കുക, അവരെ ഫോണിൽ ബന്ധപ്പെടുക എന്നിവയാണ് ഉദ്ദേശ്യങ്ങളെന്നും അതിനായി ഏകദേശം 7 മാസത്തോളം ജോലി ചെയ്യേണ്ടിവരുമെന്നും ഇതിനായി പ്രത്യേകമായി ഓഫീസും സ്റ്റാഫിനെയും നിയോഗിക്കുകയാണെങ്കിൽ ഏകദേശം ഒരു മാസം 30,000/– രൂപയോളം ചെലവു വരുമെന്നും ശ്രീ. ലിയോ ടോം വ്യക്തമാക്കി. ഇതിനെക്കുറിച്ച് കൂടുതൽ പഠിക്കാം എന്ന് യോഗം തീരുമാനിച്ചു.

രൂപത തിരിച്ചും ഇടവക തിരിച്ചും അഡ്രസ്സു സഹിതവുമുള്ള പേരു വിവരം രൂപതാഡയറക്ടർമാർക്കു കൂടി ലഭ്യമാക്കുന്ന ഒരു സോഫ്റ്റ്വെയർ രൂപീകരിക്കുന്നതിനെക്കുറിച്ച് ശ്രീ. ജോസഫ് പന്തപ്ലാക്കൽ സംസാരിച്ചു. അംഗങ്ങളെ കൂടുതൽ സജീവരാക്കാനും അവരുടെ ജന്മദിനത്തിന് ആശംസകളയയ്ക്കാനുമെല്ലാം ഈ സോഫ്റ്റ്വെയർ ഉപയോഗിക്കാമെന്ന് അദ്ദേഹം പറഞ്ഞു. ഇക്കാര്യത്തിൽ വേണ്ട തീരുമാനമെടുക്കാൻ സെക്രട്ടറിയച്ചനെ യോഗം ഭരമേല്പിച്ചു.

e) ജൂബിലി സൊവ്നീർ കമ്മിറ്റി: ഈ കമ്മിറ്റിയുടെ കൺവീനറായി ശ്രീ. സാബു ജോസും അംഗങ്ങളായി ശ്രീ. സിജോ പൈനേടത്തും ശ്രീ. മാത്യു പ്ലാത്തോട്ടവും ഭാരവാഹികളും പ്രവർത്തിക്കുമെന്ന് സെക്രട്ടറിയച്ചൻ വ്യക്തമാക്കി.

f) ഓരോ മാസത്തെയും പ്രോഗ്രാമുകൾ വിശദമാക്കി.

g) ജൂബിലി വർഷ സമാപനം: 2015 ഡിസംബർ 27–ാം തീയതി

3. ഹൈടെക് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ

അന്ധർക്കുവേണ്ടിയുള്ള ആക്സെസിബിൾ ബൈബിളിന്റെ ഒരു മാതൃക ശ്രീ. ആന്റണി സച്ചിനും ശ്രീ. ജോൺസണും പ്രൊജക്ടറിന്റെ സഹായത്തോടെ അവതരിപ്പിച്ചു. ഓൺലൈൻ ബൈബിൾ സ്റ്റഡിയെക്കുറിച്ചുള്ള തന്റെ ആശയം ശ്രീ. ആന്റണി സച്ചിൻ വിശദമാക്കി. തത്വത്തിൽ നല്ലതാണെന്ന് യോഗം അഭിപ്രായപ്പെട്ടു.

സൊസൈറ്റിയുടെ എല്ലാവർഷവുമുള്ള പൊതുവായ പ്രവർത്തനങ്ങളും മേല്പറഞ്ഞ സവിശേഷ പ്രവർത്തനങ്ങളും ജനറൽബോഡിയിൽ അവതരിപ്പിക്കാൻ യോഗം തീരുമാനിച്ചു. ജനറൽബോഡി യോഗത്തിലേക്ക് എം.സി. യായി ശ്രീമതി കൊച്ചുത്രേസ്യ

സൈമണെ യോഗം നിയോഗിച്ചു. ശ്രീ. ബേബി മുണ്ടയ്ക്കൽ കൃതജ്ഞത പറഞ്ഞു. ഉച്ചയ്ക്ക് ഒന്നേകാൽ മണിയോടെ യോഗം അവസാനിച്ചു.

**4. വാർഷിക പൊതുയോഗം 26.07.2014**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ 23-ാം വാർഷിക പൊതുയോഗം 2014 ജൂലൈ 26-ാം തീയതി 2.30ന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ചെയർമാൻ സൂസൈപാക്യം പിതാവിന്റെ അധ്യക്ഷതയിൽ ചേരുകയുണ്ടായി. ജുവന്റസ് XIIIന്റെ സങ്കീർത്തന-പ്രാർത്ഥനാനൃത്തത്തോടെ യോഗം ആരംഭിച്ചു. യോഗത്തിൽ 142 അംഗങ്ങൾ പങ്കെടുത്തു. ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ യോഗത്തിലേക്ക് എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പരേതരായ സൊസൈറ്റി അംഗങ്ങൾക്കുവേണ്ടി പിതാവിന്റെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തി.

ദൈവവചനം നമ്മെ വിശുദ്ധീകരിക്കാനുള്ളതാണെന്നും ആ വിശുദ്ധീകരണ പ്രക്രിയയ്ക്ക് നാം നമ്മെത്തന്നെ വിട്ടുകൊടുത്താൽ വചനശക്തി അനുഭവിക്കാനാകുമെന്നും അഭിവന്ദ്യ സൂസൈപാക്യം പിതാവ് തന്റെ അധ്യക്ഷ പ്രസംഗത്തിൽ പ്രസ്താവിച്ചു. ദൈവവചനശക്തി നമ്മിലും നമ്മുടെ ചുറ്റിലും പ്രസരിക്കാനുള്ള ദൈവത്തിന്റെ ശക്തമായ ആഗ്രഹവും ആഹ്വാനവുമാണ് ജൂബിലിക്കാലം. ആത്മപരിശോധനയോടെ വചനമേഖലയിൽ വ്യാപരിക്കാൻ പിതാവ് ഏവരെയും ആഹ്വാനം ചെയ്തു. യേശുവിന്റെ ശൈലിയായിരിക്കണം നമ്മുടെയും ശൈലി. എല്ലാവരോടുമുള്ള സ്നേഹവും നഷ്ടപ്പെട്ടതിനെ അന്വേഷിക്കലും പൂർണമായി ക്ഷമിക്കലും സാഹചര്യങ്ങളെ ശുദ്ധീകരിക്കാനുള്ള പ്രതിബദ്ധതയും യേശുവിന്റെ അടിസ്ഥാനശൈലിയായിരുന്നു. യേശുവിന്റെ ചൈതന്യമില്ലാതിരുന്നാൽ വചനശക്തി നമ്മിൽ പ്രകടമാകില്ല. ഇന്ന് വിളക്കുകൾ ഉണ്ട്; വെളിച്ചമില്ല. മാവ് ഏറെയുണ്ട്; പുളിപ്പില്ല. ഉപ്പ് ധാരാളമുണ്ട്; ഉറയില്ല. യേശുസാന്നിധ്യം ഈ അവസ്ഥയ്ക്കു മാറ്റമുണ്ടാക്കും. ഇത്തരം ഒരു മാറ്റത്തിന് സ്വയം വിധേയമാകാതെയുള്ള വിമർശനങ്ങളും പ്രതികരണങ്ങളും വ്യക്തിക്കും സഭയ്ക്കും സമൂഹത്തിനും ഗുണകരമാകില്ല.

സൊസൈറ്റി അംഗത്വം പ്രേഷിതത്വതീക്ഷ്ണയിലേക്കുള്ള അംഗത്വമായി പരിഗണിക്കപ്പെടണമെന്ന് പി.ഒ.സി. ഡയറക്ടർ തന്റെ ആശംസാപ്രസംഗത്തിൽ പ്രസ്താവിച്ചു. ഒരു പ്രേഷിതവിപ്ലവത്തിന്റെ മാർഗമാണ് ബൈബിൾ സൊസൈറ്റിയെന്ന് വർഗീസ് വള്ളിക്കാട്ടച്ചൻ വ്യക്തമാക്കി.

മുൻവാർഷിക റിപ്പോർട്ടും നാളിതുവരെയുള്ള പ്രവർത്തനറിപ്പോർട്ടും സെക്രട്ടറിയച്ചൻ വായിച്ചു. യോഗം അത് പാസാക്കി. തുടർന്ന് വാർഷിക കണക്കുകൾ റവ. സി. നിമ സി.ടി.സി. അവതരിപ്പിച്ചു. കണക്ക് സംബന്ധമായ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് ട്രഷററും ഓഡിറ്ററും വ്യക്തമായ മറുപടി പറഞ്ഞു. തുടർന്ന് ട്രഷറർ ബഡ്ജറ്റ് അവതരിപ്പിച്ചു. വാർഷിക കണക്കും ബഡ്ജറ്റും യോഗം പാസാക്കി.

ഏറ്റവും കൂടുതൽ തുക സൊസൈറ്റിയിലേക്ക് സമാഹരിക്കുന്ന രൂപതയ്ക്ക് ഏർപ്പെടുത്തിയിട്ടുള്ള ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ അവാർഡ് (ഷീൽഡും 10,000/- രൂപയുടെ ബൈബിളും) കൊച്ചി രൂപത ബൈബിൾ അപ്പോസ്തലേറ്റു ഡയറക്ടർ റവ. ഫാ. സിബിച്ചൻ ചെറുതീയിൽ ചെയർമാൻ പിതാവിൽ നിന്ന് ഏറ്റുവാങ്ങി. സൊസൈറ്റിയിലേക്ക് ഏറ്റവും കൂടുതൽ തുക സമാഹരിച്ച ശ്രീമതി ജാൻസി ജേക്കബ് 2013-2014ലെ ഏറ്റവും നല്ല പ്രൊമോട്ടറിനുള്ള ക്യാഷ് അവാർഡ് കരസ്ഥമാക്കി. തീവ്ര അംഗത്വശേഖരണമാസമായ ജൂൺ 2014ൽ ഏറ്റവും കൂടുതൽ തുക ശേഖരിച്ചതിന് ശ്രീമതി ജാൻസി ജേക്കബും ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തതിന് ശ്രീമതി ജെസ്സി ക്ലീറ്റസും ബെസ്റ്റ് പ്രൊമോട്ടർമാരായി സമ്മാനം ഏറ്റുവാങ്ങി. ശ്രീമതി കൊച്ചുത്രേസ്യ സൈമൺ, ശ്രീമതി അനിതരാജ് എന്നിവരും പിതാവിൽ നിന്ന് പ്രോത്സാഹന സമ്മാനങ്ങൾ ഏറ്റുവാങ്ങി. സൊസൈറ്റിയുടെ ഓഡിറ്ററായി ശ്രീ. പി. സി. വർഗീസിനെ വീണ്ടും നിയമിച്ചു. തുടർന്ന് ചർച്ചയായിരുന്നു.

1) ബൈബിൾ മേഖലയിലെ സർഗാത്മക സംഭാവനകളെ അംഗീകരിക്കാനുള്ള മാർ ജോർജ് പുന്നക്കോട്ടിൽ എൻഡോവ്മെന്റിനു മാർ ജോർജ് പുന്നക്കോട്ടിൽ വചന പ്രതിഭ അവാർഡ് എന്ന് പേരിടാനും അവാർഡിനായി വ്യക്തമായ മാനദണ്ഡങ്ങൾ എഴുതി തയ്യാറാക്കാനുള്ള കമ്മിറ്റി സമർപ്പിക്കുന്നതും ഭരണസമിതി അംഗീകരിക്കുന്നതുമായ രേഖയനുസരിച്ച് കാര്യങ്ങൾ ക്രമീകരിക്കാനും യോഗം തീരുമാനിച്ചു.

2) ജൂബിലി വർഷത്തിൽ 25,000/- അംഗങ്ങൾ ഉണ്ടാകണമെന്ന ലക്ഷ്യം സാധിക്കാനുള്ള മാർഗങ്ങൾ ചർച്ച ചെയ്തു. വൈദികർക്ക് ബൈബിൾ സൊസൈറ്റിയെക്കുറിച്ചുള്ള അവബോധം നല്കണമെന്ന് ശ്രീ. വൈദ്യർ കൈപ്പുഴ അഭിപ്രായപ്പെട്ടു. മാധ്യമങ്ങളിലൂടെ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ജനമധ്യത്തിൽ എത്തിക്കാൻ കഴിയണമെന്ന് ശ്രീ. ജിജോ പറഞ്ഞു. മീഡിയ സബ്കമ്മിറ്റി കൂടുതൽ ഉണർന്നു പ്രവർത്തിക്കുമെന്ന പ്രതീക്ഷ സെക്രട്ടറിയച്ചൻ പ്രകടമാക്കി. പൊതുയോഗാംഗങ്ങൾ എല്ലാവരും പ്രൊമോട്ടർമാരാകുന്നത് അത്യുത്തമമായിരിക്കുമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു.

3) ജൂബിലിവർഷോദ്ഘാടനം 2014 നവംബർ 30ന് ലോഗോസ് ക്വിസ് ഗ്രാന്റ് ഫിനാലെയ്ക്കുശേഷമുള്ള സമ്മാനദാനച്ചടങ്ങിൽ വച്ചായിരിക്കുമെന്നും ഏവരും അതിൽ പങ്കെടുക്കണമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

4) ജൂബിലി വർഷത്തിൽ 31 രൂപതകൾക്ക് 200 ബൈബിൾ വീതം ജൂബിലി സമ്മാനമായി കൊടുക്കാൻ മാനേജിങ്ങ് കൗൺസിൽ തീരുമാനിച്ച വിവരം സെക്രട്ടറി അറിയിച്ചു. രൂപതയുടെ വലുപ്പ ചെറുപ്പം നോക്കി വേണം കൊടുക്കാൻ എന്ന് ഒരംഗം അഭിപ്രായപ്പെട്ടു. അത് എക്സിക്യൂട്ടിവിൽ ചർച്ചയ്ക്കു വയ്ക്കാൻ തീരുമാനിച്ചു.

5) നിലവിലുള്ള സൊസൈറ്റി അംഗങ്ങളുടെ അഡ്രസ്സ് കൃത്യമാക്കാനും അവരെ സൊസൈറ്റി പ്രവർത്തനങ്ങളിൽ കൂടുതൽ സജീവരാക്കാനും വേണ്ടി ഒരു വെരിഫിക്കേഷൻ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

6). ജൂബിലി സോവ്നീർ കമ്മിറ്റിയിൽ ശ്രീ. സാബു ജോസ് കൺവീനറും ശ്രീ. സിജോ പൈനേടത്ത് ശ്രീ. മാത്യു പ്ലാത്തോട്ടം, ഭാരവാഹികൾ എന്നിവർ അംഗങ്ങളുമാണെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു.

7). ജൂബിലി വർഷത്തേക്കുള്ള ഓരോ മാസത്തെയും പ്രോഗ്രാമുകൾ വിശദമാക്കി.

8) ജൂബിലി വർഷ സമാപനം: 2015 ഡിസംബർ 27 ബൈബിൾ ഞായർ ദിനത്തിൽ ജൂബിലി സമാപനം.

പതിവു പരിപാടികളെല്ലാം തുടർന്നും ചെയ്യാൻ പൊതുയോഗം അനുവാദം നല്കി.

ഈ പ്രാവശ്യം ലോഗോസ് ക്വിസിന്റെ ചോദ്യങ്ങൾ ഹിന്ദിഭാഷയിലും ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. പാറ്റ്ന രൂപത ഈ ആവശ്യവുമായി നമ്മെ സമീപിച്ചിട്ടുണ്ട്. ഭാവിയിൽ ഉത്തരേന്ത്യയിൽ ലോഗോസ് പരക്കാൻ ഇത് ഇടയാക്കും എന്ന് യോഗാംഗങ്ങൾ അഭിപ്രായപ്പെട്ടു.

60 വയസ്സിന് മുകളിലുള്ളവരെ ലോഗോസ് ക്വിസിലെ 'F' പ്രായവിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ശ്രീ. തമ്പി അഭിപ്രായപ്പെട്ടു.

മതാധ്യാപകർക്കായി ജൂബിലിവർഷത്തിൽ ഒരു പ്രോഗ്രാം സംഘടിപ്പിക്കണമെന്ന് ഒരംഗം അഭിപ്രായപ്പെട്ടു. ഓഡിയോ ബൈബിൾ ദൈവവചനത്തിനു സൊസൈറ്റി നല്കുന്ന അതിസുന്ദരമായ ശുശ്രൂഷയാണെന്നും ഏറെ അനുഗ്രഹപ്രദമാണെന്നും അതിനാൽത്തന്നെ അതു ജനങ്ങളിലേക്കെത്തിക്കാൻ കൂടുതൽ പരിശ്രമിക്കേണ്ടതുണ്ടെന്നും ശ്രീ. ബിജു അഭിപ്രായപ്പെട്ടു.

ലോകത്തിന്റെ ഏതു ഭാഗത്തുനിന്നു വേണമെങ്കിലും കറസ്പോണ്ടൻസ് കോഴ്സ് നേരിട്ട് പഠിക്കാവുന്ന തരത്തിൽ ഒരു ഓൺലൈൻ ബൈബിൾ പഠന രീതി വികസിപ്പിച്ചെടുക്കാനുള്ള ഒരു പദ്ധതി ഹൈടെക് കമ്മിറ്റി മാനേജിങ്ങ് കൗൺസിലിൽ അവതരിപ്പിച്ചിട്ടുണ്ട്. ഏറെ ഗുണപ്രദമായ ഈ പദ്ധതി മാനേജിങ്ങ് കൗൺസിൽ അംഗങ്ങൾ അനുഭാവപൂർവമാണ് പരിഗണിച്ചത്.

ബൈബിൾ പഠനത്തിനു സഹായിക്കുന്ന ഈടുറ്റഗ്രന്ഥങ്ങളും കമന്ററികളും മറ്റും സംലഭ്യമാക്കുന്ന ഒരു കത്തോലിക്കാ ബുക്ക് സ്റ്റാൾ സ്ഥാപിക്കുവാനുള്ള സ്ഥലമോ സൗകര്യമോ ലഭിച്ചാൽ തുടങ്ങാനുള്ള ആഗ്രഹം ഒരിക്കൽക്കൂടി പൊതുയോഗത്തിൽ പ്രകടിപ്പിക്കപ്പെട്ടു.

വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം ഏവർക്കും കൃതജ്ഞതയർപ്പിച്ചു. ശ്രീമതി കൊച്ചു ത്രേസ്യ സൈമൺ യോഗത്തിന്റെ M.C. ആയി സേവനമനുഷ്ഠിച്ചു. യോഗം 5.30ന് സമാപിച്ചു. ചായസത്കാരവും ജുവന്റസ് XIII ന്റെ അതിസുന്ദരമായ സംഗീതവിരുന്നും പൊതു സമ്മേളനത്തിന് സമുചിതവും അതിഹൃദ്യവുമായ പരിസമാപ്തി കുറിച്ചു.

**5. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 11.10.2014**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2014 ഒക്ടോബർ 11ന് രാവിലെ 9.30ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ശ്രീ. ജോസഫ് പന്തപ്ലാക്കലിന്റെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിൽ 12 അംഗങ്ങൾ പങ്കെടുത്തു. സെക്രട്ടറിയച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ മുൻ യോഗറിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും വായിച്ചു. യോഗം അവ രണ്ടും പാസാക്കി. ജൂബിലി ഉദ്ഘാടനത്തിന് തൊട്ടുമുമ്പുള്ള യോഗമാണിതെന്നും ഇതു പ്രവർത്തിക്കാനുള്ള സമയമാണെന്നും സെക്രട്ടറിയച്ചൻ തന്റെ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. മുൻകാല ഭാരവാഹികളെ ആദരിക്കാനും ജൂബിലി വർഷ പരിപാടികളിൽ അവരുടെ അഭിപ്രായങ്ങളും പങ്കാളിത്തവും ഉറപ്പുവരുത്താനും വേണ്ടി ഉച്ചയ്ക്കു നടക്കുന്ന പ്രീ-ജൂബിലി പയനിയർസ് മീറ്റിനെ ഏറെ പ്രതീക്ഷയോടെയാണ് ഉറ്റു നോക്കുന്നതെന്ന് വൈസ് ചെയർമാൻ തന്റെ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങളിലും ഒരു പടയാളിയെപ്പോലെ ഓരോ എക്സിക്യൂട്ടിവ് അംഗവും മുന്നിട്ടിറങ്ങണമെന്നും, സാധിക്കുമെങ്കിൽ ഏവരും സൊസൈറ്റി പ്രൊമോട്ടർമാരാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ശനി, ഞായർ ദിവസങ്ങളിൽ ഇടവകകളിൽ താൻ അംഗത്വശേഖരണത്തിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. ബൈബിൾ കമ്മീഷൻ വളരെ സജീവമായി പ്രവർത്തിക്കുന്ന ഒരു കമ്മീഷനാണെന്നും അതിൽ വളരെ സന്തോഷമുണ്ടെന്നും തപസ്യയിൽ നിന്നാണ് പുതിയ ചിന്തകൾ രൂപപ്പെടുന്നത് എന്നും പി.ഒ.സി. ഡയറക്ടർ തന്റെ ആശംസാപ്രസംഗത്തിൽ പ്രസ്താവിച്ചു. ഒരു സാങ്കേതിക സമിതി എന്നതിൽ നിന്ന് ബൈബിൾ സൊസൈറ്റി ഒരു പ്രൊമോട്ടർ എന്ന തലത്തിലേക്കുയരുകയാണ്. ഇതിനുമപ്പുറത്തേക്ക് ശിഷ്യത്വത്തിലേക്കാണ് നാം ഉയരേണ്ടത്. ജൂബിലി വർഷക്കാലം ശിഷ്യത്വത്തിന്റെ ഉച്ചകോടിയാകട്ടെ എന്ന് അദ്ദേഹം ആശംസിച്ചു.

ജൂബിലി വർഷ ഉദ്ഘാടനത്തിന് മുന്നോടിയായി നടത്തേണ്ട മധ്യസ്ഥപ്രാർത്ഥനയെക്കുറിച്ചുള്ള രൂപരേഖ ശ്രീ. റോബിൻ മാത്യു അവതരിപ്പിച്ചു. 25-ാം വർഷത്തിൽ 25000 ജപമാല സൊസൈറ്റിക്കു പ്രാർത്ഥനാ സഹായമായി ലഭിക്കത്തക്ക വിധത്തിൽ തയ്യാറാക്കിയ പ്രയർ കാർഡ് അദ്ദേഹം എല്ലാവർക്കും നല്കി. 50 കോളങ്ങളുള്ള 500 കാർഡുകളാണ് ഇത്തരത്തിൽ തയ്യാറായിട്ടുള്ളത്. എല്ലാവരുടെയും വ്യക്തിപരമായ പ്രാർത്ഥനയിൽ ഒരു രഹസ്യം ജൂബിലി വർഷത്തിനായി ചൊല്ലണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. 2015 ക്രിസ്തുമസ് രാത്രി പാതിരാകുർബാനയ്ക്കുശേഷം ഒരു മിനിറ്റ് പ്രാർത്ഥന മൂവായിരത്തോളമുള്ള ഇടവകകളിൽ ചൊല്ലുന്നതിനെക്കുറിച്ചും ശ്രീ. റോബിൻ മാത്യു പറഞ്ഞു.

ലോഗോസ് ക്വിസ് സംസ്ഥാനതലം നവംബർ 29നും 30നും ആണെന്നും നടത്തിപ്പിന് എല്ലാ എക്സിക്യൂട്ടിവ് അംഗങ്ങളുടെയും പങ്കാളിത്തം ആവശ്യമാണെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. നോർത്ത് ഇന്ത്യയിലെ 15 സംസ്ഥാനങ്ങളിലേക്ക് അടുത്ത വർഷങ്ങളിൽ ലോഗോസ് ക്വിസ് വ്യാപിക്കാൻ സാധ്യത തെളിഞ്ഞിട്ടുണ്ട്. ചില ബൈബിൾ അപ്പോസ്തലേറ്റു ഡയറക്ടർമാർ ഇക്കാര്യം ആവശ്യപ്പെട്ടു തന്നെ വിളിച്ചെന്നും സെക്രട്ടറിയച്ചൻ വ്യക്തമാക്കി. ലോഗോസിന്റെ രജിസ്ട്രേഷൻ കാലഘട്ടത്തിൽ സൺഡേശാലോമിൽ നിഷേധാത്മക വാർത്ത വന്നതു ശരിയായില്ലെന്നും അതിൽ പ്രതിഷേധം അറിയിക്കണമെന്നും ശ്രീ. ആന്റണി പാലിമറ്റം ആവശ്യപ്പെട്ടു. അത് അവഗണിക്കുകയാണ് നല്ലതെന്ന് ജോഷിയച്ചൻ അഭിപ്രായപ്പെട്ടു.

മാർ ജോർജ്ജ് പുന്നക്കോട്ടിൽ വചന സർഗപ്രതിഭാ അവാർഡിനുവേണ്ടിയുള്ള അഞ്ചംഗകമ്മിറ്റി എഴുതി തയ്യാറാക്കിയ റിപ്പോർട്ട് യോഗത്തിൽ വായിച്ചു ചർച്ച ചെയ്തു.

മുൻകാല ഭാരവാഹികളെ എങ്ങനെ ജൂബിലി പരിപാടികളിൽ ഉൾക്കൊള്ളിക്കാം എന്നതിനെക്കുറിച്ചു ചർച്ച നടന്നു. മധ്യസ്ഥ പ്രാർത്ഥനയിലും ജൂബിലി പരിപാടികളിലും അംഗത്വ കാമ്പെയിനുകളിലും ജൂബിലി ബൈബിൾ മിഷൻ അംബാസഡർമാരെ കണ്ടെത്തുന്നതിലും അവർക്കു പങ്കാളികളാകാവുന്നതാണ്.

മെമ്പർഷിപ്പ് കാമ്പെയിനെക്കുറിച്ച് ശ്രീമതി ജാൻസി ജേക്കബ് വിവരിച്ചു. കഴിഞ്ഞ

യോഗത്തിനുശേഷം മൂന്ന് ഞായറാഴ്ച ഒഴികെ എല്ലാ ഞായറാഴ്ചകളിലും കാമ്പെയിൻ ഉണ്ടായിരുന്നെന്നും അറിയിച്ചു.

ഈ ജൂബിലി വർഷത്തിൽ ബൈബിൾ സൗജന്യമായി നല്കുന്ന പദ്ധതിയിലേക്ക് ഒരു ലക്ഷം രൂപ സ്പോൺസർ ചെയ്യുന്ന വ്യക്തിയെ ജൂബിലി ബൈബിൾ മിഷൻ അംബാസഡർ പദവി നല്കി ആദരിക്കുന്നതിനെക്കുറിച്ച് ശ്രീ. ജോസഫ് പന്തപ്ലാക്കൽ വിവരിച്ചു. ജൂബിലി ബൈബിൾ മിഷന്റെ ദർശനം വ്യക്തമാക്കാൻ വേണ്ടിയുള്ള കമ്മിറ്റിയിലേക്ക് എക്സിക്യൂട്ടിവ് അംഗങ്ങളായ ശ്രീ. ജോസഫ് പന്തപ്ലാക്കൽ, ശ്രീ. മാത്യു പ്ലാത്തോട്ടം എന്നിവരെ നിയോഗിച്ചു.

ആക്സെസിബിൾ ബൈബിളിനെക്കുറിച്ചും സൈൻ ബൈബിളിനെക്കുറിച്ചുമുള്ള പദ്ധതികൾ ശ്രീ. ആന്റണി സച്ചിൻ ഡെമോൺസ്ട്രേഷനിലൂടെ അവതരിപ്പിച്ചു. എക്സിക്യൂട്ടിവ് കമ്മിറ്റി ഈ രണ്ടു പദ്ധതികളും അംഗീകരിച്ചു. കൃത്യമായ നിബന്ധനകൾ എഴുതി തയ്യാറാക്കാൻ ശ്രീ. ആന്റണി സച്ചിനെ യോഗം ഭരമേല്പിച്ചു.

ജൂബിലി വർഷ ഉദ്ഘാടനം 2014 നവംബർ 30ന് ആണെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. അതിൽ കുറഞ്ഞത് 300 അംഗങ്ങളെയെങ്കിലും പങ്കെടുപ്പിക്കണം.

Membership Managing system സംബന്ധിച്ച ചില നിർദ്ദേശങ്ങൾ ശ്രീ. ജോസഫ് പന്തപ്ലാക്കൽ യോഗത്തിൽ അവതരിപ്പിച്ചു.

2015 ജൂൺ 18–25 തീയതികളിൽ റോമിൽ വച്ചു നടക്കുന്ന കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ പ്ലീനറി അസംബ്ലിയിൽ സംബന്ധിക്കാൻ സെക്രട്ടറിയച്ചനുള്ള യാത്രാചെലവുകൾ സൊസൈറ്റിയിൽ നിന്നും വഹിക്കാൻ യോഗം തീരുമാനിച്ചു.

ഈ പ്രാവശ്യം മൂന്ന് റീത്തുകൾക്കും കൂടി ഒറ്റ കലണ്ടറാണ് തയ്യാറാക്കുന്നതെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ജൂബിലി വർഷത്തിന്റെ ഉദ്ഘാടന ചടങ്ങുകളും ജൂബിലിക്കാലത്തിലെ ഓരോ മാസത്തെയും പ്രോഗ്രാമുകളും വിവരിച്ചു.

സിസ്റ്റർ നിമ സി.റ്റി.സിയുടെ കൃതജ്ഞതാപ്രകാശനത്തോടെ യോഗം 11.00 ന് അവസാനിച്ചു.

**6. മാനേജിങ്ങ് കൗൺസിൽ യോഗം 11.10.2014**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ മാനേജിങ്ങ് കൗൺസിൽ യോഗം 2014 ഒക്ടോബർ 11ന് രാവിലെ 11.15ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ശ്രീ. ജോസഫ് പന്തപ്ലാക്കലിന്റെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിൽ 28 അംഗങ്ങൾ പങ്കെടുത്തു. റവ. ഡോ. ജോഷി മയ്യാറ്റിൽ യോഗത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്തു. ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ മുൻയോഗറിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും വായിച്ചു. യോഗം അവ രണ്ടും പാസാക്കി.

ജൂബിലി വർഷക്കാലത്ത് 25,000 അംഗങ്ങൾ എന്ന ലക്ഷ്യം നേടാൻ ഒറ്റക്കെട്ടായി പ്രവർത്തിക്കാൻ വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം തന്റെ അധ്യക്ഷ പ്രസംഗത്തിൽ ഏവരെയും ആഹ്വാനം ചെയ്തു. സൗജന്യമായി ബൈബിൾ നല്കാൻ കഴിയുന്ന ഒരു അവസ്ഥയിലേക്ക് കേരള സഭ വളരാൻ സൊസൈറ്റിയംഗത്വം വർധിപ്പിക്കേണ്ടത് ആവശ്യമാണ്. രൂപതകളിലും സന്ന്യസ്തസഭകളിലും അഭിവന്ദ്യ ചെയർമാൻ പിതാവിന്റെ അംഗത്വക്ഷണക്കത്തിന് വളരെ നല്ല പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. സൊസൈറ്റിയുടെ ജൂബിലിക്കാലം ദൈവവചനത്തിന്റെ പൂക്കാലമാക്കി മാറ്റാൻ എല്ലാ മാനേജിങ്ങ് കൗൺസിൽ അംഗങ്ങളുടെയും സഹായം അദ്ദേഹം തേടി.

കത്തോലിക്കാ കുടുംബങ്ങളിൽ പി.ഒ.സി. ബൈബിൾ എന്നത് സാധാരണവും അനിവാര്യവും ആയെന്നും അക്കാര്യത്തിൽ മുഖ്യപങ്കുവഹിച്ചിട്ടുള്ളത് ബൈബിൾ കമ്മീഷനും ബൈബിൾ സൊസൈറ്റിയും ആണെന്നും പി.ഒ.സി. ഡയറക്ടർ ഫാ. വർഗീസ് വള്ളിക്കാട്ട് പ്രസ്താവിച്ചു. ജൂബിലിക്കാലത്തു സൗജന്യമായും സമൃദ്ധമായും ബൈബിൾ കേരളത്തിലങ്ങോളമിങ്ങോളം എത്തിക്കുമ്പോൾ അതിൽ നല്ലൊരു പങ്കും അക്രൈസ്തവർക്കു ലഭ്യമാകുമെങ്കിൽ സുവിശേഷവത്കരണത്തിന്റെ ഏറ്റവും സുന്ദരമായ പ്രവൃത്തിയായിരിക്കും അത്.

അറിയിപ്പുകൾ

ലോഗോസ് 2014 വളരെ നന്നായി നടന്നു. 34 രൂപതകളിൽ (പാറ്റ്ന ഉൾപ്പെടെ)

നിന്നായി 5,51,924 പേർ പങ്കെടുത്തു. ആദ്യമായി ഹിന്ദി ഭാഷയിൽ പാറ്റ്ന രൂപതയിൽ നിന്ന് 1000ത്തോളം പേർ പങ്കെടുത്തു എന്നും വടക്കേ ഇന്ത്യയിലെ 15 സംസ്ഥാനങ്ങളിൽ കൂടി അടുത്ത വർഷം ഹിന്ദിയിൽ ലോഗോസ് ക്വിസ് വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും, അതു നടന്നാൽ ഇന്ത്യയുടെ പകുതിയോളം വരുന്ന ഭൂപ്രദേശത്ത് ലോഗോസ് ക്വിസ് നടപ്പിലാകുമെന്നും സെക്രട്ടറിയച്ചൻ വ്യക്തമാക്കി. ലോഗോസിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത രൂപതയ്ക്കുള്ള ഒന്നാം സ്ഥാനം കരസ്ഥമാക്കിയ എറണാകുളം–അങ്കമാലി അതിരൂപതയെയും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കിയ തൃശൂർ, പാലാ എന്നീ രൂപതകളെയും യോഗം അനുമോദിച്ചു.

ലോഗോസ് ക്വിസ് സംസ്ഥാനതലം നവംബർ 29നും 30നും ആണെന്നും അതിന്റെ വിജയത്തിനായി എല്ലാ എക്സിക്യൂട്ടിവ് കമ്മിറ്റി – മാനേജിങ്ങ് കൗൺസിൽ അംഗങ്ങളുടെയും സഹായസഹകരണം ആവശ്യമാണെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. അംഗങ്ങളിൽ മിക്കവരും സാന്നിധ്യസഹായങ്ങൾ വാഗ്ദാനം ചെയ്തു.

ചർച്ച

1. മാർ ജോർജ് പുന്നക്കോട്ടിൽ വചന സർഗ പ്രതിഭാ അവാർഡിനുവേണ്ടി അഞ്ചംഗ കമ്മിറ്റി എഴുതി തയ്യാറാക്കിയ മാനദണ്ഡങ്ങൾ സെക്രട്ടറിയച്ചൻ എല്ലാവരെയും വായിച്ചു കേൾപ്പിച്ചു. തിരുത്തലുകളും ചേർക്കലുകളും നിർദ്ദേശിക്കപ്പെട്ടു.

2. ജൂബിലി വർഷ ഉദ്ഘാടനത്തിന് മുന്നോടിയായി ശ്രീ. റോബിൻ മാത്യു തയ്യാറാക്കിയ മധ്യസ്ഥപ്രാർത്ഥനാ പദ്ധതികൾ ശ്രീ. ലിയോ ടോം വിശദീകരിച്ചു.

3. മെമ്പർഷിപ്പ് കാമ്പെയിനെക്കുറിച്ചു ശ്രീമതി ജാൻസി ജേക്കബ് വിവരിച്ചു. കഴിഞ്ഞ യോഗത്തിനുശേഷം 3 ഞായറാഴ്ച ഒഴികെ എല്ലാ ഞായറാഴ്ചകളിലും കാമ്പെയിൻ ഉണ്ടായിരുന്നെന്നും ജനത്തിന്റെ പ്രതികരണം ഏറെ പ്രോത്സാഹനജനകമാണെന്നും എല്ലാ മാനേജിങ്ങ് കൗൺസിൽ അംഗങ്ങളും സൊസൈറ്റിയുടെ പ്രൊമോട്ടർമാരായാൽ കാമ്പെയിൻ അങ്ങേയറ്റം ഫലപ്രദമാകുമെന്നും ശ്രീമതി ജാൻസി ജേക്കബ് പറഞ്ഞു.

4. ജൂബിലി വർഷത്തിൽ സൗജന്യമായും സുലഭമായും ബൈബിൾ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ പദ്ധതിയിട്ടിരിക്കുന്ന ജൂബിലി ബൈബിൾ മിഷൻ പ്രോജക്ടിനെക്കുറിച്ചും ബൈബിൾ മിഷൻ അംബാസഡർ എന്ന ആശയത്തെക്കുറിച്ചും ശ്രീ. ജോസഫ് പന്തപ്ലാക്കൽ വിവരിച്ചു. ഏവർക്കും ഈ ആശയം സ്വീകാര്യമായി. ജൂബിലി ബൈബിൾ മിഷൻ പ്രോജക്ടിനു വേണ്ടിയുള്ള കമ്മിറ്റിയിലേക്ക് മാനേജിങ്ങ് കൗൺസിൽ അംഗങ്ങളിൽ നിന്ന് ശ്രീ. സാബു ജോസ്, ശ്രീ. ഡേവിസ് എം പോൾ, ശ്രീമതി അന്നമ്മ തോമസ്, ശ്രീ. ജോർജ്ജ് ജോസഫ് എന്നിവരെ തിരഞ്ഞെടുത്തു.

5. ജൂബിലി സ്മരണികയ്ക്കുവേണ്ടി ജൂലൈ 25ന് കൂടിയ കമ്മിറ്റിയംഗങ്ങളുടെ റിപ്പോർട്ട് ശ്രീ. സാബു ജോസ് വായിച്ചു. സ്മരണികയ്ക്ക് ഉചിതമായ പേര് നല്കുന്ന വ്യക്തിക്ക് ആകർഷകമായ സമ്മാനം കൊടുക്കണമെന്നും ചരിത്രപരമായ ഉള്ളടക്കങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതായിരിക്കും സ്മരണികയെന്നും ശ്രീ. സാബു ജോസ് അറിയിച്ചു. ഇത് ആദ്യം കൂടിയ യോഗത്തിന്റെ റിപ്പോർട്ട് ആണെന്നും കൂടുതൽ കാര്യങ്ങൾ ആലോചനയിൽ ഉണ്ടെന്നും പറഞ്ഞു.

6. ആക്സെസിബിൾ ബൈബിളിനെയും സൈൻ ബൈബിളിനെയും കുറിച്ച് ശ്രീ. ആന്റണി സച്ചിൻ ഡെമോൺസ്ട്രേഷനിലൂടെ എല്ലാവർക്കും മനസിലാക്കിക്കൊടുത്തു.

7. ഓഡിയോ ബൈബിൾ ആപ്ലിക്കേഷൻ ഓൺലൈൻ പർച്ചേയ്സ് ഫെസിലിറ്റിയെക്കുറിച്ച് സെക്രട്ടറി വിവരിച്ചു. ഭാവിയിൽ ഓഡിയോ ബൈബിളിന്റെ കോപ്പിറൈറ്റ് പ്രശ്നങ്ങൾ ഉണ്ടാകാത്ത വിധത്തിൽ കാര്യങ്ങൾ ക്രമീകരിക്കണമെന്നും രേഖാമൂലമാക്കണമെന്നും ശ്രീ. സാബു ജോസ് പറഞ്ഞു. അത്തരം പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ മനസ്സിലുണ്ടെന്നും ആശങ്കകൾ വേണ്ടെന്നും സെക്രട്ടറിയച്ചൻ മറുപടി പറഞ്ഞു.

8. നവംബർ 30നു നടക്കുന്ന ജൂബിലി വർഷോദ്ഘാടനത്തിൽ സംബന്ധിക്കാൻ 300 പേരെയെങ്കിലും പങ്കെടുപ്പിക്കാൻ ശ്രമിക്കാമെന്ന് യോഗാംഗങ്ങൾ തീരുമാനിച്ചു.

റവ. സി. നിമ. സി.ടി.സി. എല്ലാവർക്കും കൃതജ്ഞത അർപ്പിച്ചു. ഉച്ചയ്ക്ക് 1.00ന് യോഗം അവസാനിച്ചു.

**7. എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം 22.11.2014**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2014 നവംബർ 22–ാം തീയതി 2.30ന് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റത്തിന്റെ അധ്യക്ഷതയിൽ ആരംഭിച്ചു. യോഗത്തിൽ 9 അംഗങ്ങൾ പങ്കെടുത്തു. സെക്രട്ടറിയച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ മുൻയോഗറിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും വായിച്ചു. യോഗം അവ രണ്ടും പാസാക്കി.

ജൂബിലി കലണ്ടർ 2015

സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്ന് ഈ വർഷം കലണ്ടറിനു ലഭിച്ചിരിക്കുന്ന സ്പോൺസർഷിപ്പ് 2,00,000/– രൂപയാണെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. മൂന്നു റീത്തിലെ വായനകളും ഒരുമിച്ച് ഒറ്റകലണ്ടറായാണ് ഇപ്രാവശ്യം പ്രിന്റു ചെയ്യുന്നത്. കലണ്ടറിന്റെ എണ്ണം 25,000 ആയി ചുരുക്കുന്നുമുണ്ട്. സൂസൈപാക്യം പിതാവിന്റെ മെത്രാഭിഷേകപട്ടത്തിന്റെ 25–ാം വർഷം കൂടി ആയതിനാൽ ആ കാര്യവും കലണ്ടറിൽ സൂചിപ്പിച്ചിട്ടുള്ളതായി സെക്രട്ടറിയച്ചൻ അറിയിച്ചു.

സംസ്ഥാനതല ലോഗോസ് ക്വിസ്

സംസ്ഥാനതല പരീക്ഷയുടെ മൂല്യനിർണയത്തിന് 75 സിസ്റ്റേഴ്സിനെ മാത്രമേ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്നും അതിനാൽ തന്നെ ബൈബിൾ സൊസൈറ്റി ഭാരവാഹികളുടെ സാന്നിധ്യം കൂടുതലായി ആവശ്യമുണ്ടെന്നും സെക്രട്ടറിയച്ചൻ പറഞ്ഞു. യോഗത്തിൽ സന്നിഹിതരായിരുന്ന എല്ലാ അംഗങ്ങളും പരീക്ഷാദിനത്തിൽ സഹായിക്കാനുണ്ടാകുമെന്ന് ഉറപ്പു നല്കി. TTCക്കോ BEdനോ പഠിക്കുന്ന വിദ്യാർത്ഥികളെ കൊണ്ടുവന്നാൽ നന്നായിരിക്കുമെന്ന് ശ്രീമതി ജാൻസി ജേക്കബ് അഭിപ്രായപ്പെട്ടു. അടുത്തുള്ള ഇടവകയിൽ നിന്നുള്ള മതാധ്യാപകരെയും ഉൾപ്പെടുത്തിയാൽ നന്നായിരിക്കുമെന്ന് ശ്രീമതി കൊച്ചുത്രേസ്യ സൈമൺ അഭിപ്രായപ്പെട്ടു.

മാർ ജോർജ്ജ് പുന്നക്കോട്ടിൽ വചന സർഗപ്രതിഭാ അവാർഡ്

അവാർഡിനുള്ള എൻട്രികൾ ഡിസംബറിൽ ക്ഷണിക്കുമെന്നും ജൂലൈ മാസത്തോടുകൂടി ഫലപ്രഖ്യാപനം നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും സെക്രട്ടറി അറിയിച്ചു. എൻട്രികൾ എങ്ങനെ ക്ഷണിക്കണമെന്നതിനെപ്പറ്റി ചർച്ച ചെയ്ത് തീരുമാനിക്കണമെന്ന് അച്ചൻ പറഞ്ഞു. ബൈബിൾ സൊസൈറ്റിയുടെ വെബ്സൈറ്റിൽ ഒരു ലിങ്ക് ഇതിനുവേണ്ടി കൊടുക്കണമെന്നും അതിൽ അവാർഡിനെക്കുറിച്ചുള്ള ഒരു വീഡിയോ ചെയ്തിടണമെന്നും ഓഫീസിന്റെ ഫോൺ നമ്പർ കൊടുക്കണമെന്നും യോഗത്തിൽ അഭിപ്രായമുയർന്നു. എൻട്രികൾ കിട്ടണമെങ്കിൽ ഇതുപോലെ ഒരു അവാർഡ് ഉണ്ടെന്ന് എല്ലാവരും അറിയണമെന്ന് അഗസ്റ്റിൻ കുറ്റിയാനിയച്ചൻ പറഞ്ഞു. ജൂബിലി വർഷ ഉദ്ഘാടനസമ്മേളനത്തിൽ അവാർഡിന്റെ കാര്യം പ്രഖ്യാപിക്കുന്നത് നല്ലതായിരിക്കുമെന്ന് സെക്രട്ടറിയച്ചൻ അഭിപ്രായപ്പെട്ടു. പുന്നക്കോട്ടിൽ പിതാവിന്റെ തന്നെ പേരിലായതുകൊണ്ട് സൂസൈപാക്യം പിതാവോ ആലഞ്ചേരി പിതാവോ അവാർഡ് പ്രഖ്യാപനം നടത്തുന്നതായിരിക്കും നല്ലതെന്ന് കുറ്റിയാനിയച്ചൻ അഭിപ്രായപ്പെട്ടു.

ആക്സസിബിൾ ബൈബിൾ നിർമ്മാണം

പൊതുവെ software agreementൽ വരേണ്ട കാര്യങ്ങൾ എല്ലാം ഉൾപ്പെടുത്തി chartered accountantനെ കൊണ്ടാണ് ധാരണാപത്രം തയ്യാറാക്കിയിരിക്കുന്നതെന്ന് ശ്രീ. ആന്റണി സച്ചിൻ പറഞ്ഞു. ദൗത്യം വിജയകരമായി പൂർത്തിയാക്കാൻ കഴിയാതെ വന്നാൽ ബാങ്ക് പലിശയോടുകൂടി അഡ്വാൻസ് തുക നല്കുന്നതായിരിക്കും എന്നാൽ കൂടുതൽ ആയി എന്തെങ്കിലും കൂട്ടിച്ചേർക്കേണ്ട ആവശ്യം വന്നാൽ അതിന് കൂടുതൽ സമയവും കൂടുതൽ ചെലവും വരാം. അക്കാര്യങ്ങളും മുന്നിൽ കാണണമെന്ന് ശ്രീ. ആന്റണി സച്ചിൻ പറഞ്ഞു.

ധാരണ വയ്ക്കുന്നതിനുമുൻപ് ഏതെങ്കിലും ഒരു അന്ധവിദ്യാലയത്തിൽ പോയി ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ക്ലിപ്പിങ്ങിന്റെ ഉപയുക്തതാസൗകര്യങ്ങൾ പരീക്ഷിച്ചു നോക്കുന്നത് നല്ലതായിരിക്കുമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. അടുത്ത എക്സിക്യൂട്ടിവ് മീറ്റിങ്ങിന് മുൻപായി ഇതിനു വ്യക്തത വരുത്തണമെന്നു ധാരണയായി.

ജൂബിലി ബൈബിൾ മിഷൻ അംബാസിഡേഴ്സ്

ജൂബിലി അംബാസിഡേഴ്സിന് അയയ്ക്കാനായി തയ്യാറാക്കിയ കത്ത് സെക്രട്ടറി

യച്ചൻ വായിച്ചു. ശ്രീ. കാഞ്ഞിരത്തിങ്കലിനെ കൂടാതെ രണ്ടുപേർ കൂടി സന്നദ്ധരായി വന്നിട്ടുണ്ടെന്ന് ജോഷിയച്ചൻ അറിയിച്ചു. ബൈബിൾ സൊസൈറ്റിയിൽ അഞ്ച് വർഷത്തിൽ കൂടുതലായി അംഗത്വമുള്ളവർക്ക് 20,000 രൂപയുടെ അംഗത്വത്തിനുപകരം 1,00,000 രൂപയിൽ അല്പം ഇളവ് അനുവദിക്കണമെന്നു നിർദ്ദേശിക്കുന്ന ഒരു സൊസൈറ്റിയംഗത്തിന്റെ കത്ത് സെക്രട്ടറി യോഗത്തിൽ വായിച്ചു. ആ അഭിപ്രായം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് യോഗാംഗങ്ങൾ തീരുമാനിച്ചു.

ലോഗോസ് സംസ്ഥാനതല പരീക്ഷ നടക്കുന്ന ദിവസങ്ങളിൽ തന്നെ ഇതുവരെയുള്ള ലോഗോസ് പ്രതിഭകളെ ഉൾപ്പെടുത്തി ഒരു ഇന്റർവ്യൂ Goodness T.V. നടത്തുന്നതാണെന്ന് അച്ചൻ അറിയിച്ചു. അന്നേദിവസം തന്നെ സൃഷ്ടി മുതൽ യുഗാന്തം വരെ ചിത്രീകരിച്ചിട്ടുള്ള ഒരു ചിത്രത്തിന്റെ പ്രദർശനവും ഉണ്ടായിരിക്കും.

ജൂബിലി ഉദ്ഘാടന ദിവസത്തെ പ്രോഗ്രാമുകളെക്കുറിച്ചും യോഗം ചർച്ച ചെയ്തു. മുന്നൂറ് പേരെങ്കിലും യോഗത്തിൽ പങ്കെടുക്കാനുണ്ടാകണം. എക്സിക്യൂട്ടിവ് കമ്മിറ്റി – മാനേജിങ്ങ് കൗൺസിൽ അംഗങ്ങൾ കുടുംബാംഗങ്ങളുമായി വരണമെന്ന് അച്ചൻ പറഞ്ഞു. സമ്പൂർണ്ണ ഓഡിയോ ബൈബിളിന്റെ പ്രകാശന വേളയിൽ അതിനുവേണ്ടി പ്രവർത്തിച്ച ശ്രീ. മാർട്ടിൻ പി. ജോസ്, റവ. ഫാ. ജെയ്റ്റസ് OFM Cap, ശ്രീ. തോമസ് പോൾ എന്നിവരെയും അതിൽ പങ്കാളികളായ എല്ലാ കലാകാരന്മാരെയും ആദരിക്കുന്നതാണ്. ജൂബിലി ബൈബിൾ മിഷൻ അംബാസിഡേഴ്സായി മുന്നോട്ടു വന്നിരിക്കുന്നവരെയും ഈ യോഗത്തിൽ പ്രത്യേകം പരിഗണിക്കുകയും ആദരിക്കുകയും ചെയ്യണമെന്ന് ശ്രീ. ആന്റണി പാലിമറ്റം ആവശ്യപ്പെട്ടു.

വൈകീട്ട് 3.45നു ചായ സത്കാരത്തോടെ യോഗം അവസാനിച്ചു.

**8. എക്സിക്യൂട്ടിവ് കമ്മിറ്റി യോഗം 05.03.2015**

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ എക്സിക്യൂട്ടിവ് കമ്മിറ്റിയോഗം 2015 മാർച്ച് 5–ാം തീയതി ഉച്ചയ്ക്ക് 2.30ന് ചെയർമാൻ സൂസൈപാക്യം പിതാവിന്റെ അധ്യക്ഷതയിൽ ശ്രീ. ലിയോ ടോമിന്റെ ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ചു. യോഗത്തിൽ 11 അംഗങ്ങൾ പങ്കെടുത്തു. വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം പിതാവിനും മറ്റെല്ലാവർക്കും സ്വാഗതം ആശംസിച്ചു. മെത്രാഭിഷേക രജത ജൂബിലി ആചരിക്കുന്ന പിതാവിനെ വൈസ് ചെയർമാൻ അനുമോദിച്ചു. കേയ്ക്കു മുറിച്ച് പിതാവ് മധുരം പങ്കുവച്ചു.

സെൽഫോണും ബൈബിളും തമ്മിലുള്ള സാമ്യ വ്യത്യാസങ്ങൾ രസകരമായി അവതരിപ്പിച്ച പിതാവ് ബൈബിൾ എപ്പോഴും കൊണ്ടു നടക്കുകയും ഉപയോഗിക്കുകയും ധ്യാനിക്കുകയും ജീവിക്കുകയും ചെയ്യുന്ന ഒരു ജീവിതചര്യയിലേക്ക് നമ്മുടെ ജനത്തെ നയിക്കാൻ ഏവരെയും ആഹ്വാനം ചെയ്തു. ദൈവത്തിൽ സർവാശ്രയം അർപ്പിച്ചുകൊണ്ട് ഉദ്ദേശിക്കുന്ന ഫലം പ്രാപിക്കാൻ നമുക്കു സാധിക്കട്ടെയെന്ന് ആശംസിച്ചുകൊണ്ടാണ് പിതാവ് തന്റെ അധ്യക്ഷ പ്രസംഗം അവസാനിപ്പിച്ചത്.

മുൻയോഗ റിപ്പോർട്ടും പ്രവർത്തന റിപ്പോർട്ടും ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ വായിച്ചു. യോഗം അതു പാസാക്കി.

ആശയങ്ങൾ പങ്കുവയ്ക്കലിനപ്പുറം പ്രവൃത്തി പഥത്തിലേക്ക് ഇറങ്ങിച്ചെല്ലുകയാണു വേണ്ടതെന്ന് റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് തന്റെ ആശംസാപ്രസംഗത്തിൽ പ്രസ്താവിച്ചു. ജനത്തെ ആവേശം കൊള്ളിക്കുന്ന പ്രവർത്തനം വേണം. ചെയ്യാൻ പോകുന്നു എന്നതിനെക്കാൾ ചെയ്യുന്നതാണ് ജനത്തെ പ്രചോദിപ്പിക്കുന്നത്.

അറിയിപ്പുകൾ

1) ജൂബിലി വർഷത്തിൽ 25,000 അംഗങ്ങൾ എന്ന ടാർജറ്റ് ഇനിയും ഏറെ അകലെയാണ്. കൊച്ചി, എറണാകുളം, കോട്ടപ്പുറം എന്നീ പ്രദേശങ്ങളിൽ നടന്ന അംഗത്വകാമ്പെയിനുകളുടെ ഫലമായി 2000ത്തോളം അംഗങ്ങളെ സൊസൈറ്റിയിൽ ചേർക്കാനായി.

2) ഇറ്റലിയിൽ വച്ച് ജൂൺ 18–25 തീയതികളിൽ നടക്കുന്ന കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ പ്ലീനറി അസംബ്ലിയിൽ ലോഗോസ് ക്വിസിനെ അന്തർദ്ദേശീയ തലത്തിലേക്ക് ഉയർത്താനുള്ള ശ്രമത്തിന്റെ ഭാഗമായി ഒരു ന്യൂസ് ലെറ്റർ തയ്യാറാക്കി അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ടെന്ന് സെക്രട്ടറിയച്ചൻ അറിയിച്ചു. ബോംബെയിൽ വച്ചു

നടന്ന ദക്ഷിണേഷ്യൻ റീജിയണൽ യോഗത്തിൽ ഇക്കാര്യം സ്വീകാര്യമായ വിധത്തിൽ അവതരിപ്പിച്ചു.

3) KCBS ജൂബിലി വർഷ ജനറൽ ബോഡിയോഗം ആഗസ്റ്റ് 8-ാം തീയതി ഒരു ഏകദിന പരിപാടിയായി നടത്തുമെന്ന് അറിയിച്ചു.

ചർച്ച

1. മാർ ജോർജ്ജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ അവാർഡ്

അവാർഡിനുവേണ്ടിയുള്ള അപേക്ഷാഫോമിന്റെ (വിവരപ്പത്രിക) നക്കൽരേഖ ഏവർക്കും വിതരണം ചെയ്തു. അതിൽ യോഗാംഗങ്ങൾ ചില ഭേദഗതികൾ നിർദ്ദേശിച്ചു. ഏപ്രിൽ 30-ാം തീയതിയാണ് വിവരപ്പത്രിക സ്വീകരിക്കുന്ന അവസാന തീയതി. ഏറ്റവും കുറഞ്ഞത് 50 കൃതികളെങ്കിലും എൻട്രിയായി വരുന്നതരത്തിൽ രൂപതാബുള്ളറ്റിനുകളിലും സാഹിത്യകാരന്മാരുടെ ഫോറങ്ങളിലും പ്രസാധക കേന്ദ്രങ്ങളിലും ഇതു പരസ്യപ്പെടുത്തണമെന്ന് യോഗാംഗങ്ങൾ നിർദ്ദേശിച്ചു.

2. ജൂബിലി വർഷ പരിപാടികൾ:

ജൂബിലി വർഷത്തിൽ ഓരോ മാസവും പദ്ധതിയിട്ടിരുന്ന പരിപാടികൾ, അതിന്റെ നടത്തിപ്പിനായി ആരെയും ചുമതലപ്പെടുത്താതിരുന്നതിനാൽ, നടക്കാതെ പോകുന്ന അവസ്ഥയുണ്ട്. അതിനാൽ പരിപാടികൾ നിജപ്പെടുത്തി, നടത്തിപ്പിനായി വ്യക്തികളെ ഭരമേല്പിക്കേണ്ടതുണ്ട് എന്ന സെക്രട്ടറിയച്ചന്റെ നിർദ്ദേശം ഏവർക്കും സ്വീകാര്യമായി.

കളേഴ്സ് ഓഫ് ബൈബിൾ എന്ന പ്രോഗ്രാം ഓണത്തോടനുബന്ധിച്ചുള്ള ഒരു അവധിദിവസം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽവച്ച് 5000ത്തോളം കുട്ടികളെ ഉൾക്കൊള്ളിച്ച് നടത്തണമെന്ന് യോഗാംഗങ്ങൾ പറഞ്ഞു. അതിന്റെ കൺവീനറായി ശ്രീ. ലിയോ ടോമിനെ നിയോഗിക്കുകയും ചെയ്തു. ഇപ്രാവശ്യത്തെ ലോഗോസ് സന്ന്യസ്ത പ്രതിഭയ്ക്ക് വിശുദ്ധനാടു തീർത്ഥാടനത്തിന് അവസരം നല്കുന്നതു നന്നായിരിക്കുമെന്ന ഫാ. അഗസ്റ്റിൻ കുറ്റിയാനിയച്ചന്റെ അഭിപ്രായം ഏവർക്കും സ്വീകാര്യമായി. ഇതിനെക്കുറിച്ചു പദ്ധതിയിടാനും നടത്തിപ്പിനുള്ള കാര്യങ്ങൾ ഒരുക്കാനുമായി ശ്രീമതി കൊച്ചുത്രേസ്യായെയും സി. നിമയെയും ഉത്തരവാദിത്വമേല്പിച്ചു. ഓഗസ്റ്റു മാസത്തിൽ അന്ധരും ബധിരരും മൂകരുമായവരുടെ സമ്മേളനത്തിൽ വച്ച് ആക്സെസ്സിബിൾ ബൈബിൾ, സൈൻ ബൈബിൾ എന്നിവയുടെ പ്രകാശനം നിർവഹിക്കാൻ തക്കവിധത്തിൽ എല്ലാം ക്രമീകരിക്കാൻ ശ്രീ. ആന്റണി സച്ചിനെ യോഗം ഭരമേല്പിച്ചു. ഡിസംബർ മാസത്തിൽ അഖണ്ഡ ബൈബിൾ പാരായണ യജ്ഞം പി.ഒ.സിയിൽ വിപുലമായ രീതിയിൽ സംഘടിപ്പിക്കാൻ ശ്രീ. ആന്റണി സച്ചിൻ, ശ്രീമതി ജാൻസി ജേക്കബ് എന്നിവരെ ഉത്തരവാദിത്വമേല്പിച്ചു.

3. അംഗത്വ ചെലവുകൾ: ജൂബിലി വർഷ അംഗത്വശേഖരണത്തിലൂടെ ഏകദേശം 30 ലക്ഷത്തോളം രൂപ സമാഹരിക്കുകയുണ്ടായി. അതിൽനിന്നും ഗിഫ്റ്റ് ബൈബിൾ ഇനത്തിലും, പ്രൊമോട്ടർമാർക്കുള്ള വിഹിതത്തിലും ഏകദേശം 12 ലക്ഷത്തോളം രൂപ ചെലവായി എന്ന കണക്ക് സി. നിമ സി.ടി.സി. അവതരിപ്പിച്ചു. ഇങ്ങനെ പോയാൽ സൊസൈറ്റിക്ക് ഭാവിയിൽ ഉറപ്പായും ബാധ്യതയുണ്ടാകും എന്നതിനാൽ ഇക്കാര്യത്തിൽ ഒരു പരിഹാരം കാണേണ്ടതുണ്ടെന്ന് സെക്രട്ടറി വ്യക്തമാക്കി. സമ്മാനബൈബിളിന്റെ എണ്ണം പകുതിയായി കുറയ്ക്കണമെന്ന് നിർദ്ദേശമുണ്ടായി.

ഏറ്റവും കൂടുതൽ മെമ്പർഷിപ്പ് എടുക്കുന്ന ഇടവകയ്ക്ക് ഒരു സമ്മാനം കൊടുക്കണമെന്ന് ശ്രീമതി ജാൻസി ജേക്കബ് അഭിപ്രായപ്പെട്ടു. അതു പൊതുവേ സ്വീകാര്യമായി.

4. രൂപതകളിൽ സൊസൈറ്റി അംഗങ്ങളുടെ യോഗം: പാലാ രൂപതയിൽ ഒന്നുകൂടി യോഗം നടത്തുന്നതിനെക്കുറിച്ച് ആലോചനയുണ്ടെന്ന് ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ പറഞ്ഞു.

5. ലോഗോസ് ക്വിസ്: ലോഗോസിന്റെ സംസ്ഥാനതലപരീക്ഷയുടെ ചോദ്യങ്ങൾ ഒബ്ജക്റ്റീവ് ടൈപ്പ് വേണമെന്ന അഭിപ്രായം ശ്രീ. ലിയോ ടോം അവതരിപ്പിച്ചു. കൃത്യമായ വാല്യുവേഷന് അത് അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ഇപ്പോൾ ഇതുപോലെ തന്നെ പോകട്ടെയെന്നും പിന്നീട് ചിന്തയ്ക്കു വിഷയീഭവിപ്പിക്കാം എന്നും യോഗം അഭിപ്രായപ്പെട്ടു.

6. ജൂബിലി ബൈബിൾ മിഷൻ അംബാസിഡേഴ്സ്: ജൂബിലി ബൈബിൾ മിഷൻ അംബാസിഡർമാരായി ആകെ 7 പേർ മാത്രമേ ഇതുവരെ മുന്നോട്ടു വന്നിട്ടുള്ളൂ. അതുകൊണ്ട് എക്സിക്യൂട്ടിവ് കമ്മിറ്റിയംഗങ്ങൾ ഇതിനായി കൂടുതൽ യത്നിക്കണമെന്ന് സെക്രട്ടറിയച്ചൻ പറഞ്ഞു. ഇതുവരെയുള്ള അംബാസിഡർമാരെ വിളിച്ചുകൂട്ടി ബൈബിൾ വിതരണത്തിനുള്ള കാര്യങ്ങൾ ക്രമീകരിക്കണമെന്ന് യോഗം തീരുമാനിച്ചു. മാർച്ച് 12–ാം തീയതി കമ്മിറ്റി കൂടാൻ തീരുമാനമായി.
7. ആക്സെസ്സിബിൾ ബൈബിളും സൈൻ ബൈബിളും: ആക്സെസ്സിബിൾ ബൈബിളിന്റെ പ്രവർത്തനതത്ത്വങ്ങളെക്കുറിച്ച് ശ്രീ. ആന്റണി സച്ചിൻ വിശദീകരിച്ചു. അതിന് ഏകദേശം 3,75,000/– രൂപ ആകുമെന്നും അറിയിച്ചു. അടുത്ത ഏതെങ്കിലും അന്ധവിദ്യാലയത്തിൽ കൂടി അതു പരീക്ഷണ വിധേയമാക്കണമെന്ന് ശ്രീ. ജോസഫ് പന്തപ്ലാക്കൽ അഭിപ്രായപ്പെട്ടു. ശ്രീ. ജോസഫിനെയും സച്ചിനെയും ഇക്കാര്യം ഭരമേല്പിച്ചു.

സൈൻ ബൈബിൾ: ഈ വർഷം സൈൻ ബൈബിളിനായി 10 ഉപമകൾ സെലക്ട് ചെയ്ത് ഷൂട്ടുചെയ്യാൻ തീരുമാനമായി. അതിന്റെ സാമ്പത്തികവശങ്ങളെക്കുറിച്ച് ഒരു ധാരണ വരുത്താൻ ഒരു മാസത്തിനകം എക്സിക്യൂട്ടിവ് കമ്മിറ്റി ചേരുവാനും തീരുമാനമായി. സച്ചിൻ ഇതിനുവേണ്ട ക്രമീകരണങ്ങൾ നടത്താമെന്നേറ്റു.

ശ്രവ്യ ബൈബിൾ: സമ്പൂർണ ബൈബിളിന്റെ DVDയും CDയും പുറത്തിറങ്ങിയെന്നും പെൻഡ്രൈവ് ഉടനെതന്നെ പുറത്തിറക്കുമെന്നും സെക്രട്ടറിയച്ചൻ അറിയിച്ചു.

സി. നിമ സി.ടി.സി. ഏവർക്കും കൃതജ്ഞതയർപ്പിച്ചു. യോഗം വൈകീട്ട് 5.00 മണിക്ക് അവസാനിച്ചു.

# പ്രവർത്തന റിപ്പോർട്ട്

തിരുവനന്തപുരത്തു നടന്ന എക്സിക്യൂട്ടിവ് കമ്മിറ്റിയോഗത്തിനുശേഷം കമ്മിറ്റിയംഗങ്ങൾ നെയ്യാറ്റിൻകര രൂപതയുടെ പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന ലീജിയൻ ഓഫ് മേരിയുടെ രൂപതായോഗത്തിൽ പങ്കെടുത്തവരെ സന്ദർശിച്ചു. ബൈബിൾ സൊസൈറ്റിയെക്കുറിച്ച് വൈസ് ചെയർമാനും സെക്രട്ടറിയും അവരോടു സംസാരിച്ചു. പ്രൊമോട്ടർ ശ്രീമതി ജസീന്ത നെസമണി അംഗത്വശേഖരണത്തിനുള്ള തുടർ നടപടികൾ കൈക്കൊള്ളുന്നതാണ്.

ലോഗോസ് പ്രതിഭയ്ക്കുള്ള പാലയ്ക്കൽ തോമാ മല്പാൻ എൻഡോവ്മെന്റു തുക വർദ്ധിപ്പിക്കുന്നതിനായി പാലയ്ക്കൽ കുടുംബയോഗം നല്കുന്ന 2,50,000/– രൂപ ശ്രീ. പി. വി. ചാക്കോ സൊസൈറ്റി ഓഫീസിൽ ഏല്പിക്കുകയുണ്ടായി. അങ്ങനെ മൊത്തം 3,75,000/– രൂപയുടെ ഫിക്സഡ് ഡിപ്പോസിറ്റ് ഈ എൻഡോവ്മെന്റിന്റേതായുണ്ട്.

ആക്സസിബിൾ ബൈബിളിന്റെ സാമ്പിൾ ശ്രീ. സച്ചിൻ ആന്റണിയും ശ്രീ. ജോൺസണും സെക്രട്ടറിയച്ചനെ കാണിക്കുകയുണ്ടായി.

2014ലെ ബൈബിൾ വാരത്തോടനുബന്ധിച്ച് തീവ്ര അംഗത്വശേഖരണമാസമായി ആചരിക്കപ്പെട്ട ജൂൺ മാസത്തിൽ 4 പ്രൊമാട്ടർമാരുടെ പരിശ്രമഫലമായി മുന്നൂറോളം പുതിയ അംഗത്വങ്ങൾ ലഭിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ തുക ശേഖരിച്ച ബെസ്റ്റ് പ്രൊമോട്ടർ ശ്രീമതി ജാൻസി ജേക്കബും (Rs.98500/-) ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത ബെസ്റ്റ് പ്രൊമോട്ടർ ശ്രീമതി ജെസ്സി ക്ലീറ്റസുമാണ് (90 അംഗങ്ങൾ). ശ്രീമതി കൊച്ചുത്രേസ്യ സൈമണും (52 അംഗങ്ങൾ) ശ്രീമതി അനിതരാജും (28 അംഗങ്ങൾ) പ്രോത്സാഹന സമ്മാനങ്ങൾക്കർഹരായി.

ബൈബിൾ സൊസൈറ്റിയിൽ അംഗത്വം എടുക്കാനുള്ള ആഹ്വാനം ഫെയിസ്ബുക്ക് തുടങ്ങിയ സോഷ്യൽ മീഡിയകളിലൂടെ പരത്താൻ എക്സിക്യൂട്ടിവ് അംഗങ്ങൾ ശ്രമിക്കുകയുണ്ടായി. മലബാർ മേഖലയിൽ ശ്രീ. മാത്യു പ്ലാത്തോട്ടം അഭിവന്ദ്യ പിതാക്കന്മാരോടും ഡയറക്ടർമാരോടും ഇക്കാര്യം ചർച്ചചെയ്തു.

ലോഗോസ് ക്വിസ് രജിസ്ട്രേഷനുവേണ്ടിയുള്ള പരസ്യം സൺഡേ ഷാലോം, സത്യദീപം, ജീവനാദം എന്നിവയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി.

ജൂൺ മാസത്തിൽ ചേർന്ന സന്ന്യസ്തരുടെ മേജർ സുപ്പീരിയർമാരുടെ യോഗത്തിൽ സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവ് ബൈബിൾ സൊസൈ

റ്റിയുടെ ജൂബിലിയെക്കുറിച്ചു പരാമർശിക്കുകയും എല്ലാ സന്ന്യസഭവനങ്ങളും സൊസൈറ്റിയിൽ അംഗത്വം എടുത്തുവെന്ന് ഉറപ്പിക്കാൻ മേജർ സുപ്പീരിയർമാരോട് ആവശ്യപ്പെടുകയും ചെയ്തു. അംഗത്വശേഖരണാഭ്യർത്ഥനയുമായി ഇരുന്നൂറോളം കത്തുകൾ പിതാവിന്റെ ഒപ്പോടുകൂടി ഓഫീസിൽ നിന്ന് അയയ്ക്കുകയുണ്ടായി. ഭാവാത്മകമായ പ്രതികരണങ്ങൾ ലഭിച്ചു.

മാർ ജോർജ് പുന്നക്കോട്ടിൽ എൻഡോവുമെന്റിനുള്ള തുക 3,00,000/- രൂപ കോതമംഗലം മെത്രാസന മന്ദിരവും പുന്നക്കോട്ടിൽ കുടുംബാംഗങ്ങളും തുല്യവിഹിതം നല്കി സ്വരൂപിച്ചു. അവാർഡു ദാനത്തിന്റെ മാനദണ്ഡങ്ങളെക്കുറിച്ച് വ്യക്തതവരുത്തുന്നതിന്റെ ഭാഗമായി പലരുമായും ഇക്കാര്യത്തിൽ സെക്രട്ടറിയച്ചൻ ചർച്ച നടത്തി.

2015 ഫെബ്രുവരിയിൽ നടന്ന മറൈൻഡ്രൈവു കൺവെൻഷനിൽ ബൈബിൾ സൊസൈറ്റിയുടെ ഒരു സ്റ്റാളിനായി പരിശ്രമിച്ചെങ്കിലും സംഘാടകരുടെ പോളിസി അതിന് അനുകൂലമല്ലാതിരുന്നതിനാൽ സ്റ്റാളിടാനായില്ല. അവിടത്തെ ബുക്കുസ്റ്റാളിൽ നമ്മുടെ ഗ്രന്ഥങ്ങളും CDകളും എത്തിച്ചു വില്പനനടത്തുകയുണ്ടായി. മലയാറ്റൂർ തീർത്ഥാടനക്കാലഘട്ടത്തിൽ അവിടെ സൊസൈറ്റിയുടെ ബ്രോഷർ വിതരണം ചെയ്യുകയുണ്ടായി.

മാർ ജോർജ് പുന്നക്കോട്ടിൽ എൻഡോവുമെന്റിനുവേണ്ടിയുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കാൻ നിയുക്തമായ കമ്മിറ്റി സെപ്തംബർ 23-ാം തീയതി യോഗം ചേർന്ന് ദീർഘവും സൂക്ഷ്മവുമായ ചർച്ചകളിലൂടെ ഒരു രേഖ എഴുതിതയ്യാറാക്കി.

ജൂബിലി വിശേഷങ്ങൾ അറിയിച്ചുകൊണ്ടും അതാതു രൂപതകളിലെ സൊസൈറ്റിയംഗത്വം മെച്ചപ്പെടുത്താൻ ആഹ്വാനം ചെയ്തുകൊണ്ടുമുള്ള ചെയർമാൻ പിതാവിന്റെ കത്ത് എല്ലാ അഭിവന്ദ്യ പിതാക്കൻമാർക്കും അയയ്ക്കുകയുണ്ടായി.

ഓഗസ്റ്റു മാസം 12-ാം തീയതി ജൂബിലി സുവനീർ കമ്മിറ്റിയോഗം ചേർന്നു വിഷയങ്ങളെക്കുറിച്ചും എഴുത്തുകാരെക്കുറിച്ചും, തയ്യാറാക്കുന്ന രീതികളെക്കുറിച്ചും ഏകദേശ ധാരണയിലെത്തിച്ചേർന്നു.

സെപ്തംബർ 28-ാം തീയതി ഉച്ചതിരിഞ്ഞ് 34 രൂപതകളിലായി ലക്ഷക്കണക്കിനു പേർ ലോഗോസ് ബൈബിൾ ക്വിസിൽ പങ്കെടുത്തു. 5,52,000 പേർ രജിസ്റ്റർ ചെയ്ത ലോഗോസ് ക്വിസിൽ ഹിന്ദിയും തമിഴും ഉൾപ്പെടെ നാലു ഭാഷകളിൽ പരീക്ഷ നടന്നു. 250 വിദേശ മലയാളികൾ ഓൺലൈൻ ലോഗോസ് ക്വിസിനു രജിസ്റ്റർ ചെയ്തു.

അംഗത്വകാമ്പെയിൻ സോഷ്യൽ മീഡിയകളിലേക്കും വ്യാപിപ്പിക്കാൻ നമുക്കു കഴിഞ്ഞു. keralacatholicbiblesociety എന്ന പേരിൽ നാം തുറന്ന ഫേസ്ബുക്ക് പേജിൽ രണ്ടായിരത്തോളം പേർ ലൈക്കു ചെയ്തുകഴിഞ്ഞു. ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന 14 മിനിറ്റിന്റെ ഒരു വീഡിയോ മെമ്പർഷിപ്പ് കാമ്പെയിൻ ടീം തയ്യാറാക്കി യൂട്യൂബിലൂടെയും ഫെയിസ് ബുക്കിലൂടെയും പരത്തുകയുണ്ടായി.

ഓഡിയോ ബൈബിളിന്റെ ആൻഡ്രോയിഡ് ആപ്ലിക്കേഷൻ തയ്യാറായി. സ്മാർട്ട് ഫോണിൽ ഇപ്പോൾ സൗജന്യമായി ഓൺലൈനിൽ ബൈബിൾ ശ്രവിക്കാവുന്നതാണ്.

2014 ഒക്ടോബർ 11-ാം തീയതി ഉച്ചയ്ക്കുശേഷം ചേർന്ന പ്രീ-ജൂബിലി പയനിയേഴ്സ് മീറ്റിൽ മുൻകാല ഭാരവാഹികൾ ഉൾപ്പെടെ 38 പേർ പങ്കെടുത്തു. ജൂബിലി വർഷം ബൈബിൾ പ്രേഷിതരുടെ വർഷമാണെന്നും പ്രത്യേകിച്ച് ബൈബിൾ സൊസൈറ്റിയുടെ ഭാരവാഹിത്വം വഹിച്ചിട്ടുള്ളവരെല്ലാം ഒരിക്കൽ കൂടി സജീവരാകേണ്ട കാലമാണെന്നും ഏവരും അഭിപ്രായപ്പെട്ടു. ജൂബിലി ബൈബിൾ മിഷൻ പ്രോജക്ടിനെക്കുറിച്ചുള്ള ധാരണകൾ എഴുതി തയ്യാറാക്കാനുള്ള ടീമിന്റെ കൺവീനറായി ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കലിനെ തിരഞ്ഞെടുത്തു. ആദ്യത്തെ ജൂബിലി ബൈബിൾ മിഷൻ അംബാസിഡറായും അദ്ദേഹം മുന്നോട്ടു വന്നു. അദ്ദേഹത്തോടൊപ്പം ഡോ. അബ്രാഹം, അഡ്വ. ജോസി സേവ്യർ, സി. മരിയൂസ CMC, അഡ്വ. തോംസ്റ്റൺ എന്നിവർ ടീമിൽ വോളന്റിയർമാരായി ചേർന്നു. ജൂബിലി സ്മരണിക തയ്യാറാക്കുന്ന സമിതിയിലേക്ക് ശ്രീ. അഗസ്റ്റിൻ മാഷ്, ശ്രീ. കുരിയപ്പൻ, ശ്രീ. ബേബി മൂക്കൻ എന്നിവർ നിർദ്ദേശിക്കപ്പെട്ടു. ബൈബിൾ സൊസൈറ്റിയുടെ രജതജൂബിലി വർഷത്തെക്കുറിച്ച്

അഭിവന്ദ്യ സൂസൈപാക്യം പിതാവിന്റെ പേരിൽ ഒരു ലേഖനം തയ്യാറാക്കി എല്ലാ ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾക്കും അയച്ചു കൊടുത്തു. ജൂബിലി ബൈബിൾ മിഷൻ ടീം രണ്ടു പ്രാവശ്യം യോഗം ചേർന്ന് നിബന്ധനകൾ എഴുതി തയ്യാറാക്കി. അംബാസിഡർമാരായി നിർദ്ദേശിക്കപ്പെട്ടവർക്ക് ജൂബിലി ക്ഷണക്കത്തിനോടൊപ്പം അംബാസിഡർമാരാകാനുള്ള ക്ഷണവും അയച്ചു. ഇതിനകം ഒമ്പതു പേർ മുന്നോട്ടു വന്നു കഴിഞ്ഞു. സൗജന്യ ബൈബിൾ വിതരണത്തിന്റെ ആദ്യഘട്ടം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ. 4500 ബൈബിളുകൾ നല്കാനുള്ള തീരുമാനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. രൂപതകൾക്ക് 6200 ബൈബിളുകളും സൗജന്യമായി വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

2014 നവംബർ 29–ാം തീയതി രാവിലെ 10 മണിക്ക് സംസ്ഥാനതല ലോഗോസ് ക്വിസ് പി.ഒ.സിയിൽ വച്ചു നടത്തപ്പെട്ടു. ക്വിസ് നടത്തിപ്പിന് എക്സിക്യൂട്ടിവ് കമ്മിറ്റി–മാനേജിങ്ങ് കൗൺസിൽ അംഗങ്ങൾ നേതൃത്വം നല്കി. പുനലൂർ രൂപതാധ്യക്ഷൻ അഭിവന്ദ്യ സെൽവിസ്റ്റർ പൊന്നുമുത്തൻ പിതാവ് ഉദ്ഘാടനം ചെയ്തു. 6 പ്രായ വിഭാഗങ്ങളിലായി 452 പേർ പങ്കെടുത്തു. ഉത്തരക്കടലാസുകളുടെ മൂല്യനിർണയത്തിന് സന്ന്യസ്തരുൾപ്പെടെ 130 പേർ സഹായിച്ചു.

വിജയികളെ പ്രഖ്യാപിച്ചതിനുശേഷം സംസ്ഥാനതലത്തിൽ 5–ാം സ്ഥാനത്തെത്തിയവർക്കുള്ള ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും മെഡലും വൈസ് ചെയർമാന്റെ നേതൃത്വത്തിൽ ഭരണ സമിതിയംഗങ്ങൾ വിതരണം ചെയ്തു. വ്യത്യസ്ത പ്രായവിഭാഗക്കാർക്കായി ഉച്ചതിരിഞ്ഞു നടന്ന മൾട്ടിമീഡിയ ഫൈനൽ റൗണ്ടിൽ രണ്ടും മൂന്നും നാലും സ്ഥാനത്തെത്തിയവർക്കായുള്ള സമ്മാനദാനം വൈകീട്ട് 6 മണിക്ക് പി.ഒ.സി ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് നിർവഹിച്ചു.

ലോഗോസ് ഗ്രാൻഡ് ഫിനാലെ ടെലിക്വിസ് നവംബർ 30–ാം തീയതി നടന്നു. ക്വിസ്സിലുടനീളം അഭിവന്ദ്യ ചെയർമാൻ പിതാവിന്റെ സാന്നിധ്യമുണ്ടായിരുന്നു. കെ.സി.ബി.സി. മീഡിയ കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോളി വടക്കനച്ചൻ ക്വിസ് മാസ്റ്ററായിരുന്നു. പാലാരൂപതയിൽനിന്നുള്ള കുമാരി ബീന ജേക്കബ് ലോഗോസ് പ്രതിഭാപട്ടം ചൂടി. സമ്മാനത്തുകയിലെ ഗണ്യമായ വർധനവ് ഈ വർഷത്തെ ലോഗോസിന്റെ സവിശേഷതയായിരുന്നു. ലോഗോസ് ക്വിസ് ഗ്രാൻഡ് ഫിനാലെ ഗുഡ്നസ്സ് T.V. യിൽ ആറ് എപ്പിസോഡുകളിലായി സംപ്രേക്ഷണം ചെയ്തുകൊണ്ടിരിക്കുന്നു. ഒപ്പം, ഇതുവരെയുള്ള ലോഗോസ് പ്രതിഭകളെ അണിനിരത്തിക്കൊണ്ടുള്ള ലോഗോസ് ക്വിസ് അനുഭവങ്ങളുടെയും പഠിക്കാനുപയോഗിക്കുന്ന രീതികളുടെയും പങ്കുവയ്ക്കലുകളും സംപ്രേഷണം ചെയ്യുന്നു.

ലോഗോസിനോടനുബന്ധിച്ച് ബൈബിളും കേരളവും, ഉത്പത്തിക്കഥകൾ, ആൽഫയും ഒമേഗയും എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച് അയച്ചുകൊടുക്കുകയുണ്ടായി. ഇപ്രാവശ്യം 25000 കലണ്ടറുകളാണ് നാം തയ്യാറാക്കിയത്. മൂന്നു റീത്തുകളുടെയും ആരാധനക്രമ വായനകൾ ഒരു കലണ്ടറിൽ ക്രമപ്പെടുത്തിയത് ഇത് ആദ്യമായാണ്.

നവംബർ 30ന് ഉച്ചതിരിഞ്ഞ് 3 മണിക്ക് ആരംഭിച്ച ജൂബിലിവർഷ ഉദ്ഘാടനചടങ്ങിൽ അനേകം വിശിഷ്ടാതിഥികൾ പങ്കെടുത്തു. വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം സ്വാഗതമാശംസിച്ചു. കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി മുഖ്യപ്രഭാഷണം നടത്തി യോഗത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. അഭിവന്ദ്യ സൂസൈപാക്യം പിതാവ് യോഗത്തിൽ അധ്യക്ഷനായിരുന്നു. സുപ്രീം കോടതി ജസ്റ്റീസും സൊസൈറ്റിയുടെ മുൻ വൈസ് ചെയർമാനുമായ ജസ്റ്റീസ് കുര്യൻ ജോസഫ് രജത ജൂബിലി വർഷം തിരിതെളിച്ച് ഉദ്ഘാടനം ചെയ്തു. മുൻചെയർമാൻ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. ഗ്രാൻഡ് ഫിനാലെയിലെത്തിയ എല്ലാവർക്കും, പ്രത്യേകിച്ച് ലോഗോസ് പ്രതിഭയ്ക്കുമുള്ള സമ്മാനങ്ങളും സർട്ടിഫിക്കറ്റും സ്വർണമെഡലും അഭിവന്ദ്യ ചെയർമാൻ പിതാവ് വിതരണം ചെയ്തു. റവ. ഫാ. വർഗീസ് വള്ളിക്കാട്ടും റവ. ഫാ. സൈറസ് വേലംപറമ്പിലും ആശംസകൾ അർപ്പിച്ചു. പാലയ്ക്കൽ കുടുംബയോഗത്തിന്റെ പ്രസിഡന്റ് ശ്രീ. ജോയി പാലയ്ക്കൽ സംസാരിച്ചു. ബൈബിൾ റീഡിങ്ങ് കലണ്ടറിന്റെ ഉദ്ഘാടനം സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ സീനിയർ വൈസ് ചെയർമാൻ ജേക്കബ് കാവാലം നിർവഹിച്ചു. മാർ ജോർജ്ജ് പുന്നക്കോ

ട്ടിൽ വചനസർഗപ്രതിഭാ അവാർഡിനെക്കുറിച്ചുള്ള ഔദ്യോഗികമായ പ്രഖ്യാപനം അഭിവന്ദ്യ ചെയർമാൻ പിതാവ് സമ്മേളനമധ്യേ നടത്തി. ജൂബിലി ബൈബിൾ മിഷന്റെ ആദ്യത്തെ അംബാസഡർമാരായി മുന്നോട്ടു വന്ന ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീ. O. T. അലക്സാണ്ടർ, ശ്രീ. എൽവിസ് കോട്ടൂരാൻ എന്നിവരെ യോഗം അഭിനന്ദിച്ചു. സമ്പൂർണ ഓഡിയോ ബൈബിളിന്റെ പ്രകാശനം മാർ ജോർജ്ജ് പുന്നക്കോട്ടിൽ നിർവഹിച്ചു. ശ്രീ. മാർട്ടിൻ പി. ജോസ്, റവ. ഫാ. ജെയ്റ്റസ് OFM Cap., ശ്രീ. തോമസ് പോൾ, കലാകാരന്മാർ എന്നിങ്ങനെ ശ്രവ്യ ബൈബിളിന്റെ നിർമ്മാണത്തിനു പിന്നിൽ പ്രവർത്തിച്ചവരെ മെമെന്റോ നല്കി ആദരിച്ചു. ഫാ. ജോഷി മയ്യാറ്റിൽ ഏവർക്കും കൃതജ്ഞത പ്രകാശിപ്പിച്ചു. ജുവന്റസ് 13 ബാൻഡിന്റെ പ്രാർത്ഥനാനൃത്തവും ഗാനവിരുന്നും യോഗത്തെ സുന്ദരവും ഹൃദ്യവുമാക്കി. യോഗത്തിൽ മുന്നൂറോളം പേർ പങ്കെടുത്തു.

കഴിഞ്ഞ ഡിസംബർ മാസം ഒന്നു മുതൽ നാലു വരെ ബോംബെയിൽ വച്ചു നടന്ന കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ ദക്ഷിണേഷ്യൻ സബ് റീജിയൻ യോഗത്തിൽ സെക്രട്ടറി പങ്കെടുക്കുകയുണ്ടായി. ശ്രീലങ്ക, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങളുൾപ്പെടുന്ന ഈ സബ് റീജിയണിൽ ഒരു പൊതു പ്രവർത്തനമെന്ന നിലയിൽ ലോഗോസ് ക്വിസ് നടത്താവുന്നതാണെന്ന് നിർദ്ദേശിച്ചു. മാനേജിങ്ങ് കൗൺസിൽ അംഗം ശ്രീമതി എലിസബത്ത് ടീച്ചറുടെ ഭർത്താവ് ജോയിയുടെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ചു നടന്ന ദിവ്യബലിയിലും വിരുന്നിലും ശ്രീ. ആന്റണി പാലിമറ്റം, ശ്രീ. ജോസഫ് പന്തപ്ലാക്കൽ, ഫാ. ജോഷി എന്നിവർ പങ്കെടുത്തു. എക്സിക്യൂട്ടിവ് അംഗം ശ്രീ. മാത്യു പ്ലാത്തോട്ടത്തിന്റെ മകളുടെ വിവാഹത്തിൽ സംബന്ധിക്കാൻ വൈസ് ചെയർമാന്റെ നേതൃത്വത്തിൽ ഭരണസമിതിയംഗങ്ങളിൽ ചിലർ പോയിരുന്നു.

2015 ഫെബ്രുവരി 7-ാം തീയതി സൊസൈറ്റിയുടെ പ്രൊമോട്ടർമാരുടെ യോഗം ചേരുകയുണ്ടായി. 15 പേർ പങ്കെടുത്തു. അംഗത്വകാമ്പെയിൻ തീവ്രതരമാക്കാൻ തീരുമാനമായി. ഫെബ്രുവരി 15 മുതൽ മാർച്ച് 31വരെ ഏറ്റവും കൂടുതൽ അംഗത്വം ശേഖരിക്കുന്നവർക്കും ഏറ്റവും കൂടുതൽ അംഗത്വതുക ശേഖരിക്കുന്നവർക്കും ക്യാഷ് അവാർഡ് പ്രഖ്യാപിച്ചു. ഈ കാലയളവിൽ 2,97,000/-രൂപ അംഗത്വതുകയായി ശേഖരിച്ച റവ. സി. മേരി ട്രീസ C.T.C, 144 അംഗങ്ങളെ ചേർത്ത ശ്രീമതി ജാൻസി ജേക്കബ് എന്നിവർ സമ്മാനർഹരായി. ശ്രീ. ആന്റണി പാലിമറ്റം, ശ്രീമതി അനിത എന്നിവർ പ്രോത്സാഹന സമ്മാനത്തിന് അർഹരായി.

മെയ് 13 മുതൽ 22 വരെ വിശുദ്ധനാട് തീർത്ഥാടനം സംഘടിപ്പിക്കാൻ വേണ്ട ഒരുക്കങ്ങൾ നടത്തുകയും ജനുവരിയിൽ മലയാള മനോരമ പത്രത്തിൽ പരസ്യം നല്കുകയും ചെയ്തെങ്കിലും പശ്ചിമേഷ്യയിൽ ശക്തിപ്പെട്ടു വരുന്ന പ്രതികൂലസാഹചര്യങ്ങളും, രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണത്തിൽ കണ്ട ഗണ്യമായ കുറവും കണക്കിലെടുത്ത് കൂടുതൽ സാമ്പത്തിക നഷ്ടം ഉണ്ടാകാതിരിക്കാനായി ഈ പദ്ധതി ഉപേക്ഷിക്കാൻ നാം നിർബന്ധിതരായി.

ലിറ്ററേച്ചർ കമ്മിറ്റിയുടെ ഉത്തരവാദിത്വത്തിൽ പാലായിൽ വച്ചുനടന്ന ജീസസ് യൂത്തിന്റെ കുടുംബസംഗമത്തിലും എറണാകുളം മറൈൻ ഡ്രൈവിൽ മാതൃഭൂമി ബുക്ക്സ് ഒരുക്കിയ അന്തർദ്ദേശീയ പുസ്തകമേളയിലും ബൈബിൾ സൊസൈറ്റി പ്രസിദ്ധീകരിച്ച പുസ്തകങ്ങളും CDകളും പ്രദർശനത്തിനും വില്പനയ്ക്കുമായി വയ്ക്കുകയുണ്ടായി. ഏറെ പുസ്തകങ്ങൾ വിറ്റഴിഞ്ഞു.

2015 മാർച്ച് 5-ാം തീയതി നടന്ന ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരുടെ യോഗത്തിൽ വർഷാവസാനം രൂപതകളിലേക്കു കൊണ്ടുപോകുന്ന ബൈബിളുകൾക്ക് 80, 90 എന്നീ നിരക്കു വ്യത്യാസങ്ങൾ ഉള്ളത് ഏറെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നു എന്ന ഡയറക്ടർമാരുടെ പരാതിയെത്തുടർന്ന്, രൂപതകൾക്കു നല്കുന്ന സബ്സിഡി ബൈബിൾ നിരക്ക് ഏകീകരിക്കാൻ തീരുമാനമായി. അവർ ഇനി മുതൽ 90 രൂപ എല്ലാ ബൈബിളിനും നല്കേണ്ടിവരും.

അംഗത്വമെടുക്കുന്നവർക്കു നല്കുന്ന സമ്മാന ബൈബിളുകളുടെ എണ്ണം നേർപകുതിയായി കുറയ്ക്കണമെന്ന തീരുമാനം നടപ്പിലാക്കി.

ആക്സസ്സിബിൾ ബൈബിളിന്റെ പ്രവർത്തനക്ഷമത പരീക്ഷിക്കാനായി ശ്രീ. ജോസഫ് പന്തപ്ലാക്കലും ശ്രീ. ആന്റണി സച്ചിനും കാളകെട്ടിയിലുള്ള അസ്സിസി അന്ധ വിദ്യാലയം സന്ദർശിച്ചു. ആക്സസ്സിബിൾ ബൈബിളിന്റെ നിർമ്മാണത്തിനായുള്ള കോൺട്രാക്റ്റ് സെക്രട്ടറിയച്ചനും ശ്രീ. ആന്റണി സച്ചിനും 01.04.2015ൽ ഒപ്പുവച്ചു. അതിന്റെ അഡ്വാൻസ് തുകയായ 2,62,500/– നുള്ള ചെക്കു കൈമാറി.

ആക്സസ്സിബിൾ ബൈബിൾ, സൈൻ ബൈബിൾ എന്നിവയ്ക്കുള്ള സാമ്പത്തിക സഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള ഒരു വീഡിയോക്ലിപ്പിങ്ങ് ശ്രീ. സച്ചിന്റെയും ജോൺസന്റെയും സഹകരണത്തോടെ തയ്യാറാക്കുകയുണ്ടായി. പശ്ചിമേഷ്യയിലെ ചില പ്രാർത്ഥനാക്കൂട്ടായ്മകൾ ഇക്കാര്യത്തിൽ താല്പര്യം കാണിക്കുന്നുണ്ട്.

## നന്ദി

തിരുവചനശുശ്രൂഷ ചെയ്യുവാൻ സൊസൈറ്റിയെ നിരന്തരം അനുഗ്രഹിക്കുന്ന സർവ്വേശ്വരന് സൊസൈറ്റി അംഗങ്ങളുടെ കൃതജ്ഞതാഹൃദയമലരുകൾ! തന്റെ തിരക്കേറിയ ജീവിതത്തിനിടയിലും സൊസൈറ്റി സംബന്ധമായ കാര്യങ്ങൾക്ക് എപ്പോഴും മുൻഗണന നല്കുന്ന സൊസൈറ്റി ചെയർമാൻ അഭിവന്ദ്യ സൂസൈപാക്യം പിതാവിന് സ്നേഹപൂർവ്വം നന്ദി പറയുന്നു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ വേണ്ട എല്ലാ സഹായസഹകരണങ്ങളും ചെയ്ത മാനേജിംഗ് കൗൺസിൽ–എക്സിക്യൂട്ടിവ് കമ്മിറ്റി ഭാരവാഹികളെ പ്രത്യേകം നന്ദിയോടെ അനുസ്മരിക്കുന്നു. പ്രത്യേകിച്ച് വൈസ് ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം, ജോയിന്റ് സെക്രട്ടറി ശ്രീ. ജിസ്മോൻ തുടിയൻപ്ലാക്കൽ, ട്രഷറർ സി. നിമ സി.ടി.സി., ഓഡിറ്റർ ശ്രീ. പി.സി. വർഗീസ്, പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട്, പി.ഒ.സി. യിലെ സ്റ്റാഫംഗങ്ങൾ, എം എസ്സ്സി സൈക്കോളജി വിദ്യാർത്ഥികൾ എന്നിവർക്ക് ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു.

ബൈബിൾ സൊസൈറ്റിയുടെ എല്ലാ ഭാവി പ്രവർത്തനങ്ങളെയും ദൈവപിരപാലനയ്ക്ക് സമർപ്പിച്ചുകൊണ്ടും സൊസൈറ്റുയുടെ എല്ലാ പ്രവർത്തനങ്ങൾക്കും എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ടും ഈ റിപ്പോർട്ട് സവിനയം സമർപ്പിക്കുന്നു.

റവ. ഡോ. ജോഷി മയ്യാറ്റിൽ
(സെക്രട്ടറി, കെ.സി.ബി.എസ്.)

---

## ചെയർമാന്റെയും രജതജൂബിലി!

പ്രാർത്ഥനയുടെ ശക്തിയാണ് തന്നെ ഇത്രയുംനാൾ മുന്നോട്ടുനയിച്ചതെന്നു തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് ഡോ. എം. സൂസൈപാക്യം പറഞ്ഞു. മെത്രാഭിഷേക രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി പാളയം സെന്റ് ജോസഫ് മെട്രോപ്പോളിറ്റൻ കത്തീഡ്രലിൽ നടന്ന കൃതജ്ഞതാ ബലിയിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

അസാധാരണമായ നേട്ടങ്ങളൊന്നും കൈവരിക്കാൻ സാധിച്ചില്ലെങ്കിലും ദൈവാനുഗ്രഹത്താൽ കഴിഞ്ഞ 25 വർഷം തിരുവനന്തപുരം അതിരൂപതയിൽ ആർക്കും ഒരു മെത്രാന്റെ കുറവ് അനുഭവപ്പെടാത്ത രീതിയിൽ അത്യാവശ്യ കാര്യങ്ങൾ കഴിയുന്നതും വിശ്വസ്തതയോടെയും ആത്മാർത്ഥതയോടെയും നിർവഹിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നും ആർച്ചുബിഷപ് കൂട്ടിച്ചേർത്തു. കേരള സമൂഹം അംഗീകരിച്ച വ്യക്തിത്വമാണ് ആർച്ച് ബിഷപ് ഡോ. എം. സൂസൈപാക്യത്തിന്റേതെന്ന് കെ.പി.സി.സി. പ്രസിഡന്റ് വി. എം സുധീരൻ പറഞ്ഞു. ആർച്ച് ബിഷപ്പിന്റെ മെത്രാഭിഷേക രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി പാളയം സെന്റ് ജോസഫ് മെട്രോപ്പോളിറ്റൻ കത്തീഡ്രൽ ഹാളിൽ നടന്ന ഫോട്ടോ എക്സിബിഷൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

# ദൈവവചനാഭിമുഖ്യം ജീവിതശൈലിയാകണം: കർദിനാൾ മാർ ആലഞ്ചേരി

കൊച്ചി: അനുദിന ജീവിതത്തിൽ ദൈവവചനത്തോടുള്ള ആഭിമുഖ്യം ശൈലിയാകണമെന്നു സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഓർമിപ്പിച്ചു. കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ രജതജൂബിലി ആഘോഷങ്ങൾക്കു തുടക്കം കുറിച്ച് എറണാകുളം പിഒസിയിൽ നടന്ന പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തോടെയാണു കാത്തലിക് ബൈബിൾ സൊസൈറ്റി പ്രാരംഭഘട്ടത്തിൽ പ്രവർത്തിച്ചത്. പിന്നീട് ഇത് ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന നിലയിലേക്കു വളർന്നു. വിവിധ മാധ്യമങ്ങളിലൂടെ ബൈബിൾ എല്ലാവരിലേക്കുമെത്തിക്കാനുള്ള ബൈബിൾ സൊസൈറ്റിയുടെ ഇന്നത്തെ പരിശ്രമങ്ങൾ ശ്ലാഘനീയമാണ്. മാർ ജോർജ് പുന്നക്കോട്ടിൽ കെസിബിസിയുടെ ബൈബിൾ പ്രേഷിതരംഗത്തു നല്കിയിട്ടുള്ള സേവനങ്ങൾ മഹത്താണെന്നും കർദിനാൾ മാർ ആലഞ്ചേരി അനുസ്മരിച്ചു.



ജൂബിലി വർഷത്തിന്റെ ഉദ്ഘാടനം സുപ്രീം കോടതി ജഡ്ജി ജസ്റ്റീസ് കുര്യൻ ജോസഫ് നിർവഹിച്ചു. വചനമനുസരിച്ചു ജീവിക്കുവാനുള്ള ദൗത്യമാണു ബൈബിൾ സൊസൈറ്റി അംഗത്വത്തിലൂടെ ഓരോരുത്തരും ഏറ്റെടുക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. വായിക്കുകയും പഠിക്കുകയും ചെയ്യുന്നതിനപ്പുറം വചനം ജീവിതം കൊണ്ടു സാക്ഷാത്കരിക്കുകയാണ് വേണ്ടത്. ഉള്ളതും ഉള്ളവും പങ്കുവയ്ക്കുന്നിടത്താണു വചനപ്രഘോഷണം കൂടുതൽ ഫലപ്രദമാകുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കെസിബിഎസ് ചെയർമാൻ ആർച്ച്ബിഷപ് ഡോ. എം. സൂസപാക്യം അധ്യക്ഷത വഹിച്ചു. ജൂബിലി ബൈബിൾ മിഷൻ പ്രോജക്ടിന്റെ ഉദ്ഘാടനവും അംബാസിഡർ പ്രഖ്യാപനവും അദ്ദേഹം നിർവഹിച്ചു. മുൻ ചെയർമാൻ ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ ഓഡിയോ ബൈബിൾ പ്രകാശനവും അനുഗ്രഹപ്രഭാഷണവും നടത്തി. ജൂബിലി വർഷ ബൈബിൾ കലണ്ടർ സൗത്ത് ഇന്ത്യൻ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റ് ജോസഫ് ജോർജ് കാവാലം പ്രകാശനം ചെയ്തു.



# രജതജൂബിലി ശോഭയിൽ



ആന്റണി പാലിമറ്റം
വൈസ് ചെയർമാൻ

കേരളസഭയുടെ ബൈബിൾ പ്രേഷിതത്വമേഖലയിൽ സഭാമക്കൾക്ക് ഒന്നിച്ചു പ്രവർത്തിക്കുന്നതിന് വേദിയൊരുക്കുക എന്ന ലക്ഷ്യവുമായി കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിൽ സ്ഥാപിതമായ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി അതിന്റെ ജൈത്രയാത്ര തുടങ്ങിയിട്ട് 25 വർഷങ്ങൾ പിന്നിടുകയാണ്. സഭാമക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഈ കാലയളവിൽ ബൈബിൾ പ്രേഷിതരംഗത്ത് വിപ്ലവകരമായ ചുവടുവയ്പുകൾ നടത്തി വിജയകരമായി മുന്നേറിയിരിക്കുന്നു.

ബൈബിൾ സൊസൈറ്റിയുടെ ആരംഭകാലം മുതല്ക്കേ സഭാനേതൃത്വത്തിനൊപ്പം കൈകോർത്തു നിന്ന് സൊസൈറ്റിയെ വളർത്തിയ ഒരു വലിയ അല്മായ നേതൃനിര തന്നെയുണ്ട്. സൊസൈറ്റിയുടെ പ്രാരംഭം മുതലേ സജീവാംഗവും നിയമാവലി ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിലെ അംഗവും 1995–1998 കാലഘട്ടത്തിൽ വൈസ് ചെയർമാനുമായിരുന്ന സുപ്രീം കോടതിജഡ്ജിയായി സേവനമനുഷ്ഠിക്കുന്ന ജസ്റ്റിസ് കുര്യൻ ജോസഫ് തന്നെ ഈ ജൂബിലി വർഷം ഉദ്ഘാടനം ചെയ്യാൻ എത്തിയത് ഏറെ ചാരിതാർത്ഥ്യജനകമാണ്. നിയമാവലി ഡ്രാഫ്റ്റിംഗ് കമ്മിറ്റിയിലെ മറ്റൊരംഗവും സൊസൈറ്റിയുടെ സജീവാംഗവും മുൻ സുപ്രീം കോടതി ജഡ്ജിയും ദേശീയ മനുഷ്യാവകാശകമ്മീഷനംഗവുമായ ജസ്റ്റിസ് സിറിയക് ജോസഫ് രജതജൂബിലി വർഷ കുടുംബസംഗമത്തിനും വാർഷിക പൊതുയോഗത്തിനും മുഖ്യാതിഥിയായി എത്തുന്നുവെന്നതും ഏറെ സന്തോഷപ്രദമാണ്.

**അഭിമാനപൂർവം . . .**

കഴിഞ്ഞ കാൽനൂറ്റാണ്ടുകാലത്തെ പ്രവർത്തനങ്ങളിലൂടെ ബൈബിൾ എല്ലാവരിലും എത്തിക്കുന്നതിനും ബൈബിൾപഠനവും വായനയും ധ്യാനവും ക്രൈസ്തവരുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കുന്നതിനും അക്രൈസ്തവമേഖലകളിൽ വിശുദ്ധഗ്രന്ഥത്തിലെ ജീവവചസ്സുകൾ എത്തിക്കുന്നതിനും അഭിനന്ദനാർഹമായ നേട്ടം സൊസൈറ്റി കൈവരിച്ചിട്ടുണ്ട്.

ആറ് ലക്ഷത്തോളം പേർ വർഷാവർഷം പങ്കെടുത്തുകൊണ്ടിരിക്കുന്ന ലോഗോസ് ബൈബിൾ ക്വിസ് 2012ൽ റോമിൽ വച്ചു നടന്ന മെത്രാൻ സിനഡിലും 2015ൽ നേമിയിൽ വച്ചു നടന്ന കാത്തലിക് ബിബ്ലിക്കൽ ഫെഡറേഷന്റെ പ്ലീനറി അസംബ്ലിയിലും 'നവസുവിശേഷവത്കരണത്തിന്റെ കേരള മോഡൽ' എന്നു വിശേഷിപ്പിക്കപ്പെട്ട് ആഗോളസഭയുടെ കൈയടി നേടിയപ്പോൾ കേരളസഭാമക്കൾക്കുള്ള സർവത്രികസഭയുടെ അംഗീകാരവും ആദരവുമായി അതു മാറുകയായിരുന്നു. ഇന്ന് ഉത്തരേന്ത്യയിലേക്കും വിദേശരാജ്യങ്ങളിലേക്കും ലോഗോസ് ക്വിസ് വ്യാപിച്ചുകൊണ്ടിരിക്കുന്നുവെന്നത് സൊസൈറ്റിക്ക് ഏറെ ചാരിതാർത്ഥ്യം നല്കുന്നു.




പഠന–പരിശീലനങ്ങളിലൂടെ ധാരാളം വചനശുശ്രൂഷകരെ സഭയ്ക്കും സമൂഹത്തിനും നല്കാൻ സൊസൈറ്റിക്കു കഴിഞ്ഞിട്ടുണ്ട്. ബൈബിൾ പഠനപദ്ധതികൾ, ബൈബിൾ പ്രചാരകരെ പരിശീലിപ്പിക്കൽ, ബൈബിൾ അപ്പസ്തോലേറ്റുകളുടെ പ്രവർത്തനങ്ങളിൽ സഹായിക്കുന്ന പ്രേഷിതരുടെ രൂപീകരണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ അനേകരെ സുവിശേഷവെളിച്ചത്തിലേക്ക്

നയിക്കാനും സൊസൈറ്റിക്കു കഴിഞ്ഞു. നിത്യജീവൻ ലക്ഷ്യം വച്ചുള്ള ബൈബിൾ സൊസൈറ്റിയുടെ ശുശ്രൂഷകളിൽ പങ്കാളികളായ ആയിരങ്ങളുടെ പ്രാർത്ഥനയും ത്യാഗവുമാണ് വലിയ ദൈവാനുഗ്രഹമായി ഇന്നു മാറിയിരിക്കുന്നത്.

സബ്സിഡി നിരക്കിൽ ബൈബിൾ സംലഭ്യമാക്കുക, ബൈബിൾ സംബന്ധിയായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക, ഭാരതസഭയിൽ താരതമ്യേന ദരിദ്രമായ റീജിയണൽ സഭകളിൽ തദ്ദേശഭാഷകളിൽ ബൈബിൾ പ്രസാധനം ചെയ്യുന്നതിന് സാമ്പത്തിക സഹായം നല്കുക, ജയിലുകൾ, പ്രൊഫഷണൽ കോളേജുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ ബൈബിൾ സൗജന്യമായി വിതരണം ചെയ്യുക, സഭാമക്കളെ ബൈബിൾ നാടുകൾ പരിചയപ്പെടുത്തി വിശ്വാസവളർച്ചയിലേക്ക് നയിക്കാൻ ഉപകരിക്കുന്ന വിശുദ്ധനാട് തീർത്ഥാടനം സംഘടിപ്പിക്കുക എന്നീ രംഗങ്ങളിലും സൊസൈറ്റി പ്രവർത്തനനിരതമാണ്. പ്രതിദിന ബൈബിൾ വായന കലണ്ടർ, ലഘുലേഖകൾ, ബൈബിൾ സംബന്ധിയായ ഗ്രന്ഥങ്ങൾ, വലിയ അക്ഷരത്തിൽ അച്ചടിച്ച പുതിയനിയമം, അന്ധർക്കും ബധിര–മൂക വിഭാഗങ്ങൾക്കുമായി തയ്യാറാക്കുന്ന പ്രത്യേക ബൈബിൾ, വചനാധിഷ്ഠിതമായ സാഹിത്യകൃതികൾ എന്നിവ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്ക് ഏറെ നിറപ്പകിട്ടേകുന്നു.




ആധുനിക സാങ്കേതികവിദ്യകൾ ദൈവവചനപ്രചരണത്തിന് ഉപയുക്തമാക്കുന്ന സമീപകാലപ്രവർത്തനങ്ങൾ കൊണ്ട് സൊസൈറ്റി ഏറെ ശ്രദ്ധപിടിച്ചുപറ്റിയിട്ടുണ്ട്. അവയിൽ ഓഡിയോ–വീഡിയോ സിഡികൾ, പെൻഡ്രൈവുകൾ, നെറ്റ് ആപ്ലിക്കേഷൻ എന്നിവ എടുത്തുപറയേണ്ടതാണ്. സമ്പൂർണ്ണ പി.ഒ.സി. ബൈബിൾ ശ്രവ്യരൂപത്തിൽ ഏറെ നിലവാരത്തോടുകൂടി തയ്യാറാക്കാൻ ബൈബിൾ സൊസൈറ്റിക്കു കഴിഞ്ഞുവെന്നത് ഇന്നിന്റെ അഭിമാനകാരണം മാത്രമല്ല, നാളെയുടെ സർഗരേഖയുമാണ്.

**ഹൃദയത്തിന്റെ ക്ഷണക്കത്ത്**

2014 നവംബർ 30ന് ഭദ്രദീപം കൊളുത്തപ്പെട്ട ജൂബിലി വർഷാചരണങ്ങൾ കേരള കത്തോലിക്കരുടെ വിശുദ്ധഗ്രന്ഥസ്നേഹവും തിരുവചനജ്ഞാനവും വചനസർഗാത്മകതയും പരിപോഷിപ്പിക്കുകതന്നെ ചെയ്യും. അതിന് ഉപയുക്തമാകുന്ന പരിപാടികൾ ജൂബിലിക്കാലത്തേക്ക് ദീർഘമായ പഠനങ്ങൾക്കും യോഗങ്ങൾക്കും ചർച്ചകൾക്കും ശേഷം പദ്ധതിയിട്ടു നടപ്പിലാക്കി വരുന്നു.

കേരളസഭാമക്കൾക്കു സഭയുടെ ദൈവവചന ശുശ്രൂഷയിൽ നേരിട്ട് ഇടപെടാനുള്ള അവസരമാണ് 25 വർഷം മുമ്പ് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിലൂടെ സംജാതമായത്. അനേകർ അതു ഫലപ്രദമായി വിനിയോഗിച്ചു. ഇനിയും സിംഹഭാഗം വിശ്വാസികളും ഇതെക്കുറിച്ച് അറിഞ്ഞിട്ടേയില്ല. മറ്റു ചിലർക്ക് ഇതത്ര ബോധ്യപ്പെട്ടിട്ടുമില്ല. ഏതായാലും ഒരു കാര്യം വ്യക്തം: "സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!" (റോമാ 10:5).



കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയോടു ചേർന്ന് ഈ കാലമത്രയും വചനപ്രഘോഷണ–പ്രചാരണ ദൗത്യത്തിൽ പങ്കാളികളായിട്ടുള്ള ഓരോരുത്തരോടും നന്ദിയും സ്നേഹവും പ്രകടിപ്പിക്കുന്നതിനോടൊപ്പം നമ്മുടെ ഈ കൂട്ടായ യജ്ഞത്തിൽ സ്നേഹപിതാവായ ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ബൈബിൾ സൊസൈറ്റിയുടെ സ്ഥാപന ചരിത്രത്തിലൂടെ...

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ സ്ഥാപന ചരിത്രത്തിലൂടെ നമുക്കൊന്നു കണ്ണോടിക്കാം:

1. 1990 ജൂൺ 14: പി.ഒ.സിയുടെ ജനറൽബോഡി യോഗത്തിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻചെയർമാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ ബൈബിൾ സൊസൈറ്റിയെക്കുറിച്ചുള്ള ആശയം പങ്കുവയ്ക്കുന്നു. റവ. ഡോ. അബ്രഹാം പേഴുംകാട്ടിൽ ആയിരുന്നു ബൈബിൾ കമ്മീഷൻ സെക്രട്ടറി.

2. 1990 ജൂലൈ 19: യോഗം ചേർന്ന് ബൈബിൾ സൊസൈറ്റിയെക്കുറിച്ചുള്ള ചർച്ചകൾ നടത്തുകയും പ്രാരംഭനടപടികൾക്കായി 11 പേരുടെ അഡ്ഹോക്ക് കമ്മിറ്റി രൂപീകരിക്കുകയും ചെയ്യുന്നു.




3. 1990 നവംബർ 30: അഡ്ഹോക്ക് കമ്മിറ്റി യോഗം ചേർന്ന് ബൈബിൾ സൊസൈറ്റിയുടെ ഔദ്യോഗിക ഉദ്ഘാടനത്തിനായി തീരുമാനങ്ങൾ എടുക്കുന്നു.

4. 1990 ഡിസംബർ 11: ബൈബിൾ സൊസൈറ്റിയുടെ ഔദ്യോഗികമായ ഉദ്ഘാടനം. കർദ്ദിനാൾ മാർ ആന്റണി പടിയറ, കെ.സി.ബി.സി. പ്രസിഡന്റ് ആർച്ച് ബിഷപ്പ് കൊർണേലിയൂസ് ഇലഞ്ഞിക്കൽ, ബൈബിൾ കമ്മീഷൻ ചെയർമാൻ മാർ ജോർജ്ജ് പുന്നക്കോട്ടിൽ, കെ.സി.ബി.സി ജനറൽ സെക്രട്ടറി മാർ ജെയിംസ് പഴയാറ്റിൽ, സി.ബി.സി.ഐ ജനറൽ സെക്രട്ടറി മാർ എഫ്രേം എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.

5. 1990 ഡിസംബർ 11: മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിന്റെ അധ്യക്ഷതയിൽ സൊസൈറ്റിയുടെ ആദ്യയോഗം.

6. 1991 സെപ്തംബർ 25: 649/91 എന്ന നമ്പറിൽ സൊസൈറ്റി രജിസ്റ്റർ ചെയ്യപ്പെടുന്നു.



**ദയാപരനായ കർത്താവ് വചനത്തിന്റെ ഈ യുവദാസനിൽ കരുണചൊരിയട്ടെ!**

തിരുവനന്തപുരം ലത്തീൻ അതിരൂപത വൈദികനും ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടറും ബൈബിൾ കലോത്സവം – 2014ന്റെ സംഘാടകനുമായിരുന്ന ബഹുമാനപ്പെട്ട **മൈക്കിൾ അൽബീനോ അച്ചൻ** 16.03.2015ൽ കർത്താവിൽ നിദ്രപ്രാപിച്ചു. അദ്ദേഹത്തിന് കൃതജ്ഞതാമലരുകളോടെ,

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
കേരള കാത്തലിക് ബൈബിൾ സൊസൈറ്റി.

# ബീന ജേക്കബ് 2014ലെ ലോഗോസ് പ്രതിഭ



പാലാ: കെ.സി.ബി.സി ലോഗോസ് ബൈബിൾ ക്വിസ് മത്സരത്തിൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനവും ലോഗോസ് പ്രതിഭാ പട്ടവും ഒരിടവേളയ്ക്കുശേഷം പാലാ രൂപതയിലേക്ക് എത്തിയിരിക്കുന്നു. രൂപതയിലെ കുന്നോന്നി ഇടവകാംഗമായ ബീന ജേക്കബ് പുളിക്കകുന്നേലാണ് 2014ലെ ലോഗോസ് പ്രതിഭാപട്ടം ചൂടിയത്. അഞ്ചു ലക്ഷത്തിഅമ്പത്തിരണ്ടായിരം പേരിൽ നിന്നാണ് ബീന ഒന്നാം സ്ഥാനത്തെത്തിയത്. ഡി. വിഭാഗത്തിലാണ് ബീന ജേക്കബ് മത്സരിച്ചത്. വിശുദ്ധനാട് തീർത്ഥാടനവും ക്യാഷ് അവാർഡും പ്രതിഭയുടെ രൂപതയ്ക്ക് പാലയ്ക്കൽ തോമ്മാ മല്പാൻ എവറോളിംഗ് ട്രോഫിയുമാണ് സമ്മാനം.




പുളിക്കകുന്നേൽ റിട്ട. അധ്യാപകനായ പി. വി. ചാക്കോ – അന്നമ്മ ദമ്പതികളുടെ മകളാണ്. ലോഗോസ് 2006–ൽ സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനവും രണ്ടുതവണ രണ്ടാം സ്ഥാനവും കരസ്ഥമാക്കിയ ബീന ഇടവകയിലെ വേദപാഠാധ്യാപികയും ക്വിസ് മത്സരങ്ങൾക്കായി കുട്ടികളെ ഒരുക്കുന്നതിൽ സദാ സന്നദ്ധയുമാണ്. ബി.എസ്.സി. ബി.എഡ്. ബിരുദധാരിയാണ്. പാലാ രൂപതയിൽ എ.കെ.സി.സി. നടത്തിയ ക്വിസ് മത്സരത്തിൽ ഒന്നാം സമ്മാനമായി ലഭിച്ച ഒരു ലക്ഷം രൂപ കുന്നോന്നി ഇടവകയിലെ പള്ളിമുറിയുടെ നിർമാണത്തിനായി സംഭാവന ചെയ്തിരുന്നു. ലോഗോസിലും സമ്മാനമായി ലഭിക്കുന്ന തുക അർഹതപ്പെട്ടവരങ്ങളിലെത്തിക്കണമെന്നാണ് ബീനയുടെ ആഗ്രഹം.




## ഈ വർഷം പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ

ഫാ. ഡേവിഡ് നെറ്റിക്കാടന്റെ 'ബൈബിളും കേരളവും' എന്ന പുസ്തകവും ശ്രീ. നെൽസൺ ഫെർണാണ്ടസിന്റെ 'ഉത്പത്തികഥകൾ', ഫാ. ചാക്കോ പുത്തൻ പുരയ്ക്കലിന്റെ 'ആൽഫായും ഒമേഗായും' എന്നീ പുസ്തകങ്ങളും ഈ വർഷം പുറത്തിറക്കി.

# ലോഗോസ് ക്വിസ് 2014 – ലെ സംസ്ഥാനതല ജേതാക്കൾ

## A വിഭാഗം

ഒന്നാം സമ്മാനം



**ആൻ മേരി തോമസ്**
താമരശ്ശേരി രൂപത

രണ്ടാം സമ്മാനം



**അൽന റോസ്മ സേവി**
ചങ്ങനാശ്ശേരി അതിരൂപത

മൂന്നാം സമ്മാനം



**മെറിൻ തോമസ്**
തൃശ്ശൂർ അതിരൂപത

## B വിഭാഗം

ഒന്നാം സമ്മാനം



**ഡിന്റ ബേബി**
കോതമംഗലം രൂപത

രണ്ടാം സമ്മാനം



**ഹെൽന ഹെന്റി**
തൃശൂർ അതിരൂപത

മൂന്നാം സമ്മാനം



**ആൻ ആന്റു**
എറണാകുളം അതിരൂപത

## C വിഭാഗം

ഒന്നാം സമ്മാനം



**ടോണി ബേബി**
ഇരിങ്ങാലക്കുട രൂപത

രണ്ടാം സമ്മാനം



**അമ്പിളി ലിയോ**
തൃശ്ശൂർ അതിരൂപത

മൂന്നാം സമ്മാനം



**സി. എയ്ഞ്ചൽ റോസ് എസ്.എ.ബി.എസ്**
പാലാ രൂപത

## D വിഭാഗം

ഒന്നാം സമ്മാനം



**ലോഗോസ് പ്രതിഭ**
**ബീന ജേക്കബ്**, പാലാ രൂപത

രണ്ടാം സമ്മാനം



**ഷെർമി കാർമു**
കോട്ടപ്പുറം രൂപത

മൂന്നാം സമ്മാനം



**സി. ബെറ്റി എൽ. എ. ആർ**
പാലാ രൂപത

## E വിഭാഗം

ഒന്നാം സമ്മാനം



**വൽസമ്മ സ്കറിയ**
ചങ്ങനാശ്ശേരി അതിരൂപത

രണ്ടാം സമ്മാനം



**ബാബു പോൾ**
പാലാ രൂപത

മൂന്നാം സമ്മാനം



**മാത്യു തൈക്കുന്നുമ്പുറത്ത്**
താമരശ്ശേരി രൂപത

## F വിഭാഗം

ഒന്നാം സമ്മാനം



**ഏലിക്കുട്ടി തോമസ്**
കോതമംഗലം രൂപത

രണ്ടാം സമ്മാനം



**ജാനറ്റ് ഐ. സി.**
തിരുവനന്തപുരം (ലാറ്റിൻ) അതിരൂപത

മൂന്നാം സമ്മാനം



**സി. ആനി ഡോൺ എസ്.എച്ച്**
ഇടുക്കി രൂപത

# 2014 അഖില കേരള ലോഗോസ് ക്വിസിൽ 4–ാം സ്ഥാനം നേടിയവർ

**A ഗ്രൂപ്പിൽ വെള്ളി മെഡലിനും 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ**

1 മേഘ ജിയോ – എറണാകുളം അങ്കമാലി അതിരൂപത
2 അൽഫോൻസ എലിസബത്ത – തലശ്ശേരി അതിരൂപത
3 അൽന റോസ്മ സേവി – ചങ്ങനാശ്ശേരി അതിരൂപത
4 നിഖിൽ റോയി – പാലക്കാട് രൂപത
5 റോജ്ന റോബർട്ട് – തിരുവനന്തപുരം (ലത്തീൻ) അതിരൂപത
6 ആതിര വസന്ത് – നെയ്യാറ്റിൻക്കര രൂപത
7 തോമസ് ഷാജി – പാലാ രൂപത

**B ഗ്രൂപ്പിൽ വെള്ളി മെഡലിനും 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ**

1 മെരീന സണ്ണി – പാലക്കാട് രൂപത
2 റോസ് മുട്ടത്ത് – തൃശൂർ അതിരൂപത
3 ആശ ജോസ് – എറണാകുളം അങ്കമാലി അതിരൂപത
4 അനില സോജൻ – തൃശൂർ അതിരൂപത
5 അൽഫോൻസ ഡെന്നീസ് – പാലാ രൂപത
6 ബിനിമോൾ ബെന്നി – കോതമംഗലം രൂപത
7 എലിസബത്ത് തടത്തിൽ പുരയിടത്ത്– താമരശ്ശേരി രൂപത

**C ഗ്രൂപ്പിൽ വെള്ളി മെഡലിനും 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ**

1 ജിനിറ്റ വലിയപറമ്പിൽ – തലശ്ശേരി അതിരൂപത
2 സി. അന്ന എസ് സി വി – എറണാകുളം അങ്കമാലി അതിരൂപത
3 ഗ്രീറ്റി ഡേവിഡ് – എറണാകുളം അങ്കമാലി അതിരൂപത
4 ആൽബർട്ട് എബ്രാഹം – പാലാ രൂപത
5 എവ്‌ലിൻ റോസ് റാഫി – തൃശൂർ അതിരൂപത
6 ഡയാന ജോർജ്ജ് – പാലാ രൂപത
7 രോഹിത് ജെയിംസ് ജോസഫ് – കൊല്ലം രൂപത

**D ഗ്രൂപ്പിൽ വെള്ളി മെഡലിനും 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ**

1 ഡോ. ജോളി പോൾ – എറണാകുളം അങ്കമാലി അതിരൂപത
2 റീന ലൂയിസ് എം – കൊല്ലം രൂപത
3 ബിന്ദു ടിജോ – കാഞ്ഞിരപ്പള്ളി രൂപത
4 വിനി ജിബു – രാമനാഥപുരം രൂപത
5 മോളി മാത്യു – വിജയപുരം രൂപത
6 ജെസ്സി ജോസ് മാണിക്കത്താൻ – എറണാകുളം അങ്കമാലി അതിരൂപത
7 ബെന്നി തോമസ് – തിരുവന്തപുരം മലങ്കര അതിരൂപത

**E ഗ്രൂപ്പിൽ വെള്ളി മെഡലിനും 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ**

1. ഫിലോമിന പോൾ – പാലാ രൂപത
2 ലൈല ജോൺ – പാലക്കാട് രൂപത
3 ആലീസ് മാത്യു – പാലാ രൂപത
4 മേരി മേഴ്സി കോറിയ – വരാപ്പുഴ അതിരൂപത
5 ഷേർളി തോമസ് – തൃശൂർ അതിരൂപത
6 സി. വിനീത എസ് എ ബി എസ് – കാഞ്ഞിരപ്പിള്ളി രൂപത
7. തെയ്യാമ്മ ബേബി – എറണാകുളം അങ്കമാലി അതിരൂപത

**F ഗ്രൂപ്പിൽ വെള്ളി മെഡലിനും 1000 രൂപയ്ക്കും സർട്ടിഫിക്കറ്റിനും അർഹരായവർ**

1. മേരി പൗലോസ് – എറണാകുളം അങ്കമാലി അതിരൂപത
2. എൽസി ജോയി – എറണാകുളം അങ്കമാലി അതിരൂപത

3 സി. അലക്സിസ്സ് എഫ് സി സി – കോതമംഗലം രൂപത
4 മേഴ്സി ജോർജ്ജ് – ഇരിങ്ങാലക്കുട രൂപത
5 റോസിലി അഗസ്റ്റിൻ – തൃശൂർ അതിരൂപത
6 ആനി പയസ്സ് – ഇരിങ്ങാലക്കുട രൂപത
7 സി. മരിയ സുമൻ – കോഴിക്കോട് രൂപത

## 2014 അഖില കേരള ലോഗോസ് ക്വിസ് മത്സരപ്പരീക്ഷയിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്ത ഇടവകകളും രൂപതകളും



**1. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

I എറണാകുളം അതിരൂപത – 66,824
– 3,000 രൂപയും മെമന്റോയും

II തൃശൂർ അതിരൂപത – 56,000
– 2,000 രൂപയും മെമന്റോയും

III പാലാ രൂപത – 42,850
– 1,000 രൂപയും മെമന്റോയും

**2. അംഗസംഖ്യയ്ക്ക് ആനുപാതികമായി ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത രൂപതകൾ:**

I രാമനാഥപുരം രൂപത – 27.25 % – 3,000 രൂപയും മെമന്റോയും
II കോഴിക്കോട് രൂപത – 20.51 % – 2,000 രൂപയും മെമന്റോയും
III പാലക്കാട് രൂപത – 20.28 % – 1,000 രൂപയും മെമന്റോയും

**3. ഏറ്റവും കൂടുതൽ ആളുകളെ ചേർത്ത ഇടവകൾ:**

I സെന്റ് ജോർജ് കത്തീഡ്രൽ (കോതമംഗലം രൂപത) – 5,125
–3,000 രൂപയും മെമന്റോയും

II മർത്ത മറിയം ഫൊറോന ചർച്ച്, കുറവിലങ്ങാട് (പാല രൂപത) – 3,261
–2000 രൂപയും മെമന്റോയും

III സെന്റ് ജോർജ് ബസിലിക്ക, അങ്കമാലി (എറണാകുളം അതിരൂപത – 2,984
–1,000 രൂപയും മെമന്റോയും

### ലോഗോസ് ഒന്നും രണ്ടും സ്ഥാനക്കാർക്ക് എൻഡോവ്മെന്റു സാധ്യതകൾ

ലോഗോസ് ക്വിസ് സംസ്ഥാനതല വിജയികളുടെ സമ്മാനത്തുകകൾ വർദ്ധിപ്പിച്ചിരിക്കുന്നു. എല്ലാ വിഭാഗങ്ങളിലും ഒന്നാം സ്ഥാനക്കാർക്ക് 15000/– രൂപ, രണ്ടാം സ്ഥാനക്കാർക്ക് 10000/– രൂപ, മൂന്നാം സ്ഥാനക്കാർക്ക് 5000/– രൂപ, നാലാം സ്ഥാനക്കാർക്ക് 1000/– രൂപ, അഞ്ചാം സ്ഥാനക്കാർക്ക് 500/– രൂപ എന്നിങ്ങനെ ലഭിക്കുന്നതാണ്.

ആറു പ്രായവിഭാഗത്തിന് 5000/– രൂപ വീതം ലഭിക്കുന്നതിനായി കഴിഞ്ഞ വർഷം ഏർപ്പെടുത്തിയ എൻഡോവുമെന്റുകൾ :

A വിഭാഗം: ദൈവദാസൻ മോൺ. ലോറൻസ് പുളിയനത്ത് മെമ്മോറിയൽ എൻഡോവ്മെന്റ്
B വിഭാഗം: ദൈവദാസി മദർ ഏലീശ്വ മെമ്മോറിയൽ എൻഡോവ്മെന്റ്
C വിഭാഗം: ഒല്ലൂർ മൂക്കൻ ഔസേപ്പ് അന്തോണി മെമ്മോറിയൽ എൻഡോവ്മെന്റ്
D വിഭാഗം: ധന്യൻ മോൺ. മാത്യു കദളിക്കാട്ടിൽ മെമ്മോറിയൽ എൻഡോവ്മെന്റ്
E വിഭാഗം: ദൈവദാസൻ പുത്തൻപറമ്പിൽ തോമാച്ചൻ മെമ്മോറിയൽ എൻഡോവ്മെന്റ്
F വിഭാഗം: ജിമ്മി ജോർജ് തളിയത്ത് മെമ്മോറിയൽ എൻഡോവ്മെന്റ്

ലോഗോസ് സംസ്ഥാനതല ജേതാക്കളിൽ ഒന്നും രണ്ടും സ്ഥാനക്കാർക്ക് എൻഡോവുമെന്റുകൾ ഏർപ്പെടുത്താൻ ആഗ്രഹിക്കുന്നവർ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ഓഫീസുമായി ബന്ധപ്പെടുക: 0484 2805897.
Email: secretary@keralabiblesociety.com

# മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാ പുരസ്കാരം

കൊച്ചി: ദീർഘകാലം കെസിബിസി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം, വചനസർഗപ്രതിഭാപുരസ്കാരം ഏർപ്പെടുത്തി. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിനു കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണ് രജതജൂബിലി വർഷത്തിൽ പുരസ്കാരം ഏർപ്പെടുത്തുന്നത്. 25,000 രൂപ കാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

ജാതിമതഭേദമന്യേ നല്കുന്ന പുരസ്കാരത്തിനു വ്യക്തികളെയും സംരംഭങ്ങളെയും പ്രസ്ഥാനങ്ങളെയും പരിഗണിക്കും. വിശുദ്ധഗ്രന്ഥത്തോടു പുലർത്തുന്ന നീതി, സൃഷ്ടിയുടെ മൗലികത, കാലിക പ്രസക്തി, ക്രിയാത്മകത, ജനപ്രീതി, വ്യാപനം എന്നിവയായിരിക്കും അവാർഡിനുള്ള മാനദണ്ഡങ്ങൾ.

ഓരോ വർഷവും ഓരോ മേഖലയാണ് അവാർഡിനു പരിഗണിക്കുന്നത്. 2015ൽ ബൈബിൾ സാഹിത്യമാണ് പരിഗണനാമേഖല. മലയാളത്തിൽ വിരചിതമായ നോവൽ, കഥാസമാഹാരം, കവിതാസമാഹാരം, നാടകം, വിശുദ്ധനാടുയാത്രാവിവരണം എന്നിവയാണ് ഇതിൽപെടുന്നത്. അഞ്ചു വർഷത്തിനുള്ളിൽ പ്രസിദ്ധീകൃതങ്ങളായ കൃതികളേ പരിഗണിക്കപ്പെടുന്നുള്ളൂ.

വരുന്ന വർഷങ്ങളിൽ പരിഗണിക്കപ്പെടുന്ന മേഖലകൾ ബൈബിൾ വിജ്ഞാനീയം (മലയാളം), ബൈബിൾ ബാലസാഹിത്യവും ബൈബിൾ ഗെയിംസും (മലയാളം), ബൈബിൾ കലകൾ (സംഗീതം, നൃത്തം - രണ്ടും മലയാളത്തിൽ, പെയിന്റിംഗ്, ശില്പകല), ബൈബിൾ സൈബർ / ഡിജിറ്റൽ സൃഷ്ടികൾ (സിനിമ, ഹ്രസ്വചിത്രങ്ങൾ, ഓഡിയോ വീഡിയോ ഗെയിംസ്, വെബ്സൈറ്റ്, ബ്ലോഗ്, ആനിമേഷൻ, ആപ്ലിക്കേഷൻസ്) എന്നിവയാണ്.

കോതമംഗലം രൂപതാ കാര്യാലയവും പുന്നക്കോട്ടിൽ കുടുംബാംഗങ്ങളും സംയുക്തമായാണ് മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗപ്രതിഭാപുരസ്കാരത്തിനുള്ള എൻഡോവുമെന്റു തുക സംഭാവന ചെയ്തിട്ടുള്ളത്.

## ബൈബിൾ കോണ്ടാക്ട് ക്ലാസ്സ്



കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ പഠിക്കുന്നവർക്കും ചേരാൻ താത്പര്യമുള്ളവർക്കും വേണ്ടി 2015 മെയ് 09–ാം തീയതി പി.ഒ.സി.യിൽ വച്ച് ഒരു ഏകദിന കോണ്ടാക്ട് ക്ലാസ്സ് സംഘടിപ്പിക്കപ്പെട്ടു.

84 പേർ പങ്കെടുത്ത ക്ലാസ്സിൽ സംഖ്യ പുസ്തകത്തെ അധികരിച്ച് റവ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി ക്ലാസ്സു നയിച്ചു.

# പതിനാറാം അഖിലകേരള ലോഗോസ് ക്വിസ് – 2015

**പാഠഭാഗങ്ങൾ**
സംഖ്യ 1-10; സുഭാഷിതങ്ങൾ 1-9; യോഹന്നാന്റെ സുവിശേഷം 1-12; യൂദാസിന്റെ ലേഖനം

**രജിസ്ട്രേഷൻ അവസാനിക്കുന്നത്**: 2015 ജൂലൈ 31-ന്

**പരീക്ഷാ സമയം**
**രൂപതാതലം**: 2015 സെപ്തംബർ 27-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ

**സംസ്ഥാനതലം**: 2015 നവംബർ 27-29

- വിദേശ മലയാളികൾക്കായി ഓൺ ലൈൻ ലോഗോസ് ക്വിസ്
- ലോഗോസ് ക്വിസ് ചോദ്യങ്ങൾ ഇംഗ്ലീഷ്, മലയാളം, തമിഴ്, ഹിന്ദി ഭാഷയിലും
- ഓൺ ലൈൻ രജിസ്ട്രേഷൻ
- ടെലി സംപ്രേക്ഷണം
- ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനം.
- ലോഗോസ് സമർപ്പിത പ്രതിഭയ്ക്കും വിശുദ്ധനാട് തീർത്ഥാടനം

**ഗ്രൂപ്പുകൾ**

**A വിഭാഗം – 1.1.2004 നു ശേഷം ജനിച്ചവർ**
**B വിഭാഗം – 1.1.1999 നും 31.12.2003 നും ഇടയ്ക്ക് ജനിച്ചവർ**
**C വിഭാഗം – 1.1.1984 നും 31.12.1998 നും ഇടയ്ക്ക് ജനിച്ചവർ**
**D വിഭാഗം – 1.1.1964 നും 31.12.1983 നും ഇടയ്ക്ക് ജനിച്ചവർ**
**E വിഭാഗം – 1.1.1951 നും 31.12.1963 നും ഇടയ്ക്ക് ജനിച്ചവർ**
**F വിഭാഗം – 31.12.1950 നു മുമ്പ് ജനിച്ചവർ**

**സമ്മാനങ്ങൾ**

അഖില കേരളാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ ...

**ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനവും പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ ക്യാഷ് അവാർഡ് 25,000 രൂപയും. ലോഗോസ് പ്രതിഭയുടെ രൂപതയ്ക്ക് പാലയ്ക്കൽ തോമാ മല്പാൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫി.**

**ഓൺ-ലൈൻ രജിസ്ട്രേഷന്: www.logosquiz.org**

**visit: www.keralabiblesociety.com**

# ലോഗോസ് ബൈബിൾ ക്വിസ്സിൽ സമർപ്പിത പ്രതിഭാപുരസ്കാരവും

കൊച്ചി: കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയുടെ ലോഗോസ് ബൈബിൾ ക്വിസ്സിൽ സമർപ്പിത പ്രതിഭയ്ക്ക് ഇക്കുറി പ്രത്യേക പുരസ്കാരം. ഏപ്രിൽ 11നു ചേർന്ന ബൈബിൾ സൊസൈറ്റി മാനേജിംഗ് കൗൺസിൽ യോഗത്തിലാണ് തീരുമാനം.

ആഗോളസഭയിലെ സമർപ്പിതവർഷാചരണത്തോടനുബന്ധിച്ചാണു ലോഗോസ് സമർപ്പിത പ്രതിഭയെ തിരഞ്ഞെടുക്കുന്നത്. രൂപതാതലത്തിലെ രജിസ്ട്രേഷനോ പരീക്ഷാനടത്തിപ്പിനോ മൂല്യനിർണയത്തിനോ യാതൊരു മാറ്റവും ഉണ്ടായിരിക്കുകയില്ല. സംസ്ഥാന മത്സരത്തിനായി അല്മായരെന്നോ സന്ന്യസ്തരെന്നോ വ്യത്യാസം കൂടാതെ 6 പ്രായവിഭാഗങ്ങളിൽനിന്ന് 3 പേർ വീതമുള്ള 18 പേരുടെ ലിസ്റ്റിനു പുറമേ, പ്രായപരിഗണനയില്ലാതെ, സമർപ്പിതർക്കിടയിൽ നിന്ന് കൂടുതൽ മാർക്കു നേടിയിട്ടുള്ള 5 പേരുടെ പേരുകൾ കൂടി രൂപത ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാർ പി.ഒ.സിയിൽ നല്കുന്നതാണ്. ഇവർക്കുവേണ്ടി നവംബർ 27–ാം തീയതി രാവിലെ 10 മുതൽ 11.30 വരെ സമർപ്പിത ലോഗോസ് ക്വിസ് എഴുത്തുപരീക്ഷ നടത്തുന്നതാണ്. അതിൽ ഉയർന്ന മാർക്കു വാങ്ങുന്ന 6 പേർക്കായി സമർപ്പിത ലോഗോസ് ടെലിക്വിസ് ഉച്ചയ്ക്കുശേഷമോ പിറ്റേ ദിവസമോ നടക്കും. ഇതിലെ വിജയിയായിരിക്കും ലോഗോസ് സമർപ്പിത പ്രതിഭ. ലോഗോസ് സമർപ്പിത പ്രതിഭ ലോഗോസ് പ്രതിഭയ്ക്കായി നവംബർ 28, 29 തീയതികളിൽ നടക്കുന്ന മറ്റു ക്വിസ്സുകളിൽ പങ്കെടുക്കുന്നതല്ല. ലോഗോസ് പ്രതിഭയ്ക്കും ലോഗോസ് സമർപ്പിത പ്രതിഭയ്ക്കും വിശുദ്ധനാടു സന്ദർശനം ഉണ്ടായിരിക്കുന്നതാണ്.

അത്യാവേശത്തോടുകൂടിയാണ് സന്ന്യസ്തസഭകളുടെ മേജർ സുപ്പീരിയർമാരുടെ സംഘടനയായ KCMS ഈ തീരുമാനത്തെ വരവേല്ക്കുന്നത്. എല്ലാ സമർപ്പിതരും ഈ വർഷത്തെ ലോഗോസ് ക്വിസ്സിൽ പങ്കെടുക്കും എന്നാണ് ലഭിക്കുന്ന സൂചനകൾ. ലോകത്തിലെ ഏറ്റവും വലിയ ക്വിസ് മൽസരമെന്നറിയപ്പെടുന്ന ലോഗോസ് ക്വിസ്സിൽ ആറു ലക്ഷത്തോളം പേരാണ് മത്സരിക്കുന്നത്.

# സായാഹ്ന ബൈബിൾ ക്ലാസ്സ്



കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബുധനാഴ്ച സായാഹ്ന ബൈബിൾ ക്ലാസ്സ് വൈസ് ചെയർമാൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. 2015 ജൂൺ 10–ാം തീയതി പി.ഒ.സി.യിൽ വച്ചു നടന്ന ഉദ്ഘാടനസമ്മേളനത്തിൽ റവ. സി. നിമ സി.ടി.സിയും ശ്രീമതി കൊച്ചുത്രേസ്യാ സൈമണും ആശംസകളർപ്പിച്ചു. ഈ വർഷം 90 പേരാണ് 40 ആഴ്ചകൾ നീളുന്ന ബൈബിൾ പഠന കോഴ്സിൽ ചേർന്നിരിക്കുന്നത്.

# 2014ലെ ബൈബിൾ സാഹിത്യമത്സരവിജയികൾ

**കവിത**

1. അരുൺ ബോസ്‌ക്കോ ജെ., റോണി വില്ല., സെഞ്ച്വറി നഗർ–22, പള്ളിത്തോട്ടം പി.ഒ., കൊല്ലം – 691006 (വ്രതപൂർത്തി)
2. ഇ. എം. ജി. ചന്ദനപ്പള്ളി, ചന്ദനപ്പള്ളി പി.ഒ., പത്തനംതിട്ട – 689648 (സുവിശേഷത്തിന്റെ സന്തോഷം)
3. സി. രാജൻ, സന്തോഷ് ഭവൻ, അളവിൽ പി.ഒ., കണ്ണൂർ–670008 (അപ്പസ്തോലന്മാരുടെ അപ്പസ്തോല)

**ചെറുകഥ**

1. വിനോച്ചൻ എം.എ, മാളിയേക്കൽ ഹൗസ്, ഈസ്റ്റ് ഹിൽ, വെസ്റ്റ് ഹിൽ പി.ഒ. കോഴിക്കോട് –673005 (നികുതി വാഹക)
2. അമൽ അഗസ്റ്റിൻ, മദർ ഓഫ് ഗോഡ് കത്തീഡ്രൽ, കോഴിക്കോട് –673032 (പുതിയ ഗൊൽഗോത്തക്കായ്)
3. സീമോൻ ബാബു, മലിയംപറമ്പിൽ, ചുള്ളിക്കൽ, കൊച്ചി –682005, (രക്ഷിക്കപ്പെട്ട ഭവനം)

**ഏകാങ്കനാടകം**

1. സാബു തോമസ്, തെക്കനത്ത്, മലയാറ്റൂർ പി. ഒ., വിമലഗിരി –683587 (യാഹ്‌വെയിരെ)
2. ബാബു പല്ലശ്ശേരി, പല്ലശ്ശേരി ഹൗസ്, പട്ടേരിപുറം, ടൗൺ ലിമിറ്റ് റോഡ്, ആലുവ – 683101 (വംശവൃക്ഷം)
3. അഗസ്തികുട്ടി നാലപ്പാടൻ, പള്ളികുളം, കൊരട്ടി –680308 (സമ്മാനം)

**ലേഖനം (അല്മായർ)**

1. റോസി ജോൺ, കല്ലൂക്കാരൻ, ഇൻഫന്റ് ജീസസ് ചർച്ച്, കിടങ്ങൂർ, അങ്കമാലി
2. സിനി ജോൺസൻ, പുളിക്കൻ ഹൗസ്, കോർനിക്കര പി.ഒ., തൃശൂർ –680306
3. എം. ഒ. ജോയി, ഇൻഫന്റ് ജീസസ് ചർച്ച്, കിടങ്ങൂർ.

**ലേഖനം (സന്ന്യാസിനികൾ)**

1. സി. മരിയ അമല എ.സി., സെന്റ് തെരേസകോൺവെന്റ്, ബുർണ്ണാശ്ശേരിപി.ഒ., കണ്ണൂർ 670013, കണ്ണൂർ രൂപത
2. സി. മരിയ തെരേസ് എഫ്.സി.സി., എഫ്.സി.സി. ജനറലേറ്റ്, പോർസിയൂൻകുള, അശോകപുരം പി.ഒ. ആലുവ 683101
3. സി. ജെസ്സി തോമസ്സ് എം.എസ്.എസ്.റ്റി., ചെറുപുഷ്പ നിവാസ് കോൺവെന്റ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഉമയനല്ലൂർ പി.ഒ., കൊട്ടിയം –691589, കൊല്ലം.

**ലേഖനം (വൈദിക വിദ്യാർത്ഥികൾ)**

1. ബ്രദർ സിറിൾ പാലചുവട്ടിൽ, എസ്. എച്ച് മൈനർ സെമിനാരി, തൃക്കാക്കര
2. ബ്രദർ മാർട്ടിൻ മാളിയേക്കൽ കൂനൻ, III ഇയർ ഫിലോസഫി, സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി, മംഗലപ്പുഴ
3. ബ്രദർ ജോസഫ് എട്ടോളിൽ, ആർച്ച് ബിഷപ്പ്സ് ഹൗസ്, ചങ്ങനാശ്ശേരി – 686101

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ – 2015

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ്: 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ്: 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാമത്സരങ്ങൾക്കില്ല. **രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.**

അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു:

**ഗ്രൂപ്പ്നമ്പർ 1:** അല്മായർ
**വിഷയം: സമർപ്പിത ജീവിതവും അല്മായരും**
**ഗ്രൂപ്പ്നമ്പർ 2:** സെമിനാരി വിദ്യാർത്ഥികൾ
**വിഷയം: സഭാജീവിതത്തിൽ സമർപ്പിതരുടെ പങ്ക്**
**ഗ്രൂപ്പ്നമ്പർ 3:** സന്യാസിനികൾ
**വിഷയം: സമർപ്പിതരും സന്തോഷവും**

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO / DD) വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിനയയ്ക്കുന്നതിനുമുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ.സി.ബി.സി. ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2015 ഒക്ടോബർ 15 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നല്കുന്നതാണ്. നവംബർ 29നായിരിക്കും സമ്മാനദാനം.

| **മത്സര ഇനം** | **രജി. ഫീസ്** | First | Second | Third |
|---|---|---|---|---|
| 1. കവിത | 50 | 1500 | 1000 | 750 |
| 2. ചെറുകഥ | 50 | 1500 | 1000 | 750 |
| 3. ഏകാങ്കനാടകം | 50 | 1500 | 1000 | 750 |
| 4. ലേഖനം – 1 | 50 | 1500 | 1000 | 750 |
| 5. ലേഖനം – 2 | 50 | 1500 | 1000 | 750 |
| 6. ലേഖനം – 3 | 50 | 1500 | 1000 | 750 |

കൃതികൾ അയയ്ക്കേണ്ട വിലാസം: സെക്രട്ടറി, ബൈബിൾ കമ്മീഷൻ,
പി.ഒ.സി., പി.ബി.നമ്പർ 2251, പാലാരിവട്ടം, കൊച്ചി–682025.

# കെ.സി.ബി.എസ്. പയനിയർ സംഗമം

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ജൂബിലിയുടെ ഭാഗമായി കഴിഞ്ഞ 24 വർഷം സൊസൈറ്റിയെ നയിച്ച മുൻകാല വൈസ്ചെയർമാൻമാർ, സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ട്രഷറർമാർ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ സംഗമം 'കെ.സി.ബി.എസ്. പയനിയർ മീറ്റ്' എന്ന പേരിൽ ഒക്ടോബർ 11ാം തീയതി പി.ഒ.സി യിൽ നടന്നു.

വൈസ് ചെയർമാൻ ആന്റണി പാലിമറ്റത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം പി.ഒ.സി ഡയറക്ടർ ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് ഉദ്ഘാടനം ചെയ്തു. കേരള കത്തോ



ലിക്കാസഭയുടെ ബൈബിൾ മേഖലയ്ക്കുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ സംഭാവനകൾ ഒരിക്കലും വിസ്മരിക്കാനാവാത്തതാണെന്നും 24 വർഷങ്ങളായി സൊസൈറ്റിയുടെ ഭാരവാഹിത്വങ്ങളിൽ വ്യാപരിച്ച വ്യക്തികളുടെ ദീർഘ വീക്ഷണവും കഠിനാദ്ധ്വാനവുമാണ് ബൈബിൾ പ്രേഷിതത്വത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കിയതെന്നും അദ്ദേഹം പ്രസ്താവിച്ചു.

കത്തോലിക്കാ സഭയിലെ വിശ്വാസികളെ വചനജീവിതത്തിൽ നിലനിർത്താൻ ഒരു പരിധിവരെ സൊസൈറ്റിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് ശ്രീ. ആന്റണി പാലിമറ്റം തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ എടുത്തുപറഞ്ഞു. തിരുസഭയോടും തിരുവചനത്തോടുമുള്ള കത്തോലിക്കരുടെ പ്രതിബദ്ധതയാണ് ബൈബിൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കുന്നത്.

സെക്രട്ടറി റവ. ഡോ. ജോഷി മയ്യാറ്റിൽ ഒരു വർഷം നീണ്ടു നില്ക്കുന്ന ജൂബിലി വർഷ പ്രവർത്തനങ്ങൾ വിവരിച്ചു. മുൻ വൈസ്ചെയർമാൻമാരായ അഗസ്റ്റിൻ മാഷ് (മൂക്കന്നൂർ), ജോൺസൺ കാഞ്ഞിരത്തിങ്കൽ (തൃശൂർ), മുൻ ജോയിന്റ് സെക്രട്ടറി സാബു ജോസ് (എറണാകുളം) എന്നിവർ കഴിഞ്ഞ 24 വർഷങ്ങളിലെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു.

'ജൂബിലി ബൈബിൾ മിഷൻ അമ്പാസിഡർ' പ്രൊജക്ടിലേക്ക് ഒരു ലക്ഷം രൂപ നല്കിക്കൊണ്ട് ജോൺസൺ കാഞ്ഞിരത്തിങ്കൽ പ്രഥമ 'അമ്പാസിഡറും' പ്രൊജക്ട് കമ്മിറ്റിയുടെ കൺവീനറുമായി. ജോയിന്റ് സെക്രട്ടറി ജിസ്മോൻ തുടിയം പ്ലാക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. ബൈബിൾ മിഷനെക്കുറിച്ച് ജോസഫ് പന്തംപ്ലാക്കലും, മെമ്പർഷിപ്പ് ക്യാമ്പയിനെക്കുറിച്ച് ജാൻസി ജേക്കബും, ആക്സിസിബിൾ ബൈബിൾ, സൈൻ ബൈബിൾ എന്നിവയെക്കുറിച്ച് ആന്റണി സച്ചിനും സംസാരിച്ചു. സെക്രട്ടറി ഫാ. ജോഷി മയ്യാറ്റിൽ സ്വാഗതവും ട്രഷറർ സി. നിമ സി.റ്റി.സി നന്ദിയും അറിയിച്ചു.

# ജൂബിലി ബൈബിൾ മിഷൻ പ്രോജക്റ്റ്

കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ രജത ജൂബിലി വർഷത്തിൽ ജാതിമത ഭേദമന്യേ യോഗ്യരായവർക്ക് സൗജന്യമായി ബൈബിൾ വിതരണം ചെയ്യാനുള്ള പദ്ധതിയാണിത്.

**ബൈബിൾ മിഷൻ അംബാസിഡർ**



*അംബാസിഡർമാരിൽ ഏതാനും പേർ: ശ്രീ. ജോൺസൺ കാഞ്ഞിരത്തിങ്കൽ, ശ്രീ. O.T. അലക്സാണ്ടർ, ശ്രീ. എൽവിസ് കോട്ടൂരാൻ, ശ്രീ. ആന്റണി കുര്യൻ, ഡോ. റെക്സ് തോമസ്, ശ്രീ. സജീവ് സെബാസ്റ്റ്യൻ, ശ്രീ. മാത്യു പോൾ, ശ്രീമതി മേരി M.P.*

ഈ ഉദ്ദേശ്യത്തിനായി ഒരു ലക്ഷം രൂപ സംഭാവന ചെയ്യുന്ന 100 വ്യക്തികളെ ജൂബിലി ബൈബിൾ മിഷൻ അംബാസിഡർമാരായി പ്രഖ്യാപിക്കുന്നു. അവർ നല്കുന്ന ഒരു ലക്ഷം രൂപയിൽനിന്ന് 20,000/- രൂപ സ്പോൺസർ ലൈഫ് അംഗത്വത്തിനായും, ശേഷം 80,000/- രൂപ സൗജന്യ ബൈബിൾ വിതരണത്തിനായും ചെലവഴിക്കുന്നു. അംബാസിഡർമാരുടെ സംഭാവനകൾ ജൂബിലി വർഷത്തിൽ തന്നെ നിശ്ചിത കാലയളവിനുള്ളിൽ ബൈബിൾ വിതരണത്തിനായി ചെലവഴിച്ചിരിക്കും. അംബാസിഡർമാർക്ക് ബൈബിൾ വിതരണത്തിലും പങ്കാളിത്തം ഉണ്ടാകും. ആവശ്യമെങ്കിൽ നേരിട്ട് വിതരണം ചെയ്യാനായി അവർക്ക് 200 ബൈബിളുകൾ ലഭിക്കുന്നതാണ്.

ജൂബിലി ബൈബിൾ അംബാസിഡർമാരായി മുന്നോട്ടു വരുന്നവർക്ക് പ്രത്യേക ജൂബിലി സർട്ടിഫിക്കറ്റ് സമ്മാനിക്കുന്നതും ജൂബിലി മീറ്റിങ്ങുകളിൽ പ്രത്യേക സ്ഥാനം നല്കുന്നതുമായിരിക്കും. വിദേശങ്ങളിൽ ഉള്ള മലയാളികൾക്കും അംബാസിഡർമാർ ആകാവുന്നതാണ്.

**ബൈബിൾ വിതരണം**

രജത ജൂബിലി വർഷോദ്ഘാടനത്തിൽ ബൈബിൾ സൊസൈറ്റി ചെയർമാൻ ആർച്ചുബിഷപ്പ് സൂസൈ പാക്യം പ്രഖ്യാപിച്ച ജൂബിലി ബൈബിൾ മിഷൻ പ്രോജക്ട്



നടപ്പിലായിത്തുടങ്ങി. മാർച്ച് 12ന് പി.ഒ.സി.യിൽ ചേർന്ന ജൂബിലി ബൈബിൾ മിഷൻ അംബാസിഡർമാരുടെ യോഗത്തിൽ വച്ച് പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് ബൈബിളിന്റെ വിതരണോദ്ഘാടനം നിർവഹിച്ചു.

ഇതിനകം കേരളത്തിലെ 31 രൂപതകളിലെ അഭിവന്ദ്യ രൂപതാധ്യക്ഷൻമാർക്ക്

സ്വന്തം രൂപതയിൽ സൗജന്യമായി വിതരണം ചെയ്യുന്നതിനായി 200 ബൈബിളു കൾ വീതം നല്കി. കൂടാതെ ആശുപത്രികൾ, കോളനികൾ, നൊവേനകേന്ദ്രങ്ങൾ, തീർത്ഥാടനകേന്ദ്രങ്ങൾ, ധ്യാനകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ 4500 ബൈബിളുകൾ വിതരണം ചെയ്തുകഴിഞ്ഞു. ജൂബിലി ബൈബിൾ മിഷൻ പ്രോജക്ടിനു വേണ്ടി യുള്ള കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് ഇതു നടക്കുന്നത്.

ഇനിയും അംബാസിഡർമാരെ പ്രതീക്ഷിക്കുന്നു. ബൈബിൾ മിഷൻ പ്രോജ ക്ടിനായി ഒരു ബാങ്ക് അക്കൗണ്ട് തുറന്നിട്ടുണ്ട്: M/S. Jubilee Bible Mission A/c No. 0423053000007115 (IFSC: SIBL0000423; SWIFT: SOININ55) in the Vennala branch of The South Indian Bank.

# കലകൾ വളരുന്നത് ഈശ്വരൻ വസിക്കുന്ന ഹൃദയങ്ങളിൽ

**–ആർച്ച് ബിഷപ്പ് ഡോ. സൂസൈപാക്യം**



തിരുവനന്തപുരം: മനസ്സിന് കുളിർമയും ജീവിതത്തിന് അർത്ഥവും സന്തോഷവും നല്കുന്നവരായിരിക്കണം കലാകാരൻമാരെന്ന് കെസിബിസി ബൈബിൾ കമ്മീഷൻ ചെയർമാനും തിരുവനന്തപുരം ലത്തീൻ അതിരൂപതാധ്യക്ഷനുമായ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം പ്രസ്താവിച്ചു. ഈശ്വരൻ വസിക്കുന്ന ഹൃദയങ്ങളിലാണ് കലകൾ വളരുന്നത്. അതിനാൽ കലാകാരൻ ഒരു പ്രേഷിതനാണെന്നും ആർച്ച്ബിഷപ്പ് പറ ഞ്ഞു. കെസിബിസിയുടെ 26–ാമത് ബൈബിൾ കലോത്സവം കഴക്കൂട്ടം മരിയൻ എഞ്ചി നീയറിംഗ് കോളേജിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വാസ്തവമല്ലാത്തതിനെ വാസ്തവമാക്കി അവതരിപ്പിച്ച് പ്രശംസ നേടാൻ കലാ കാരനു കഴിയും. അതേ സമയം, വാസ്തവമുള്ളതിനെ വാസ്തവമില്ലാത്തതുപോലെ അവതരിപ്പിക്കുന്നതുകൊണ്ടാണ് പലപ്പോഴും ദൈവവചനം ആരും ശ്രദ്ധിക്കാതെ പോകുന്നത്. ദൈവസ്നേഹം തുളുമ്പുന്ന രീതിയിൽ കലകൾ ഫലപ്രദമായി അവത രിപ്പിക്കാൻ കഴിയണം. ജീവിതത്തിൽ യാഥാർത്ഥ്യമാകേണ്ടവയാണ് കലാകാരൻ കല യിലൂടെ അവതരിപ്പിക്കേണ്ടത് – ആർച്ച് ബിഷപ്പ് പറഞ്ഞു.



രണ്ട് ദിവസങ്ങളിലായി നടന്ന ബൈബിൾ കലോത്സവത്തിൽ കേരളത്തിലെ വ്യത്യസ്ത രൂപതകളിൽ നിന്നായി 2000ൽ പരം കലാകാരൻമാർ പങ്കെടുത്തു. വരാപ്പുഴ അതിരൂപത 181 പോയിന്റോടെ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. 170 പോയിന്റോ

ടെ കൊല്ലം രൂപതയ്ക്കാണ് രണ്ടാം സ്ഥാനം. 162 പോയിന്റോടെ എറണാകുളം-അങ്കമാലി അതിരൂപതയാണ് മൂന്നാം സ്ഥാനത്ത്.



സമാപനസമ്മേളനം നെയ്യാറ്റിൻകര രൂപതാധ്യക്ഷൻ ബിഷപ്പ് ഡോ. വിൻസെന്റ് സാമുവൽ ഉദ്ഘാടനം ചെയ്ത് ട്രോഫികൾ സമ്മാനിച്ചു. കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോസ് കോട്ടയിൽ അധ്യക്ഷത വഹിച്ചു.







## ശ്രീമതി ജാൻസി ജേക്കബും റവ. സി. മേരി ട്രീസ സി.ടി.സിയും മികച്ച ബൈബിൾ പ്രൊമോട്ടർമാർ

2014–2015 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർക്കുകയും ഏറ്റവും കൂടുതൽ തുക സമാഹരിക്കുകയും ചെയ്ത് മികച്ച പ്രൊമോട്ടറായ കൊച്ചി രൂപതാംഗം ശ്രീമതി ജാൻസി ജേക്കബ്. ജൂബിലിവർഷത്തിന്റെ തീവ്ര അംഗത്വശേഖരണത്തിൽ ഏറ്റവും കൂടുതൽ അംഗങ്ങളെ ചേർത്തതും ശ്രീമതി ജാൻസി ജേക്കബാണ്.



കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ ജൂബിലിവർഷത്തോടനുബന്ധിച്ച് നടത്തിയ തീവ്ര അംഗത്വശേഖരണത്തിൽ ഏറ്റവും കൂടുതൽ തുക സമാഹരിച്ച് മികച്ച പ്രൊമോട്ടറായ വരാപ്പുഴ രൂപതാംഗം റവ. സി. മേരി ട്രീസ സി.ടി.സി.

## ഒരു ക്ഷമാപണം

ഈ വർഷം കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയിൽ പുതുമുഖങ്ങളായി എത്തിയവരുടെ എണ്ണം 2611 ആണ്. എല്ലാവരുടെയും പേരുവിവരം നല്കുന്നത് പ്രായോഗികമല്ലാത്തതിനാൽ അത് ഒഴിവാക്കുകയാണ്. സദയം ക്ഷമിക്കുക. സൊസൈറ്റിയിലെ പുതുമുഖങ്ങളുടെ പേര് വിവരങ്ങൾ www.keralabiblesociety.com - ൽ കാണാവുന്നതാണ്.

## ബൈബിൾ വിതരണം

2014–2015 സാമ്പത്തികവർഷം ബൈബിൾ സൊസൈറ്റി അംഗങ്ങൾക്ക് സബ്സിഡി നിരക്കിൽ 13,761 ബൈബിളുകൾ നല്കപ്പെട്ടു. ഇതിനായി 5,60,745 രൂപ സൊസൈറ്റി ചെലവഴിച്ചു. പുതുതായി ചേർന്ന അംഗങ്ങൾക്കായി 6379 ബൈബിളുകൾ സൗജന്യമായി നല്കുകയുണ്ടായി.

## അംഗത്വനില

ലഭ്യമായ കണക്കുകളനുസരിച്ച് 2015 മാർച്ച് 31–ാം തീയതി വരെ സൊസൈറ്റിയിൽ ആകെ 13,284 അംഗങ്ങളുണ്ട്. ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തിൽ **2611 പേർ സൊസൈറ്റിയിൽ പുതുമുഖങ്ങളായി** എത്തിയിട്ടുണ്ട്. നടപ്പുവർഷം ഏറ്റവും കൂടുതൽ തുക സമാഹരിച്ച് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ അവാർഡിന് എറണാകുളം–അങ്കമാലി അതിരൂപത അർഹമായി.

**സൊസൈറ്റി അംഗത്വത്തിന്റെ നില വെളിവാക്കുന്ന പട്ടിക**

| അംഗത്വം | പുതുക്കിയ നിരക്ക് | 11.12.90 മുതൽ 31.3.14 വരെ | 1.4.13 മുതൽ 31.3.15 വരെ | ആകെ * |
|---|---|---|---|---|
| ഓർഡിനറി | 500 | 6897–16 | 314 | 7195 |
| സ്പെഷ്യൽ | 1000 | 971 | 1972+16 | 2959 |
| ലൈഫ് | 2000 | 2213 | 241 | 2454 |
| സ്പെഷ്യൽ ലൈഫ് | 10000 | 156 | 6 | 162 |
| സ്പോൺസർ ലൈഫ് | 20000 | 56 | 12 | 68 |
| ഇൻസ്റ്റിറ്റ്യൂഷൻ | 20000 | 169 | 27 | 196 |
| പാരിഷ് ഓർഡിനറി | 5000 | 181 | 23 | 204 |
| പാരിഷ് ലൈഫ് | 20000 | 30 | 16 | 46 |
| **ആകെ** | | **10,657** | **2627** | **13,284** |

* അപ്ഗ്രേഡു ചെയ്ത അംഗത്വങ്ങൾ ഉൾപ്പെടെ

## ബൈബിൾ വായനാ കലണ്ടർ

2014 നവംബർ 30–ന് ജൂബിലിവർഷ ഉദ്ഘാടനചടങ്ങിൽ വച്ച് സൗത്ത് ഇന്ത്യൻ ബാങ്ക് വൈസ് ചെയർമാൻ ശ്രീ ജേക്കബ് കാവാലം ആദ്യകോപ്പി നല്കിക്കൊണ്ട് അഭിവന്ദ്യ സൂസൈപാക്യം പിതാവ് ബൈബിൾ കലണ്ടർ 2015 പ്രകാശനം ചെയ്തു. മൂന്നു റീത്തുകളുടെയും ആരാധനക്രമവായനകൾ ഒരു കലണ്ടറിൽ ക്രമപ്പെടുത്തി. ഇടവകകളിലും കുടുംബങ്ങളിലും വ്യക്തിജീവിതത്തിലും ആരാധനക്രമാധിഷ്ഠിതമായ ബൈബിൾ വായനയ്ക്ക് സഹായകമാണിത്. മൾട്ടികളർ ചിത്രങ്ങളോടുകൂടി ആറ് പേജുകളിലായി ആർട്ട് പേപ്പറിൽ 25000 കലണ്ടറുകൾ അച്ചടിപ്പിച്ചു. ഈ കലണ്ടറുകൾ അച്ചടിപ്പിക്കുന്നതിന് സഹായസഹകരണങ്ങൾ ചെയ്ത സൗത്ത് ഇന്ത്യൻ ബാങ്ക് അധികാരികളെ നന്ദിയോടെ സ്മരിക്കുന്നു.